www.malankaralibrary.com

അരിവാളും കുരിശും | ദീപവും ദീപപീഠവും | സഭയുടെ സ്വരം | യോഗസാധന

Vol. 9 No.02 February 2012

# കാരുണികൻ

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## പരിസ്ഥിതി

- പരിസ്ഥിതിയും ക്രൈസ്തവധർമ്മവും
- പ്രധാനപരിസ്ഥിതി പ്രശ്നങ്ങൾ
- പരിസ്ഥിതിയിലെ സ്ത്രീപക്ഷ ചിന്തകൾ

www.malankaralibrary.com



പരിസ്ഥിതിയാണ് ഇത്തവണത്തെ കവർ സ്റ്റോറി. ആഗോളസഭ പരിസ്ഥിതി പ്രശ്നങ്ങളെ ധാർമ്മിക പ്രശ്നമായി കരുതാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. എന്നിട്ടും കേരളസഭയുടെ പ്രായോഗികതലങ്ങളെ ഇത് കാര്യമായി സ്വാധീനിച്ചിട്ടില്ല. മനസ്സുവച്ചാൽ പരിസ്ഥിതിപ്രശ്നങ്ങളുടെ പരിഹാരത്തിനായി ഫലപ്രദമായ മുന്നേറ്റം നടത്താൻ കഴിവും നെറ്റ്‌വർക്കുമുള്ള പ്രസ്ഥാനമാണ് കേരളത്തിലെ സഭ.

പ്രധാന പരിസ്ഥിതിപ്രശ്നങ്ങൾ, പരിസ്ഥിതിയും ക്രൈസ്തവധർമവും, പരിസ്ഥിതിയിലെ സ്ത്രീപക്ഷ ചിന്തകൾ എന്നിവയാണ് പ്രധാന ലേഖനങ്ങൾ. അതോടൊപ്പം സ്ഥിര പംക്തികളും, ചില ആനുകാലികങ്ങളും.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com

K.C.B.C. BIBLE COMMISSION ★ KERALA CATHOLIC BIBLE SOCIETY

# LOGOS QUIZ

## 2011 ഫൈനൽ
## ഗുഡ്നസ്സ് (ഡിവൈൻ) ടിവിയിൽ

### 2012 ഫെബ്രുവരി 25 ശനിയാഴ്ച മുതൽ

എല്ലാ ശനിയാഴ്ചയും രാത്രി 9.30 - 10.00

എല്ലാ ചൊവ്വാഴ്ചയും രാത്രി 11.00 - 11.30

എല്ലാ വ്യാഴാഴ്ചയും ഉച്ചകഴിഞ്ഞ് 2.30 - 3.00

**Asianet Digital Cable Channel no. 672 ലും**
**മറ്റെല്ലാ കേബിൾ നെറ്റ് വർക്കുകളിലും ലഭിക്കുന്നു**

ബന്ധപ്പെടുക:

ഫാ. ജോഷി മയ്യാറ്റിൽ 9496282032

ഫാ. ജെയ്സൺ വെട്ടിയാടൻ 9447830272

ബഹു. വികാരിയച്ചൻമാർ ഈ വിവരം
പള്ളിയിൽ വിളിച്ചറിയിക്കാൻ താല്പ്പര്യപ്പെടുന്നു.

www.malankaralibrary.com

# Certificate Course On Communications

The CBCI Commission for Social Communications in association with 'Nobi Communications' (Norbertine Fathers) is glad to announce one-week course for priests and religious on Communications for Pastoral Leadership. The course will be a blend of theory and practice. Participants are expected to bring laptops.

**Course Outline**

- Spirituality of Social Communications
- Media education
- Basic video production and editing
- Basic animation with PowerPoint
- Effective speaking
- Church and media: theoretical perspectives
- Audio-visual language
- Media languages: journalism, film and internet
- Image editing in Photoshop

Date: 13 - 19 May 2012
Place: Bangalore
Fee: Rs. 4000/--
Seats Available: 20

For details, please contact:

**Dr. Jose Murickan O.Praem**
National Coordinator for Formation in Communications
St. Augustine Study House, Kasavanahally,
Carmelaram P.ON Bangalore - 560 035,
Tel: 080-25920481, (0)9986724381, E-mail: jmurickan@gmail.com

www.malankaralibrary.com



കാരുണികൻ

പുസ്തകം ഒൻപത് ലക്കം രണ്ട്
2012 ഫെബ്രുവരി

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**മാർക്കറ്റിംഗ് മാനേജർ**
വിൽസൺ മേച്ചേരിൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## നേതാക്കൾ മുമ്പിൽനിന്ന് നയിക്കട്ടെ!

ബേബിച്ചേട്ടൻ സാധുവായിരുന്നു. ആർക്കും ഒരു ഉപദ്രവവും ചെയ്യാത്ത സത്യക്രിസ്ത്യാനി. അതുകൊണ്ടുതന്നെ അയാൾ പലപ്പോഴും ജീവിതത്തിൽ പറ്റിക്കപ്പെട്ടു. യൗവനത്തിൽ തന്നെ കള്ളക്കേസിൽ പ്രതിയായി ജോലി നഷ്ടമായി. പിന്നീട് പലയിടത്തും പതിവായി കണക്കെഴുതിയാണ് അദ്ദേഹം കുടുംബം പുലർത്തിയിരുന്നത്.

പെട്ടെന്നൊരു ദിവസം ബേബിച്ചേട്ടന് നെഞ്ചുവേദന അനുഭവപ്പെട്ടു. അയാൾ അത് കാര്യമായി എടുത്തില്ല. വായുകോപിച്ചതാണെന്നു പറഞ്ഞ് വായുഗുളിക കഴിച്ചു നോക്കി. കുറയാതെ വന്നപ്പോൾ വീട്ടുകാരും നാട്ടുകാരും കൂടി അയാളെ നിർബന്ധിച്ചു തൊട്ടടുത്ത ആശുപത്രിയിൽ കൊണ്ടുപോയി. അവർ അയാളെ എറണാകുളത്തെ പ്രശസ്തമായൊരു സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തു. അവിടെയെത്തിയതോടെ രോഗം കണ്ടുപിടിക്കപ്പെട്ടു. ഹൃദയത്തിന്റെ വാൽവിന് 3 ബ്ലോക്ക്. ഉടനെ ആൻജിയോപ്ലാസ്റ്റി ചെയ്യണം. കുറഞ്ഞത് 3 ലക്ഷം രൂപയെങ്കിലും വേണം. അടുത്ത ദിവസം കാശുംകൊണ്ടുവരാമെന്ന് പറഞ്ഞു ബേബിച്ചേട്ടൻ ആശുപത്രി വിട്ടു. പിന്നീടയാൾ അവിടേക്ക് തിരിഞ്ഞുനോക്കിയില്ല. ആറുമാസം കഴിഞ്ഞ് അവശനായി ബേബിച്ചേട്ടൻ മരിച്ചു.

ആശുപത്രികളിൽ നഴ്സുമാർ സമരം തുടങ്ങിയിട്ട് മാസങ്ങളായി. ഒന്നിനു പിറകെ മറ്റൊന്നായി ആശുപത്രികളിലേക്ക് അവരുടെ സമരം പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ലേക്ഷോറും കോലഞ്ചേരി മെഡിക്കൽ കോളേജുമായിരുന്നു പരമ്പരയിലെ അവസാനത്തെ കണ്ണികൾ. കോലഞ്ചേരിയിലെ എച്ച്. ആർ. മാനേജർ തൊഴിൽ മന്ത്രിയുടെ നിർദ്ദേശത്തോട് പ്രതികരിച്ചത് നമ്മൾ ശ്രദ്ധിക്കണം. സർക്കാർ നിർദ്ദേശിക്കുന്ന ശമ്പളം നേഴ്സുമാർക്ക് നൽകേണ്ടിവരുമ്പോൾ ആശുപത്രിക്കുണ്ടാകുന്ന നഷ്ടം നികത്താൻ വിധിക്കപ്പെടുന്നത് രോഗികളായിരിക്കുമെന്ന്! എന്നിട്ട് വരാൻ പോകുന്ന സാമ്പത്തിക ബാധ്യതകളുടെ കണക്കും അദ്ദേഹം നിരത്തി.

ഇപ്പോൾ തന്നെ ആശുപത്രിച്ചിലവ് സാധാരണക്കാരന് താങ്ങാൻ സാധിക്കുന്നതിനും അപ്പുറമാണ്. അതുകൊണ്ടുതന്നെ അമിത സാമ്പത്തിക ഭാരമുണ്ടാക്കുന്ന ചികിത്സ വേണ്ടെന്ന് വച്ച് മരണത്തെ മൗനമായി സ്വാഗതം ചെയ്യുന്ന സാധാരണക്കാരുടെ എണ്ണം വർധിച്ചുവരികയാണ്. സമൂഹത്തിന്റെ മേൽത്തട്ടിൽ ജീവിക്കുന്ന നേതാക്കളും അസാധാരണ

www.malankaralibrary.com

പൗരന്മാരും ഉള്ളുപൊള്ളിക്കുന്ന ഈ ജീവിതയാഥാർത്ഥ്യം അറിയുന്നുണ്ടോ എന്നതാണ് സംശയം?

ഒരു ഫൊറോന പള്ളിയിൽ വച്ചായിരുന്നു ഞാൻ ആ ശെമ്മാശനെ കണ്ടുമുട്ടിയത്. ഞായറാഴ്ച ശുശ്രൂഷകളിൽ സഹായിക്കാനായി സെമിനാരിയിൽ നിന്നും എത്തിയതായിരുന്നു അവൻ. അസാധാരണ പ്രസരിപ്പും സന്തോഷവുമായി അവൻ കുട്ടികളുടെയും യുവാക്കളുടെയും കൂടെ ഓടി നടക്കുകയായിരുന്നു. ആർക്കും പെട്ടെന്ന് ഇഷ്ടപ്പെടുന്ന പെരുമാറ്റം.

വീണുകിട്ടിയ സ്വകാര്യ നിമിഷത്തിൽ ഞാൻ വീട്ട് വിശേഷം ചോദിച്ചു. അപ്പനും ഒരു ജേഷ്ഠനും വീട്ടിലുണ്ട്. അമ്മ കഴിഞ്ഞ വർഷം മരിച്ചുപോയെന്ന് പറയുമ്പോൾ അവന്റെ കണ്ണു നിറഞ്ഞു. മരണകാരണം കേട്ടാൽ നിങ്ങളുടേയും കണ്ണു നിറയും. ചെറുപ്പക്കാരത്തിയായ അവന്റെ അമ്മക്ക് ബ്രെസ്റ്റ് ക്യാൻസറായിരുന്നു. അതറിഞ്ഞിട്ടും ആ അമ്മ ആരെയും അറിയിക്കാതെ, ആശുപത്രിയിൽ പോകാതെ വേദനയെല്ലാം സ്വയം സഹിച്ച് മരണത്തിലേക്ക് പതിയെപ്പതിയെ നടന്നുനീങ്ങി. കാരണം എന്താണെന്നോ? ചികിത്സ തുടങ്ങിയാൽ വീടും പറമ്പും വിറ്റ് കുടുംബം അന്യാധീനമായിപ്പോകുമെന്ന പേടി. എന്നാൽ തിരിച്ചു കിട്ടിയേക്കാവുന്നതോ അൽപംകൂടി നീട്ടിക്കിട്ടാവുന്ന ആയുസ്സും– ഇതായിരുന്നു ചികിത്സയും ആശുപത്രിയും വേണ്ടെന്നു വയ്ക്കാനുള്ള ആ അമ്മയുടെ ന്യായം. അമിതമായ സാമ്പത്തികഭാരം നിമിത്തം മരുന്നും ചികിത്സയും വേണ്ടെന്നുവയ്ക്കുന്നവരുടെ എണ്ണം നമ്മുടെയിടയിൽ കൂടിവരികയല്ലേ?

ഒരു മിഷൻ പ്രദേശം. ഗ്രാമങ്ങൾ കേന്ദ്രീകരിച്ചാണ് അവിടെ പ്രധാന മിഷൻ പ്രവർത്തനം. ചെന്നെത്തുന്ന ഗ്രാമകേന്ദ്രങ്ങളിലെല്ലാം മിഷനറിമാർ ആദ്യം ആരംഭിക്കുന്നത് രണ്ട് സ്ഥാപനങ്ങളാണ് – ഒരു പള്ളിക്കൂടവും ഒരു ക്ലിനിക്കും. രണ്ടിനും ആവശ്യമായി വരുന്നതോ രണ്ടു ചെറിയ ഓലപ്പുരകളും! പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം സൗജന്യം. ക്ലിനിക്കിൽ മരുന്നിനുപോലും കാശുവാങ്ങിക്കില്ല. രണ്ടിടത്തും സേവനം ചെയ്യുന്നതോ കന്യാസ്ത്രീകളും.

അറിവും ആരോഗ്യവുമായിരുന്നു എന്നും ക്രൈസ്തവ സഭയുടെ രണ്ട് പ്രധാന ശുശ്രൂഷാ മേഖലകൾ. കേരളത്തിലും ഇതു തന്നെയായിരുന്നു അവസ്ഥ. അതിനാലാണ് പള്ളിയോടു ചേർന്ന് പള്ളിക്കൂടവും മിഷൻ ആശുപത്രിയും പണ്ടുമുതലേ പച്ചപിടിച്ചത്.

എന്നാലിന്ന് ഏറ്റവുമധികം അനീതിയും അക്രമവും നടക്കുന്ന മേഖല ഏതാണെന്നു ചോദിച്ചാൽ ഒരു ഉത്തരമേയുണ്ടാകൂ – ആരോഗ്യമേഖല. ജീവൻരക്ഷാ മരുന്നുകൾക്ക് ന്യായമായതിലും എത്ര ഇരട്ടി വിലയാണ് നിലവിലിരിക്കുന്നത്? ടെസ്റ്റിനും, ഓപ്പറേഷനും ചികിത്സയ്ക്കും ഡോക്ടർമാർ കമ്മീഷൻ കൈപ്പറ്റുന്ന രീതി നമ്മുടെ ആശുപത്രികളിൽ സർവ്വസാധാരണമല്ലേ? ഡോക്ടർമാരുടെ അന്യായമായ ശമ്പളം കറുത്തതും വെളുത്തതുമായി കൈപ്പറ്റുന്ന രീതിയും എല്ലാവരും അംഗീകരിച്ചു കഴിഞ്ഞില്ലേ? ഇതിന്റെയെല്ലാം അമിതഭാരം ചുമക്കേണ്ടത് അവശനായ രോഗിതന്നെയല്ലേ?

എന്താണൊരു പോം വഴി? ആരോഗ്യമേഖലയിൽ ക്രൈസ്തവ സഭ ഇന്നും നിർണ്ണായക ശക്തി തന്നെയാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിലെ ജീവൽപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ മുൻകൈ എടുക്കേണ്ടത് സഭാനേതൃത്വത്തിന്റെ കടമ തന്നെയാണ്. ആരോഗ്യ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെ പഠിക്കാനും അവയ്ക്കു കാരണമായി നിൽക്കുന്ന അനീതിയും ചൂഷണവും അവസാനിപ്പിക്കുന്നതിൽ മാതൃകാപരമായ ധൈര്യം കാണിക്കാനും ക്രൈസ്തവ നേതൃത്വത്തിന് കഴിയണം.

ചികിത്സയുടെയും മരുന്നിന്റെയും അമിത വിലപോലെ തന്നെ പ്രധാന പ്രശ്നമാണ്; ഡോക്ടറുടെ ശമ്പളവും. ഇതിന്റെ ഗൗരവം മനസ്സിലാകണമെങ്കിൽ ഡോക്ടർമാരുടെ സർക്കാർ ശമ്പളവും സ്വകാര്യ

www.malankaralibrary.com

ആശുപത്രികളിലെ ശമ്പളവും തമ്മിൽ താരതമ്യം ചെയ്താൽ മതി. സർക്കാർ ശമ്പളത്തേക്കാൾ എത്രയോ ഇരട്ടി കൂടുതലായിരിക്കും പല സ്വകാര്യ ആശുപത്രികളിലേയും ഡോക്ടർമാരുടെ ശമ്പളം. എന്നാൽ നേഴ്സുമാരുടെ ഗതി നേരേ തിരിച്ചും.

ശമ്പളം കുറച്ചാലോ ബ്ലാക്കിൽ തരില്ലെന്നു പറഞ്ഞാലോ നല്ല ഡോക്ടർമാർ മറ്റു ആശുപത്രികളിലേക്ക് പോകുമെന്നാണ് പലപ്പോഴും പറഞ്ഞു കേൾക്കുന്ന പേടി. ഇവിടെയാണ് ക്രൈസ്തവ സഭകൾക്ക് തിരുത്തൽ ശക്തിയാകാൻ സാധിക്കുന്നത്.

സ്വാശ്രയപ്രശ്നത്തിന്റെ ഏറ്റവും നല്ല പാർശ്വഫലം എക്യുമെനിസമായിരുന്നു. കേരളത്തിലെ ക്രൈസ്തവ സഭകളെയെല്ലാം ഒരു മേശക്ക് ചുറ്റും സ്നേഹത്തോടെ ഒരുമിച്ചുകൂട്ടിയതിന്റെ സർവ്വ ക്രെഡിറ്റും അഭിവന്ദ്യ പവ്വത്തിൽ പിതാവിന് കൊടുക്കണം. സഭകൾക്കെല്ലാം ഒന്നിക്കാനും ഒരുമിച്ചു നിൽക്കാനും പറ്റുമെന്നതിൽ ഇന്നാർക്കും സംശയമില്ല. ഇതേ ഐക്യം തന്നെയാണ് ആരോഗ്യ മേഖലയിലെ മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നാം ഉപയോഗിക്കേണ്ടത്.

ഇവിടെയാണ് കേരള സഭയുടെ നന്മകളെ നാം തിരിച്ചറിഞ്ഞ് അംഗീകരിക്കേണ്ടത്. അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ സഭാനേതൃത്വത്തിലേക്കുള്ള തിരഞ്ഞെടുപ്പിനെ സുകൃതമായി കരുതുന്നവരുടെ എണ്ണം കൂടിക്കൂടി വരികയാണ്. സഭയുടെ മാത്രല്ല, പൊതു സമൂഹത്തിന്റെ പോലും ശ്രദ്ധപിടിച്ചുപറ്റിയ നേതൃത്വ പാടവമാണ് അഭിവന്ദ്യ ക്ലീമിസ് പിതാവിന്റേത്. ബി.സി.സികൾ വഴി സമൂഹത്തിലെ ചെറിയവരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും പക്ഷം പിടിക്കുന്നതിൽ ശ്രദ്ധേയമായ മാതൃക കാട്ടിയ പിതാവാണ് അഭിവന്ദ്യ സൂസൈപാക്യം തിരുമേനി. മൂവരും കേരളസഭയുടെ നന്മകളാണ്. ഇവർ ഒരുമിച്ച് ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്താൽ മാതൃകാപരമായി പരിഹരിക്കാവുന്നതാണ് ആരോഗ്യ രംഗത്തെ എല്ലാ  പ്രശ്നങ്ങളും. നിശ്ചയദാർഢ്യവും നേതൃത്വപാടവവും പ്രകടിപ്പിച്ചാൽ ക്രൈസ്തവ ആശുപത്രികളെയെല്ലാം ഒരേ ചരടിൽ കൂട്ടിക്കെട്ടാനും, മനുഷ്യോപകാരപ്രദമായ പൊതുതീരുമാനങ്ങൾ കർശനമായി നടപ്പിലാക്കാനും സാധിക്കും.  അസാധ്യമെന്ന് പലരും കരുതുന്ന ഡോക്ടർമാരുടെ ശമ്പളത്തിന്റെ ഏകീകരണവും നടപ്പിലാക്കാനാവും. സർക്കാർ ഡോക്ടർമാരുടെ ശമ്പളം ഏകീകരിക്കാനാവുമെങ്കിൽ സ്വകാര്യമേഖലയിൽ അത് നടപ്പിലാവില്ലെന്ന് പറയുന്നത് അസംബന്ധമാണ്. ആശുപത്രികൾ എല്ലാം ഒരുമിച്ചുനിൽക്കാനും ശമ്പളസ്കെയിൽ നടപ്പിലാക്കാനുമുള്ള നിശ്ചയദാർഢ്യം കാണിക്കാനും തയ്യാറായാൽ മാത്രം മതി. സ്വകാര്യ ആശുപത്രികളിലെ ഭൂരിഭാഗവും നടത്തുന്ന ക്രൈസ്തവ സഭകൾ തീരുമാനിച്ചാൽ നടപ്പിലാക്കാവുന്ന കാര്യമാണിത്. അതോടൊപ്പം ചികിത്സാച്ചെലവിന്റെയും മരുന്നുവിലയുടെയും കാര്യത്തിൽ നിലനിൽക്കുന്ന അനീതികളെ അവസാനിപ്പിക്കാനും പറ്റും.

കേരളത്തിലെ ആരോഗ്യരംഗത്തെ അനാരോഗ്യ പ്രവണതകളെ അവസാനിപ്പിക്കാനുള്ള നിശ്ചയദാർഢ്യം സഭാനേതൃത്വത്തിനുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പത്രാധിപർ

** കഴിഞ്ഞലക്കത്തിലെ നേഴ്സിങ് വിഷയത്തോടുള്ള പ്രതികരണങ്ങൾ അസാധാരണമായ രീതിയിൽ കൂടുതലായിരുന്നു. പ്രശ്നത്തിന്റെ ജനകീയ സ്വഭാവത്തിലേക്കാണ് അത് വിരൽചൂണ്ടുന്നത്. അതുകൊണ്ടുതന്നെയാണ് ആരോഗ്യമേഖലയെ ഇത്തവണത്തെ  എഡിറ്റോറിയലിനും  വിഷയമാക്കുന്നത്.*

www.malankaralibrary.com

# ഉള്ളടക്കം


16

## പരിസ്ഥിതിയും ക്രൈസ്തവധർമ്മവും

നാം അധിവസിക്കുന്ന ഈ പ്രപഞ്ചത്തെ ഇതേ സൗന്ദര്യത്തോടും ഇതിലും കൂടുതൽ ആരോഗ്യത്തോടും കൂടെ നാളത്തെ തലമുറയ്ക്ക് കൈമാറുക നാം ഓരോരുത്തരുടെയും കടമയാണ്. പരിസ്ഥിതി സംരക്ഷണം ഓരോ വ്യക്തിയുടെയും ക്രൈസ്തവ ഉത്തരവാദിത്വമായി മാറേണ്ടിയിരിക്കുന്നു. ഫാ. സജി മാത്യു കണയങ്കൽ സി.എസ്.ടിയുടെ ലേഖനം.

20

## പാരിസ്ഥിതിക സ്ത്രീവാദവും സാധ്യതകളും

വ്യക്തമായ താത്വികാടിത്തറയും പ്രയോഗ സാധ്യതകളുമുള്ള ജീവിത-ചിന്താരീതിയാണ് പാരിസ്ഥിതിക സ്ത്രീവാദം (Ecofeminism). അതിന്റെ വിവിധ കൈവഴികളെ മ്യൂസ് മേരി ടീച്ചർ പരിചയപ്പെടുത്തുന്നു.

25

## അരിവാളും കുരിശും

കമ്മ്യൂണിസവും ക്രിസ്തുമതവും തമ്മിലുള്ള സംവാദം വീണ്ടും സജീവമായിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് ആചാര്യനായ മാർക്സിന് യഥാർത്ഥത്തിൽ വഴിതെറ്റിയത് എവിടെയാണ്? ഫാ. മാർട്ടിൻ ശങ്കൂരിക്കലിന്റെ അന്വേഷണം.





21


28

## വിവാഹാശീർവ്വാദം സാധുവാകണമെങ്കിൽ


വിവാഹാശീർവ്വാദം സാധുവാകണമെങ്കിൽ എന്തെല്ലാം ചെയ്യണമെന്ന ചോദ്യത്തിന് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ മറുപടി നൽകുന്നു.

32

## പ്രണയത്തിന്റെ ഉപനിഷത്ത്

പ്രണയത്തിലൂടെ മോക്ഷത്തിലേയ്ക്ക് എന്ന ചിന്തയെ അന്വർത്ഥമാക്കുന്ന വി.ജെ ജെയിംസിന്റെ 'പ്രണയോപനിഷത്ത്' എന്ന കഥയാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്.

www.malankaralibrary.com



41



29

03 എഡിറ്റോറിയൽ

10 പ്രതികരണങ്ങൾ

36 കാരുണ്യ രാഗം

46 അന്ത്യവിധി

38

## സഭയുടെ സ്വരം: ലോക മന:സ്സാക്ഷിയുടെ സ്വരം

കേരളസഭയുടെ സ്വരത്തെ എങ്ങനെ സത്യത്തിന്റെയും നീതിയുടെയും സ്വരമാക്കി മാറ്റാനാകും? ആനുകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ അന്വേഷണം.

40

## ദീപവും ദീപപീഠവും

ഒരു പാർട്ടിയുടെയും പ്രസ്ഥാനത്തിന്റെയും ഭാഗമല്ലാതിരുന്നിട്ടും എങ്ങനെയാണ് അഴീക്കോട് മാഷ് ഇത്രയധികം പൊതുജനസമ്മതി നേടിയെടുത്തത്? അദ്ദേഹത്തിന്റെ ജീവിതവിജയത്തിന്റെ രഹസ്യമെന്തായിരുന്നു? ഒരു അന്വേഷണം

34

## ഉറ്റുനോക്കുന്ന ജീവനായകൻ

തീവ്രാനുഭവങ്ങളുടെ ചുഴികളും മലരികളും പങ്കുവയ്ക്കുന്ന റോസി തമ്പിയുടെ 'അഴിഞ്ഞുപോകാത്ത വാക്കുകൾ' എന്ന കവിതയെ പരിചയപ്പെടാം.

43

## ശിഥിലീകരണ വ്യായാമം

ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുമുള്ള പംക്തി തുടരുന്നു.

www.malankaralibrary.com

# പ്രതികരണങ്ങൾ




കഴിഞ്ഞ ലക്കത്തിലെ കവർസ്റ്റോറിയായ നേഴ്സിങ്ങിനെക്കുറിച്ച് പ്രതികരിച്ചവർ അനേകരായിരുന്നു. ഏറ്റവും പ്രധാനപ്പെട്ടവമാത്രം ഞങ്ങൾ ഇവിടെ പ്രസിദ്ധീകരിക്കുകയാണ്. ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ അതിരൂക്ഷമാണെന്നും സാധാരണജനങ്ങളെ അത് അമിതമായി മുറിപ്പെടുത്തുന്നതാണെന്നുമുള്ള തിരിച്ചറിവാണ് കേരള സമൂഹത്തെയും സഭയെയും നയിക്കുന്ന നേതാക്കൾക്ക് ഉണ്ടാകേണ്ടത്.

**പത്രാധിപർ**

## നീതിനിഷ്ഠമായ ജീവകാരുണ്യം

നേഴ്സിംഗിനെപ്പറ്റിയുള്ള 2012 ജനുവരി ലക്കം അസ്സലായിരിക്കുന്നു. ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള കാരുണികന്റെ അന്വേഷണം ശ്രദ്ധാർഹമാണ്.

കേരളത്തിനകത്തും ഇന്ത്യക്കകത്തും പ്രൈവറ്റുമേഖലയിൽ ജോലിചെയ്യുന്ന നേഴ്സസിന്റെ അവകാശങ്ങളെപ്പറ്റിയുള്ള അവബോധം വൈകിയെങ്കിലും ചർച്ചയ്ക്കു വന്നത് നന്നായി. ഡോക്ടർമാരും നേഴ്സുമാരും തമ്മിലുള്ള പ്രതിഫലത്തിന്റെ അന്തരം വേദനാജനകമാണ്. ഒന്നും, ഒന്നരയും അധിലധികം ലക്ഷങ്ങൾ വാങ്ങുന്ന ഡോക്ടർമാരുടെ മനഃസ്സാക്ഷിയിലേക്ക് വെളിച്ചം വീശേണ്ട കാലം




കഴിഞ്ഞു. തങ്ങൾക്കു കൂടുതൽ പഠനം ഉള്ളതിന്റെ ഗർവ്വും, മനുഷ്യൻ രോഗികളായി തങ്ങളെ എപ്പോഴും ആശ്രയിക്കും എന്ന മേധാവിത്വ മനോഭാവവുമാണ് ഇങ്ങനെ സംഭവിക്കുന്നതിന്റെ കാരണം. മാനേജ്മെന്റിന് ലഭിക്കുന്ന പണം ആശുപത്രിയുടെ പ്രശസ്തി നിലനിറുത്തുന്നതിനുവേണ്ടി വലിയ ഡോക്ടർമാരെ പിടിച്ചുനിർത്താൻ ഉപയോഗിക്കും. ഇതിന്റെ ദുരവസ്ഥ കീഴ്ജീവനക്കാരാണ് അനുഭവിക്കുക. നേഴ്സിന്റെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് നേഴ്സും ഗവൺമെന്റും പറയുന്നതിൽ കുറെ കാര്യങ്ങളുണ്ട്. എന്നാൽ സർക്കാർ ആശുപത്രികളിൽ നൽകുന്ന ശമ്പളം പ്രൈവറ്റുസ്ഥാപനങ്ങൾക്ക് നൽകാനാവില്ല. സർക്കാർ ശമ്പളം കൊടുക്കുന്നത് പൊതുഖജനാവിൽ നിന്ന് ജനങ്ങളുടെ നികുതിപ്പണം കൊണ്ടാണ്. രോഗികൾ രാജ്യത്തിന്റെ പൗരന്മാരാണ്. അവരുടെ ആരോഗ്യചുമതല സർക്കാരിന്റേതാണ്. അതുകൊണ്ട് സർക്കാർ പ്രൈവറ്റു ഹോസ്പിറ്റലുകൾക്ക് ഗ്രാന്റ് നൽകട്ടെ. വാരിക്കോരി കൊടുക്കണമെന്ന് പറയുമ്പോൾ ലഭിക്കുന്നത് എന്ത് എന്നും സർക്കാർ ചിന്തിക്കണം. ഒരു നല്ല ഡോക്ടറെ വച്ചുനടത്തുന്ന ഹോസ്പിറ്റലുകൾക്കൊന്നും സർക്കാർ പറയുന്ന ശമ്പളം നൽകാനാവില്ല. സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന്റെ ചിലവു സർക്കാർ അറിഞ്ഞിട്ടുവേണം രാഷ്ട്രീയക്കാരെക്കൊണ്ടു പ്രശ്നം ഇളക്കാൻ.

അറിയപ്പെടുന്ന വലിയ വലിയ ഹോസ്പിറ്റൽ അധികൃതർ ജോലിക്കാർക്കു ന്യായമായ ശമ്പളം തന്നെ നൽകണം. ഡോക്ടർമാർക്കു മാക്സിമം വേതനവും നേഴ്സ് ഉൾപ്പടെയുള്ള മറ്റെല്ലാവർക്കും മിനിമം വേതനവും നിശ്ചയിക്കണം. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുള്ള ഈ രാജ്യത്തു വേതനങ്ങൾ തമ്മിൽ അധികം അന്തരം ഉണ്ടാകരുത്. ഫാ. അല

www.malankaralibrary.com

ക്സ് വടക്കുംതലയുടെ ചിന്തകൾ വളരെ നന്നായിരുന്നു.

**റവ. ഡോ. ലൂക്ക് പൂത്തൃക്കയിൽ**
ഡയറക്ടർ H.D.P ഹോസ്പിറ്റൽ, കൈപ്പുഴ

## ആതുരസേവനം കച്ചവടമാകുമ്പോൾ

നഴ്സസിന്റെ നീറുന്ന പ്രശ്നങ്ങൾ കേരള മനഃസ്സാക്ഷിക്കു മുമ്പിൽ വരച്ചുകാട്ടിയ കാരുണികനു നന്ദി. ഇത് ഇവിടം കൊണ്ട് നിൽക്കരുതേ എന്നാണ് പ്രാർത്ഥന. കേരളത്തിൽ ഏറ്റവും അധികം ചൂഷണം ചെയ്യപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗമാണ് നഴ്സസ്. ആശുപത്രിയിൽ രോഗിക്ക് എന്ത് സംഭവിച്ചാലും കുറ്റം അവർക്കാണ്. പക്ഷെ, ബാക്കി കാര്യങ്ങളിൽ അവർ ഒന്നുമല്ല. അധികാരം ഉപയോഗിച്ച് മാനേജ്മെന്റ് ചെയ്യുന്ന തെറ്റുകൾക്ക് സർക്കാരും മതസംഘടനകളും കൂട്ടുനിൽക്കുന്നു. ഒരു സാധാരണക്കാരന് ജീവിക്കാൻ പോലും ഉള്ള വേതനം നഴ്സസിനു ലഭിക്കുന്നില്ല. പിന്നെങ്ങനെ അവർ ബാങ്ക്ലോൺ തിരിച്ചടക്കും? ഡോക്ടർമാരുടെ കാലുപിടിച്ച് അവർ പറയുന്ന ശമ്പളം കൊടുത്ത് 'കച്ചവടം' നടത്തുന്നു! കേരളത്തിലെ അൺഎയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ നിലയും പരിതാപകരമാണ്. ആത്മാഭിമാനത്തിന്റെ പേരിൽ നിരത്തിലിറങ്ങാത്തത് ബലഹീനതയായി കരുതരുതെന്ന് സർക്കാരിനോടും മതമേധാവികളോടും ആശുപത്രി ബിസിനസ്സുകാരോടും അഭ്യർത്ഥിക്കുന്നു.

**ജോമിയോ ജോ മുണ്ടക്കൽ**
ഇടുക്കി

## ജീവനാണോ പണമാണോ വലുത്?

നഴ്സസിന്റെ പ്രശ്നങ്ങളെ അവലോകനം ചെയ്തുകൊണ്ട് കാരുണികൻ പത്രാധിപർ എഴുതിയിരുന്ന എഡിറ്റോറിയൽ വായിച്ചു. വ്യത്യസ്തമായൊരു സമീപനം അതിൽ കണ്ടു. തീർത്തും മാനുഷികമായ ഒരുതലത്തിൽ നിന്നുകൊണ്ട് 'കരുണ'യോടെ അദ്ദേഹം ഈ പ്രശ്നത്തിന്റെ തീവ്രത ചൂണ്ടിക്കാട്ടുന്നുണ്ട്. ജീവനാണോ, പണമാണോ വലുത്''. വലിയ ഒരു ചോദ്യമാണിത്. പക്ഷെ, സകലതും വിറ്റും ജീവൻ രക്ഷിക്കാൻ നോക്കുന്നവരുടെ അവസാനചില്ലിക്കാശും ചെന്നുവീഴുന്നത് ഹോസ്പിറ്റൽ ഉടമകളുടെയും ഡോക്ടേഴ്സിന്റെയും പോക്കറ്റുകളിലാണ്. ഹോസ്പിറ്റൽ 'നഷ്ടത്തിലാണെങ്കിൽ പിന്നെ ഇവർ എന്തിനാണ് വീണ്ടും വീണ്ടും ആശുപത്രികൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്? ഇവയ്ക്ക് പാലിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി നഷ്കർഷിക്കപ്പെട്ടിട്ടുണ്ടോ? ചെറിയ അസുഖവുമായി അഡ്മിറ്റ് ചെയ്ത് ശവമായി പുറത്തേക്കെടുക്കുമ്പോൾ ഉള്ളിൽ നടന്നതെന്തെന്നറിയാൻ പാവം ജനങ്ങൾക്ക് അവകാശമില്ലേ? ന്യായമായ വേതനം കൊടുക്കാനുള്ള മടികൊണ്ട് സംസ്ഥാനത്തെ പല 5സ്റ്റാർ ആശുപത്രികളും ഒരു വർഷം Nominal Trainiy

> **ഡോക്ടർമാരും നേഴ്സുമാരും തമ്മിലുള്ള പ്രതിഫലത്തിന്റെ അന്തരം വേദനാജനകമാണ്.**

ഉള്ള നഴ്സുമാരെ നിയമിച്ച് കുരങ്ങു കളിപ്പിക്കുന്നു. ശരിയായ പഠനം കഴിഞ്ഞ Certified നേഴ്സിനേയെ നിയമിക്കാവൂ എന്ന നിയമം എന്തുകൊണ്ട് കർശനമായി നിഷ്ക്കർഷിക്കപ്പെടുന്നില്ല. ലണ്ടനിൽ പോയ എന്റെ ഒരു കൂട്ടുകാരിക്ക് ഒരുമാസം ജോലിചെയ്ത് കാണിക്കേണ്ടി വന്നു, 20 ഇഞ്ചക്ഷൻ എടുത്ത് ഡെമോ ചെയ്യേണ്ടിയും വന്നു. നമ്മുടെ ആശുപത്രികളിൽ "ഞരമ്പുകിട്ടുന്നില്ല" എന്നു പറഞ്ഞ് 'നഴ്സസ്' നടത്തുന്ന വിക്രിയകൾ ചിലരെങ്കിലും അനുഭവിച്ചറിഞ്ഞിട്ടുണ്ടാവും. നല്ല സേവനം, നല്ല ജോലി ചിലവുള്ളതാണ്. പകലന്തിയോളം ശുശ്രൂഷിച്ചിട്ട് എസ്.എസ്.എൽ.സി പോലും പാസാകാത്ത ഒരു കൂലിക്കാരി വാങ്ങുന്നതിന്റ നാലിലൊന്നു 'ശമ്പളം' (കിമ്പളം ഇല്ലതാനും!) വാങ്ങുന്ന നഴ്സുമാർക്ക് മനുഷ്യാവകാശമാണ് നിഷേധിക്കപ്പെടുന്നത്. ഈ മേഖലയിലെ പ്രശ്നങ്ങൾ ഗുരുതരമാണ്. ജീവൻ വച്ചുള്ള കളിയാണ്. ഗവൺമെന്റ് ഇടപെട്ടേ മതിയാവൂ. സഭ യേശുവിന്റെ വക്താവാണെങ്കിൽ ഇക്കാര്യ

www.malankaralibrary.com

ത്തിൽ മുൻകൈ എടുക്കണം. മാതൃകയാവണം. ഞങ്ങളുടേത് കണ്ണുനീർ കലർന്ന രോദനമാണ്. അതു ശ്രവിക്കപ്പെട്ടേ തീരൂ.

**മറിയാമ്മ ജോൺ**
ജന. നഴ്സിങ്, പത്തനംതിട്ട

## അധികാരികൾ കണ്ണുതുറന്നെങ്കിൽ...

നഴ്സസിന്റെ പ്രശ്നങ്ങളെക്കുറിച്ചുള്ള കാരുണികനിലെ വിചിന്തനങ്ങൾ ഏറെ ഇഷ്ടപ്പെട്ടു. "ന്യായമായ ശമ്പളം കൊടുക്കാൻപറ്റാത്തവർ, ഹോസ്പിറ്റൽ നടത്തരുത്, മിഷൻ ആശുപത്രിപോലും.." എന്ന മോൺസിഞ്ഞോർ അലക്സ് വടക്കുംതലയുടെ ശക്തമായ പ്രതികരണം എല്ലാ സഭാനേതാക്കളും മറ്റു മാനേജ്മെന്റുകളും ശ്രവിച്ചിരുന്നെങ്കിൽ. ഡൽഹിയിൽ ജോലി ചെയ്യുന്ന എനിക്ക് അദ്ദേഹം ആരോഗ്യമേഖലക്കു നൽകിയ സംഭാവനകൾ നന്നായി അറിയാം.

ആരും പുറത്ത് പറയാത്ത, എന്നാൽ വലിയ ഒരു പ്രശ്നം ഇന്ന് ആശുപത്രി നടത്തിപ്പിൽ ഉണ്ട്. അത് ഡോക്ടേഴ്സിനെ 'ലേലം' വിളിച്ചെടുക്കുന്നതാണ്. ബൃഹത്തായ വേതനം ഡോക്ടർക്കുകൊടുക്കേണ്ടി വരുമ്പോൾ ആശുപത്രിക്ക് താങ്ങാനാകാതെ വരുന്നു. മറ്റുള്ളവർ കൂടുതൽ കൊടുത്ത് റാഞ്ചാൻ നിൽക്കുന്നു. അലക്സച്ചൻ സൂചിപ്പിച്ചതുപോലെ നമ്മുടെ സമൂഹത്തിലെ ഒരു വൈകല്യമാണിത്. എല്ലാ തൊഴിലും മാന്യമാണെന്ന ഒരു കാഴ്ചപ്പാട് നമുക്കിനിയും ഇല്ല. ഓപ്പറേഷൻ കഴിഞ്ഞ് ഡോക്ടർക്ക് 50,000 മുതൽ ഒരു ലക്ഷം വരെ കിട്ടുമ്പോൾ അസിസ്റ്റ് ചെയ്യുന്ന ട്രെയിൻഡ് നഴ്സിന് കിട്ടുന്നത് വെറും 200-300 രൂപ. രണ്ടു കൂട്ടരും അനാറ്റമിയും, ഫിസിയോളജിയും ഒക്കെ പഠിച്ചാണ് കടന്നുവരുന്നത്. വിദേശ രാജ്യങ്ങളിൽ നഴ്സസിനാണ് വാർഡിൽ ഡോക്ടറെക്കാൾ പ്രാധാന്യം കൊടുക്കുന്നത്. കാരണം അവിടെ സ്ഥിരമായി ഏറെ സമയം ചിലവിടുന്നത് നഴ്സ് ആണ്. പക്ഷെ ഇവിടെ നഴ്സിനെ ചീപ്പ് ആയി കാണുന്ന ഒരു പ്രവണതയുണ്ട്. ഡോക്ടർ എത്ര മിടുക്കുള്ള ആളായാലും നഴ്സിന്റെ പരിചരണം കിട്ടിയില്ലെങ്കിൽ രോഗിക്ക് പ്രയോജനമില്ല.

നമ്മുടെ അധികാരികൾ കണ്ണു തുറക്കണം. വേതനം നിശ്ചയിക്കണം. ഡോക്ടേഴ്സും നഴ്സസും തമ്മിലുള്ള 'ഉച്ചനീചത്വം' അവസാനിപ്പിക്കണം. ബാങ്കുകൾ വഴി ശമ്പളം കൊടുക്കുന്ന രീതി വരണം. അഡ്മിനിസ്ട്രേഷൻ സുതാര്യമാക്കണം. വലിയ നടപടികളാണിതെല്ലാം. പക്ഷെ, തങ്ങളുടെ ജനങ്ങളുടെ ജീവൻ കൽപ്പിക്കുന്ന ഒരു ജനകീയ ഗവൺമെന്റിന് പ്രതികരിക്കാതിരിക്കാൻ പറ്റുമോ?

**റോമി അലക്സ്,**
BSC നേഴ്സിംഗ്, ന്യൂഡൽഹി

## ഏകീകൃതമായ സേവന-വേതന വ്യവസ്ഥ

പലമാധ്യമങ്ങളും നഴ്സസിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്തുവെങ്കിലും വളരെ വസ്തുനിഷ്ഠമായും ചങ്കൂറ്റത്തോടെയും ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളിലേക്ക് വെളിച്ചം വീശിയത് കാരുണികൻ തന്നെ. എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ!

ഈ ബഹളം ഒരു 15 വർഷം മുമ്പേ നടക്കേണ്ടതായിരുന്നു. ആദ്യകാല നഴ്സുമാർ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ആയിരുന്നതിനാലും രോഗികൾക്കു നൽകുന്ന സാന്ത്വനം ഒരു കാരുണ്യപ്രവൃത്തി ആയി കരുതപ്പെട്ടുപോന്നതിനാലുമാകണം ശമ്പളം ഒരു വലിയ ഘടകമായിരുന്നില്ല. എന്നാൽ പിന്നീട് സ്ഥിരതയുള്ള ഒരു ജോലി ആയി നഴ്സിംങ് പരിണമിച്ചു. മറ്റുജോലികൾക്ക് 'കോഴ' കൊടുത്ത് പ്രവേശനം നടന്നപ്പോഴും നഴ്സസിന് ആ ഗതികേട് ഉണ്ടായില്ല. പക്ഷെ, അവരുടെ കാരുണ്യം വർഷങ്ങളായി ചൂഷണം ചെയ്യപ്പെടുകയായിരുന്നു. പകൽ മുഴുവൻ ഡ്യൂട്ടി കഴിഞ്ഞ് ആരുമില്ലാത്ത രോഗികൾക്ക് രാത്രിശുശ്രൂഷ വോളന്റിയർ ചെയ്തുപോന്നവർ ഞങ്ങളുടെയിടയിൽ ഉണ്ടായിരുന്നു. അതൊന്നും ശമ്പളത്തിനുവേണ്ടിയായിരുന്നില്ല. കാലം മാറി, ജീവിത ചെലവുകൾ വർദ്ധിച്ചു. എന്നാലും അസംഘടിത മേഖലയിൽ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നു. 'കരയുന്ന കുഞ്ഞിനേ പാലുള്ളൂ' എന്ന് ഞങ്ങൾക്കു മനസ്സിലായിട്ട് നാളേറെയായി. പക്ഷെ, ലാഭക്കൊതി മൂത്ത സ്വകാര്യ

www.malankaralibrary.com


മാനേജ്മെന്റുകൾ ഗവൺമെന്റിന്റെ മിനിമം വേതന നിർദ്ദേശം പോലും കാറ്റിൽ പറത്തി. ഈ അവസ്ഥ മാറിയേ പറ്റൂ. മാന്യമായി ജീവിക്കുവാനുള്ള വേതനം ലഭിച്ചേ പറ്റൂ. അതുകൊണ്ട്, ബന്ധപ്പെട്ട വർ ഈ പ്രശ്നം അടിയന്തിരമായി പരിഗണിക്കണം. സേവനവേതനവ്യവസ്ഥകൾ നിലവിൽ വരുത്തണം. ഇക്കാര്യത്തിൽ ഗവൺമെന്റ് തന്നെ മുൻകൈ എടുക്കണം.

**സോണിയ ഫിലിപ്പ്,**
BSC നേഴ്സിംഗ്, കോട്ടയം

## പൂച്ചക്കാരു മണികെട്ടും?

ഒരു നഴ്സ് എന്ന നിലയിൽ മരുന്നിന്റെ ബില്ലെഴുതി കൊടുക്കലും ഫാർമസി നോക്കൽവരെയും നടത്തിയിട്ടുണ്ട് ഞാൻ. 2200 രൂപയുടെ മരുന്ന് ആശുപത്രി നൽകുന്നത് 5,000 രൂപക്ക്. അങ്ങനെ പലതരം പെരുപ്പിക്കലുകളാൽ സ്വന്തം കീശനിറക്കുന്ന ആശുപത്രി മുതലാളിമാർ എന്തേ, എല്ലുമുറിയെ പണിചെയ്യുന്ന ആതുരശുശ്രൂഷകരോട് അനീതി കാട്ടുന്നു. ഇതിന്റെ ഫലമോ? "കിട്ടുന്നതിനുള്ള ജോലി ചെയ്യും" എന്നു പറഞ്ഞ് രോഗികളെ അവഗണിക്കുന്നവർ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിദേശത്ത് പോകാൻ പഠിച്ചിറങ്ങിയ പലരും 3500 രൂപവാങ്ങി ദുഃഖിക്കുമ്പോഴുള്ള 'നിരാശ'തീർക്കുന്നത് പാവം രോഗികളുടെ മേൽ. ഇവിടെ ഉപദേശിക്കാൻ മതാധികാരികൾക്കും അവകാശമില്ല. കാരണം അവരും ഈ അനീതിക്കു കൂട്ടുനിൽക്കുകയാണ്. മിനിമം വേതനം 10,000 രൂപഎങ്കിലും കിട്ടുന്ന അവസ്ഥ ഉണ്ടായേ പറ്റൂ. അതാണ് നീതി. അതുപോലെ ശരിയായ സർട്ടിഫിക്കറ്റ് ഉള്ളവരെ മാത്രം നിയമിക്കണം. ഇത് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് സൂപ്പർവൈസറി ഓഫീസേഴ്സിനെ നിയമിക്കണം. അധ്യാപകരുടെ നിയമനത്തിൽ ഇതൊക്കെപാലിക്കുവാൻ ശ്രദ്ധിക്കുന്ന ഭരണകൂടം എന്തേ ജീവൻരക്ഷിക്കേണ്ട സ്ഥാപനങ്ങളെ അവഗണിക്കുന്നത്? 'മുറി' നഴ്സുമാരെ നിയമിച്ച് ലാഭം കൊയ്യുന്ന 'ഫാക്ടറി'കളായി ആശുപത്രികൾ അധഃപതിക്കരുത്. അതിന് സർക്കാരിനും കടമകളുണ്ട്.

എന്റെ സുഹൃത്തിന്റെ സഹോദരി സൗദിയിൽ ജോലി ചെയ്തശേഷം നാട്ടിൽവന്ന് ഒരു സ്വകാര്യ



ആശുപത്രിയിൽ കയറി. സന്യാസിനിമാർ നടത്തുന്ന ആശുപത്രി. ശമ്പളം കുറവ്. ഗർഭിണിയാണെന്ന് അറിയിച്ചപ്പോൾ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. കുഞ്ഞിന് 1 വയസ്സായപ്പോൾ വീണ്ടും ചെന്നു. "കുഞ്ഞിന് അസുഖമൊന്നുമില്ലെങ്കിൽ ജോയിൻ ചെയ്യാം" എന്നായിരുന്നു മറുപടി! കുട്ടികൾ കൂടുതൽ വേണം, അത് പുണ്യമാണ് എന്ന് അരമന പ്രസംഗം നടത്തുന്ന മതാധിപന്മാർ ഇതൊക്കെ അറിയുന്നുണ്ടോ? ''പൂച്ചക്കാരു മണികെട്ടും?'' ഞങ്ങൾ നഴ്സസ് മനുഷ്യരല്ലേ?

**ജോമോൻ ഫിലിപ്പ്,**
ജന. നഴ്സിങ്, കോതമംഗലം

## ശാപമോക്ഷത്തിന് ചിലവഴികൾ

വളരെ കാലികവും അടിയന്തിരശ്രദ്ധ പതിയേണ്ടതുമായ ഒരു വിഷയമാണ് കാരുണികൻ മാസിക ജനുവരി ലക്കത്തിൽ ചർച്ചക്ക് വിഷയമാക്കിയത്. ഇതിനുമുമ്പും ഈ വിഷയം 'കാരുണികൻ' തന്നെ നമ്മുടെ മുന്നിൽ അവതരിപ്പിച്ചുവെങ്കിലും നഴ്സസിന്റെ നിശബ്ദതയിൽ അധികമാരും അത് ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു.

'അളമുട്ടിയാൽ ചേരയും കടിക്കും' എന്ന മട്ടിലാണ് ഇന്നത്തെ അവസ്ഥ. 365 ദിവസവും 24 മണിക്കൂറും ജോലിക്ക് സന്നദ്ധതരാകേണ്ട ഒരു വിഭാഗ

www.malankaralibrary.com

മാണ് നഴ്സസ്. എന്തുകൊണ്ടാണ് ഇന്ന് അവർ സമരത്തിൽ മുതിരുന്നത്? നീണ്ട കാലത്തെ അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും ബഹിർസ്ഫുരണമാണ് ഇന്ന് നാം കാണുന്നത്. രാജ്യത്തുടനീളം പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ഈ സമരങ്ങൾക്ക് പിന്നിലുള്ളത് തീർച്ചയായും വലിയ മാനുഷിക പ്രശ്നം തന്നെയാണ്. ആശുപത്രി നടത്തുന്നവർ ഇത്തരം ഒരു മനോഭാവം ഒരിക്കലും നഴ്സസിനോട് കാണിക്കുവാൻ പാടില്ല. അവരുടെ സേവനത്തിന് മതിയായ വേതനവും അംഗീകാരവും ആവശ്യമാണ്. രോഗികൾക്ക് വേണ്ടി ജീവൻ പോലും പണയപ്പെടുത്തുന്ന ഇവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ജീവന്റെ കാവൽക്കാരാകുവാൻ പ്രത്യേക പരിശീലനം നേടുകയും അതിനുള്ള സിദ്ധികൾ ആർജ്ജിക്കുകയും ചെയ്യുന്നവരാണ്

> സഭ യേശുവിന്റെ വക്താവാണെങ്കിൽ ഇക്കാര്യത്തിൽ മുൻകൈ എടുക്കണം. മാതൃകയാവണം. ഞങ്ങളുടേത് കണ്ണുനീർ കലർന്ന രോദനമാണ്.

അവർ. ഈ കാര്യത്തിൽ ഏറ്റവും വലിയ ഉത്തരവാദിത്വം ഗവൺമെന്റിന്റേതുതന്നെയാണ്. ദേശീയ, സംസ്ഥാന നഴ്സിംഗ് കൗൺസിലുകൾക്കും അവരുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കില്ല.

ഒരു നഴ്സിംഗ് സൂപ്രണ്ട് എന്ന നിലയിൽ എനിക്ക് ആധികാരികമായി പറയുവാൻ സാധിക്കും. പഴയകാലത്തെ നഴ്സിംഗ് വിദ്യാഭ്യാസവും നഴ്സിംഗിന്റെ ഗുണനിലവാരവും ഈ സേവനത്തോടുള്ള മനോഭാവവും ഇന്ന് പാടേ മാറിപ്പോയിരിക്കുന്നു. പണ്ട് നഴ്സിംഗ് പഠനം പൂർത്തിയാക്കിയ ഒരു നഴ്സിന് വിവിധ രോഗാവസ്ഥയിലുള്ള രോഗികളെ വേണ്ടവിധം ശുശ്രൂഷിക്കുവാനുള്ള പ്രാവീണ്യം ഉണ്ടായിരുന്നു. മൂല്യബോധവും സേവന തുല്യത യുമുള്ള നല്ല സ്ഥാപനങ്ങളാണ് നഴ്സിംഗ് വിദ്യാഭ്യാസം നടത്തിയിരുന്നത്. പഠനകാലത്ത് അവർക്ക് വേണ്ടത്ര പ്രായോഗിക പരിശീലനം ആശുപത്രികളിൽ തന്നെ ലഭിച്ചിരുന്നു. ഡോക്ടേഴ്സിനും ഹെഡ്നേഴ്സിനും രോഗികൾക്കു തന്നെയും ഇവരിൽ വിശ്വാസം ഉണ്ടായിരുന്നു. ഇന്നാകട്ടെ 'ഞങ്ങൾക്ക് നഴ്സിംഗ് സർട്ടിഫിക്കറ്റുണ്ട്. ഞങ്ങൾക്ക് ഞങ്ങളുടെ തൊഴിൽ അറിയാം" എന്ന് വിളിച്ചു പറയുന്ന പല നഴ്സിനും അവരുടെ ജോലി നന്നായി അറിയില്ല എന്ന പരിതാപകരമായ അവസ്ഥയാണ്. അതുകൊണ്ടുതന്നെ രോഗികളുടെ ജീവന് വില കൊടുക്കുന്ന ആശുപത്രി അധികൃതർ ഇവരെ ജോലി ഏൽപ്പിക്കാൻ മടിക്കുന്നു. തങ്ങളുടെ പഠനകാലത്ത് ഒരിക്കൽപോലും ഒരു രോഗിയെ ശുശ്രൂഷിക്കുകയോ തൊട്ട് ആശ്വസിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത നഴ്സും ഇക്കൂട്ടത്തിൽ ഉണ്ടെന്നുള്ളത് പരിതാപകരമാണ്. എന്നിട്ടും ഇവർക്കെല്ലാം ഒരു രജിസ്റ്റേർഡ് നഴ്സിന്റെ സർട്ടിഫിക്കറ്റ് കയ്യിലുണ്ട്! ഇത്തരുണത്തിൽ ഈ മേഖലയെ നന്നാക്കുന്നതിനും മനുഷ്യന്റെ ജീവൻ ആദരിക്കപ്പെടുന്നതിനും ചില പ്രധാന നടപടികൾ എടുക്കേണ്ടതാണ്.

1. ന്യായമായ സ്റ്റൈപ്പന്റോടുകൂടി ഒരു വർഷത്തെ പരിശീലനം (ഇന്റേൺഷിപ്പ്) നഴ്സിന് നിർബന്ധമാക്കുക.

2. അവരുടെ ഡിഗ്രി സർട്ടിഫിക്കറ്റ് ഈ പരിശീലനത്തിന്ശേഷം മാത്രം നൽകുക.

3. വേണ്ടത്ര ക്ലിനിക്കിൽ സൗകര്യങ്ങൾ ഒരുക്കാത്ത നഴ്സിംഗ് കോളേജുകളുടെ അംഗീകാരം റദ്ദാക്കുക. കൂണുപോലെ മുളച്ചുവരുന്ന ഇത്തരം 'ടീച്ചിംഗ് ഷോപ്പു'കളാണ് ആരോഗ്യരംഗത്തെ ഇന്നത്തെ ശാപം. നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ മൂല്യം തന്നെ നഷ്ടപ്പെടുത്തുകയും സേവനത്തിന്റെ മഹനീയത തകർത്തുകളയുകയും ചെയ്യുന്നത് ഇത്തരം നഴ്സിംഗ് വിദ്യാഭ്യാസമാണ്.

5. നഴ്സിംഗിനോട് ആഭിമുഖ്യമുള്ളവരെ മാത്രം ഈ രംഗത്തേക്ക് കൊണ്ടുവരിക.

6. സയൻസ് ഗ്രൂപ്പിൽ 50% മാർക്കെങ്കിലുമുള്ളവരെ മാത്രം നഴ്സിംഗിന് അഡ്മിറ്റ് ചെയ്യുക. ഏത് അണ്ടനും അടകോടനും കയറിപറ്റാവുന്ന ഒരു മേഖലയായി വളരെ പ്രധാന്യമുള്ള ആരോഗ്യമേഖല

www.malankaralibrary.com

അധഃപതിക്കരുത്.

7. നഴ്സിംഗ് കോളേജുകളിലെ പഠനവും പരിശീലനവും ആത്മാർത്ഥമായി നിരീക്ഷിക്കുന്ന ഉന്നത കമ്മീഷനുകൾ ഉണ്ടാകണം.

8. നഴ്സിംഗ് വിദ്യാർത്ഥികളുടെ ഉയരവും ഭാരവും ആരോഗ്യവും മതിയായ ലെവലിൽ ആയിരിക്കണം. ഇതിന് ഒരു ദേശീയ മാനദണ്ഡമുള്ളതാണ് നല്ലത്.

9. നഴ്സിംഗ് ട്യൂട്ടേഴ്സിന് ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ രോഗീശുശ്രൂഷാപരിചയം ഉണ്ടായിരിക്കണം. നഴ്സിംഗ് പരിശീലനമില്ലാത്ത പെൺകുട്ടികളെ ആശുപത്രികളിൽ സേവനത്തിനായി നിയോഗിക്കുന്നത് പൂർണ്ണമായും തടയേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ കർശനമായ നിയമ നിർമ്മാണം നടത്തേണ്ടതാണ്. ഒരു ആശുപത്രിയിൽ നിലവിലുള്ള എല്ലാ സ്റ്റാഫിന്റെയും സർട്ടിഫിക്കറ്റുകൾ പരിശോധിക്കുകയും നടപടികൾ എടുക്കുകയും ചെയ്യണം. ഇങ്ങനെയായാൽ ഈ മേഖലയിൽ നല്ല നിലവാരമുള്ള നഴ്സിനെ നമുക്ക് ലഭിക്കും. അവർക്ക് നല്ല ശമ്പളം കൊടുക്കുന്നതിൽ വിമുഖത കാണിക്കേണ്ടിയും വരില്ല.

വിദേശ ജോലി സാധ്യതകൾ വന്നതോടെ നഴ്സിന്റെയും സമൂഹത്തിന്റെയും നഴ്സിങ്ങിനോടുള്ള മനോഭാവം പാടേ മാറിയെന്ന് വേണം പറയുവാൻ. ഒരു സേവനം എന്നതിലുപരി വളരെവേഗം പണമുണ്ടാക്കാവുന്ന ഒരു ജോലി മാത്രമായി നഴ്സിംഗ് അധഃപതിച്ച പോലെ തോന്നുന്നു.

**സിസ്റ്റർ ബർത്തലോമിയോ ജോസഫ്**
നഴ്സിംഗ് സൂപ്രണ്ട്, ലൂർദ്ദ് ഹോസ്പിറ്റൽ, കൊച്ചി

## ആശുപത്രിയിലെ മാലാഖമാർ

നഴ്സുമാരുടെ വേദനകളും ബുദ്ധിമുട്ടുകളും പരാതികളും അടങ്ങിയ ലക്കം നന്നായി. കാരുണികന്റെ ആദ്യലക്കം മുതൽ ഞാൻ വരിക്കാരനാണ്. ഇപ്പോൾ നഴ്സുമാർ ഭാരതത്തിലാകെ സമരം ചെയ്യുന്നതായി കേൾക്കുന്നു. അത് കേരളത്തിലും നടന്നു തുടങ്ങി. കേരളത്തിൽ ഞാൻ 6, 7 കൊല്ലം ഒരു ഹോസ്പിറ്റലിൽ ചാപ്ലിയൻ ജോലി നോക്കിയിട്ടുണ്ട്. ബോംബെയിൽ 5, 6 കൊല്ലം മലയാളികളുടെ ചാപ്ലിയനായിരുന്നിട്ടുണ്ട്. എല്ലാ ആശുപത്രികളിൽ നിന്നും പരാതിവരാൻ സാധ്യതയില്ല. എന്റെ അറിവിൽ ചില ആശുപത്രികളിലെങ്കിലും പ്രത്യേകിച്ച് ആതുരശുശ്രൂഷ മുഖ്യമായി എടുത്തിട്ടുള്ള മിഷനറിമാരുടെ ആശുപത്രികളിൽ നഴ്സുമാരുടെ സർവ്വവിധ ഉന്നമനത്തിന് സംരക്ഷണം നൽകുന്നതായി കാണുന്നുണ്ട്. ഉത്തരേന്ത്യയിൽ പോകുന്നവർ വളരെ ബുദ്ധിമുട്ടുന്നതായി അറിയാം. താമസം, ഭക്ഷണം, ജീവിത സൗകര്യങ്ങൾ എന്നിവ കഴിഞ്ഞ് മിച്ചംവയ്ക്കാൻ ഒന്നുമില്ല അവർക്ക്. ജീവിതസുരക്ഷയും കുറവാണ്. മതപരമായ കാര്യങ്ങൾ നടത്തുന്നതിനും അസൗകര്യമുണ്ട്. ഫ്ളോറൻസ് നൈറ്റിംഗലിനെപ്പോലെ നഴ്സുമാർ സേവനം ചെയ്യുന്നതായിട്ടും മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രതികരിക്കാൻ ശക്തിയില്ലാത്തവരാണ് പലരും. കാണം വിറ്റും നഴ്സിംഗ് പഠിച്ചിറങ്ങുന്നവർ വിദേശത്തുപോകാൻ പറ്റിയില്ലെങ്കിൽ നാട്ടിൽ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യേണ്ടിവരുന്നു. ഡോക്ടർമാർക്ക് കണക്കിൽകൊള്ളിക്കാത്ത രീതിയിൽ ആറക്ക ശമ്പളം, നഴ്സുമാർക്ക് അഞ്ചക്കം തന്നെ വിരളം. നഴ്സുമാർ പ്രതികരിച്ചുകാണുന്നത് നല്ല ലക്ഷണമാണ്.

**ഫാ. പീറ്റർ തോമസ്**
സി.എം.ഐ കാൽവരി മൗണ്ട്, ഇടുക്കി



www.malankaralibrary.com



# പരിസ്ഥിതിയും ക്രൈസ്തവധർമ്മവും

സജി മാത്യു കണയങ്കൽ CST


നാം അധിവസിക്കുന്ന ഈ ഗ്രഹണത്തെ ഇതേ സൗന്ദര്യത്തോടും ഇതിലും കൂടുതൽ ആരോഗ്യത്തോടും കൂടെ നാളത്തെ തലമുറയ്ക്ക് കൈമാറുക നാം ഓരോരുത്തരുടെയും കടമയാണ്. അങ്ങനെ പരിസ്ഥിതിസംരക്ഷണം ഓരോ വ്യക്തിയുടെയും ധാർമ്മിക ഉത്തരവാദിത്വമായി മാറുന്ന നൈതിക ചിന്തകൾ...

ഭൂമിയും ഇതിലെ ജീവജാലങ്ങളും അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് നാം ഇന്ന് ഏറെ ബോധവാന്മാരാണ്. ആധുനികലോകം നേരിടുന്ന ഈ വലിയ പ്രതിസന്ധിയെ തരണം ചെയ്യുവാൻ രാഷ്ട്രതന്ത്രജ്ഞരും, സാമൂഹിക-രാഷ്ട്രീയ-ബൗദ്ധിക മണ്ഡലങ്ങളിലുള്ളവരും നിരന്തരമായ പരിശ്രമങ്ങൾ നടത്തുന്നുമുണ്ട്. ആഗോളതലത്തിലും പ്രാദേശിക തലങ്ങളിലുമുള്ള പരിസ്ഥിതി സംരക്ഷണത്തിന് തക്ക ആത്മീയ കരുത്ത് നൽകുക എന്നതാണ് ഈ രംഗത്ത് കത്തോലിക്കാസഭയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ സംഭാവന. ലോകസമാധാനദിനമായ 1990 ജനുവരി ഒന്നിന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ നൽകിയ 'സമാധാനം സർവ്വസൃഷ്ടികളോടും കൂടെ' എന്ന സന്ദേശം ഈ രംഗത്ത് സഭയുടെ ഔദ്യോഗിക ശബ്ദമായി കണക്കാക്കുകയും ചെയ്യുന്നു. അനുദിനം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധിയെ മറികടക്കണമെങ്കിൽ അടിസ്ഥാനപരമായി ചിലമാറ്റങ്ങൾ മനുഷ്യന് ഉണ്ടാവേണ്ടതുണ്ട്. സഭയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഇതിനുള്ള ചില ഉൾക്കാഴ്ചകളാണ് നൽകുന്നത്.

## ഒരു ധാർമ്മിക പ്രശ്നം

പ്രപഞ്ചം ഇന്നു നേരിടുന്ന അതീവഗൗരവമായ പ്രതിസന്ധിയെക്കുറിച്ച് ഏറെനാളായി ഒട്ടനവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ശാസ്ത്ര-സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങൾ നിർണ്ണയം നടത്തിയിട്ടുള്ള സാങ്കേതിക തലങ്ങൾക്കപ്പുറം പാരിസ്ഥിതിക പ്രതിസന്ധിയെ ഒരു ധാർമ്മിക പ്രശ്നമായിട്ടാണ് സഭ കാണുന്നത്. സാങ്കേതികമായ പല മേഖലകളും ഇതിനോടു ബന്ധപ്പെട്ടാണ് കിടക്കുന്നതും. ശാസ്ത്രസാങ്കേതിക വിദ്യകളുടെ വികസന ഫലമായി 'മനുഷ്യപുരോഗതി' മാത്രം ലക്ഷ്യമാക്കി മനുഷ്യൻ ഭൂമിയുടെമേൽ നടത്തിയിട്ടുള്ള അധിനിവേശവും ചൂഷണവുമാണ് ഇന്ന് നാം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കു മൂലകാരണം. ഭൗമ പ്രപഞ്ചത്തെയും അതിലെ ശക്തികളെയും കീഴടക്കുവാനും, അവയുടെമേൽ ആധിപത്യം സ്ഥാപി

www.malankaralibrary.com




ക്കുവാനും, അവയെ തങ്ങൾക്കായി ഉപയോഗിക്കാനുമുള്ള മനുഷ്യന്റെ അടിസ്ഥാന ത്വര പ്രകൃതിയുടെയും ഭൗമവിഭവങ്ങളുടെയും ചൂഷണത്തിലേയ്ക്കാണ് നയിച്ചത്. സാങ്കേതിക വിദ്യയുടെ ഉപയോഗവും നവമായ കണ്ടുപിടുത്തങ്ങളും മാനവസമൂഹത്തിന് പുരോഗതിയുടെ കനത്ത സംഭാവനകൾ നൽകിയിട്ടുണ്ട് എന്നതിന് സന്ദേഹമൊന്നുമില്ല. എങ്കിലും ഈ കണ്ടുപിടുത്തങ്ങളുടെ ഉത്തരവാദിത്വരഹിതവും (irresponsible) ചൂഷണോന്മുഖവു (exploitative) മായ ദുരുപയോഗം മനുഷ്യനു മാത്രമല്ല, പ്രപഞ്ചക്രമത്തിനുതന്നെ ഹാനികരമായി തീർന്നിരിക്കുന്നു.

പരിസ്ഥിതി പ്രശ്നത്തെ ധാർമ്മികതയുടെ പരിപ്രേക്ഷ്യത്തിൽ വീക്ഷിക്കുമ്പോൾ, മനുഷ്യന്റെ അടിസ്ഥാനപരമായ ജീവിതശൈലിയേയും, ജീവിതവീക്ഷണത്തേയുമാണ് നാം പുനർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്. പ്രപഞ്ചത്തോടും ഇതിലെ സർവ്വ ചരാചരങ്ങളോടുമുള്ള നമ്മുടെ മനോഭാവത്തിനും തത്ഫലമായി നാം രൂപം കൊടുത്തിരിക്കുന്ന ജീവിത വീക്ഷണത്തിനും ചില പൊളിച്ചെഴുത്തുകൾ നടത്തുവാൻ ഇതു നമ്മെ നിർബന്ധിതരാക്കുന്നു. പ്രപഞ്ചവും അതിലെ വസ്തുക്കളും മനുഷ്യന്റെ മാത്രം ഉപയോഗത്തിനുള്ളതല്ല, മറിച്ച് ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങൾക്കും അവയുടെമേൽ അവകാശമുണ്ട് എന്ന് ഇത് നമ്മെ ഓർമ്മിക്കുകയും ചെയ്യുന്നു. മനുഷ്യർക്കും മറ്റ് സൃഷ്ടവസ്തുക്കൾക്കും സസ്യ ജന്തുജാലങ്ങൾക്കും 'തുല്യാവകാശ'മുള്ള ഈ ഭൂമിയിലെ വസ്തുക്കളുടെ ഉപയോഗത്തിലും ഉപഭോഗത്തിലും അവയുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അമിതവും ക്രമരഹിതവുമായ ആസക്തിയുടെ കനലുകളെ കെടുത്തി, ഉത്തരവാദിത്വപൂർണ്ണമായും കാര്യ ഗൗരവത്തോടുകൂടിയുമായിരിക്കണം നാം പ്രപഞ്ച വസ്തുക്കളെ ഉപയോഗിക്കേണ്ടത്.

## പരിസ്ഥിതിയും നീതിയും

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധമായോ/ ബന്ധരാഹിത്യമോ മാത്രമായി പരിസ്ഥിതി പ്രശ്നങ്ങളെ വിലയിരുത്തുന്നത് നാം ഇവയെ നിസ്സാരവത്ക്കരിക്കുന്നതുകൊണ്ടാണ്. പരിസ്ഥിതി പ്രശ്നം അടി

www.malankaralibrary.com

സ്ഥാനപരമായി മനുഷ്യന്റെ നീതി ബോധവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. വ്യവസായവത്ക്കരണത്തിന്റെയും തുടർന്നുണ്ടായ കമ്പോളവത്ക്കരണത്തിന്റെയും ഫലമായ വളർച്ചയുടെയും പുരോഗതിയുടെയും ഗുണഭോക്താക്കളായി നാം മാറിയപ്പോൾ പുതിയൊരു ദർശനം ഉടലെടുത്തു. തലമുറകളായി ആർജ്ജിച്ചെടുത്തിരുന്ന നീതിയുടെ ക്രമങ്ങൾ മാറ്റിവയ്ക്കപ്പെട്ടു. ആഗോളവത്ക്കരണവും ഉദാരവത്ക്കരണവും ലാഭത്തിന്റെ പുതിയ മണ്ഡലങ്ങൾ ചമച്ചപ്പോൾ പണാധിപത്യമുള്ള പുതിയൊരു ലോകക്രമം ഉദയം ചെയ്തു. നഗരവത്ക്കരണത്തിന്റെ പാർശ്വവർത്തികളായി രംഗത്തുവന്ന പുത്തൻ വരേണ്യവർഗ്ഗത്തിന്റെ ലാഭേച്ഛയോടുകൂടിയുള്ള കണ്ണുകൾ എല്ലാറ്റിനെയും കച്ചവട ദൃഷ്ടിയോടെ കണ്ടു തുടങ്ങി. ഭൂമിയിൽ ലഭ്യമാകുന്ന വിഭവങ്ങളെ ചെറുന്യൂനപക്ഷം പരമാവധി ഉപയോഗിച്ചപ്പോൾ നഷ്ടമായത് പ്രകൃതിയുടെ താളക്രമമാണ്. എനിക്ക് ഈ പ്രപഞ്ചത്തോട് ഉത്തരവാദിത്വമുണ്ട് എന്ന ബോധ്യം വിസ്മൃതമായിടത്താണ് ചൂഷണത്തിന്റെ ഈ തലങ്ങൾ ശക്തിപ്രാപിച്ചത്.

> പരിസ്ഥിതി പ്രശ്നം അടിസ്ഥാനപരമായി മനുഷ്യന്റെ നീതി ബോധവുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്.

പ്രകൃതി വിഭവങ്ങളുടെ നാശവും, പാരിസ്ഥിതിക പ്രശ്നങ്ങളും ഇന്ന് ഏറ്റവുമധികം ബാധിക്കുന്നത് സമൂഹത്തിലെ ദുർബ്ബലരും അവശരുമായ ജനവിഭാഗത്തെയാണ്. വൻ ഡാമുകളുടെയും, വ്യവസായ യൂണിറ്റിന്റെയും നിർമ്മാണത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരെ നോക്കുക. സമൂഹത്തിലെ അസംഘടിതരും ദുർബ്ബലരുമായ ആദിവാസികൾ, ദളിതർ, കർഷകർ എന്നിവരാണ് ഏറ്റവുമധികം ചൂഷണത്തിനു വിധേയരാവുന്നത്. ഈ ദുർബ്ബല വിഭാഗങ്ങൾക്ക് നിഷേധിക്കപ്പെടുന്ന നീതിയുടെ നിലവിളിയും, തങ്ങളുടെ ആവാസ ഗേഹത്തിൽ നിന്നും പടിയിറങ്ങിപോകേണ്ടി വരുന്ന ജീവജാലങ്ങളുടെ രോദനവും, അതിജീവനത്തിനായി കേഴുന്ന ഭൂമിയുടെ ഗദ്ഗദങ്ങളും ഒരേ ചാലിലൂടെ ഒഴുകിയിറങ്ങുന്ന കണ്ണീർത്തുള്ളികളാണ്. പ്രപഞ്ചക്രമത്തിന്മേലുള്ള ഇത്തരം കയ്യേറ്റങ്ങളും നീതിനിഷേധങ്ങളും കണ്ടില്ലെന്നു നടിക്കുന്നതും, വികസനത്തിന്റെ പേരിൽ ഇത്തരം അതിക്രമങ്ങൾക്ക് അംഗീകാരം നൽകുന്നതും ഗൗരവമായ തെറ്റായിത്തന്നെ നാം ഗണിക്കേണ്ടിയിരിക്കുന്നു.

നീതിനിഷേധത്തിന്റെയും കയ്യേറ്റത്തിന്റെയും ഇത്തരം മുഖങ്ങൾ നീതി ബോധത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ച്ചപ്പാടുകളെ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെടുന്നുണ്ട്. "ഓരോരുത്തർക്കും അവർക്കർഹമായത് നൽകുക" (give each one according to his due) എന്ന സാമ്പ്രദായിക നീതി കല്പനയുടെ നിർവ്വചനത്തിന്റെ പരിധിയിൽ മനുഷ്യരെ മാത്രമല്ല, പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളെയും ഉൾപ്പെടുത്തേണ്ടതുണ്ട്. 'വ്യക്തി' എന്ന നിലയിൽ മനുഷ്യന് ഈ പ്രപഞ്ചത്തിൽ അവകാശമുള്ളതുപോലെ തന്നെ 'സൃഷ്ടി' എന്ന നിലയിൽ എല്ലാ ജീവജാലങ്ങൾക്കും ഇവിടെ തനതായ അവകാശമുണ്ടെന്നും നാം അവ അംഗീകരിക്കണമെന്നുള്ള പാരിസ്ഥിതിക പാഠങ്ങളിലേയ്ക്കുള്ള തുറവിയാണ് നമുക്കാവശ്യം.

## ഉപഭോഗ സംസ്കാരം തുറക്കുന്ന വെല്ലുവിളികൾ

കമ്പോളവത്ക്കരണത്തിന്റെയും, മാത്സര്യത്തിന്റെയും ഫലമായി ഉടലെടുക്കുകയും കാലിക ലോകത്തെ ഏറെക്കുറെ കീഴടക്കുകയും ചെയ്തിരിക്കുന്ന ഉപഭോഗ സംസ്കാരം (consumerist culture) പ്രപഞ്ച ക്രമത്തിനു നേരെ നടത്തുന്ന വെല്ലുവിളികൾ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഉല്പാദകന്റെയും ഉല്പാദനത്തിന്റെയും താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുവാനും, ലാഭത്തിന്റെ പരമാവധി സ്വന്തമാക്കുവാനുമായുള്ള കമ്പോളത്തിന്റെ കപട തന്ത്രങ്ങൾ ഇന്ന് അധികമാരും തിരിച്ചറിയുന്നില്ല. മൂല്യമോ ഗുണമോ ഉള്ളവയ്ക്കല്ല 'നല്ല പരസ്യം' ഉള്ളവയ്ക്കേ ഇന്ന് പ്രസക്തിയുള്ളൂ. പരസ്യപ്രചാരകരുടെ നാട്യവചനങ്ങളിൽ വശംവദരായി നല്ല ഒരു വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾ ഇന്ന് സൃഷ്ടിക്കപ്പെടുകയാണ്. അതീവ കുശാഗ്രതയോടെ നിർമ്മിച്ചെടുക്കുന്ന മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ ഉല്പന്നങ്ങൾ വാങ്ങാൻ ജനങ്ങൾ ഇന്ന് നിർബന്ധിതരാക്കപ്പെടുന്നു. കമ്പോള

www.malankaralibrary.com

ത്തിന്റെ ഈ കാപട്യങ്ങൾ സൃഷ്ടിക്കുന്ന മൂല്യശോഷണത്തെക്കുറിച്ചോ, പ്രകൃതിയിൽ ഇവ ഉണ്ടാക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ചോ നാം വേണ്ടത്ര ജാഗരൂകരല്ല. എന്റെ ആവശ്യങ്ങൾ അന്യർ- വ്യക്തികളായാലും, കമ്പനികൾ ആയാലും - നിർണ്ണയിക്കുന്നിടത്ത് എന്റെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടും. ഈ അവബോധമുള്ളതുകൊണ്ടാണ് "വലിച്ചെറിയലിന്റെ സംസ്കാര (culture of throwing away)" ത്തെക്കുറിച്ചും അതുളവാക്കുന്ന പാർശ്വഫലങ്ങളെക്കുറിച്ചും ജാഗരൂകരാകാൻ ജോൺ പോൾ രണ്ടാമൻ മാർ പാപ്പ ആവശ്യപ്പെട്ടിരുന്നത്.

## നഷ്ടമാകുന്ന ദൈവാവബോധം

പരിസ്ഥിപ്രശ്നങ്ങളെക്കുറിച്ചുള്ള ആധുനിക ശാസ്ത്രപഠനങ്ങൾ പലതും മതനിരപേക്ഷമെന്നുമാത്രമല്ല, മതത്തെ നിഷേധിക്കുന്നതുമാണ്.

മതരഹിതക്കാഴ്ച്ചപ്പാടുകൾക്ക് സമൂഹത്തിൽ വേരോട്ടമുണ്ടായപ്പോൾ മതാത്മകതയുടെ ആന്തരിക ഭാവങ്ങൾ നഷ്ടമായി. സമൂഹത്തിൽ നിന്നും മനുഷ്യന്റെ ചിന്തയിൽ നിന്നും 'ദൈവം' അപ്രത്യക്ഷനായി. പകരം മനുഷ്യന്റെ താൻ പോരിമയും അഹന്തയും പ്രാമാണ്യം നേടി. മനുഷ്യകേന്ദ്രീകൃതമായ (anthropocentric) തത്വചിന്തയുടെ പരിണിതഫലമായി ഇതര ജീവജാലങ്ങൾക്കുള്ള പ്രാധാന്യവും നഷ്ടമായി. മനുഷ്യന്റെ യുക്തിയ്ക്കും വ്യക്തിപരതയ്ക്കും അതിർവിട്ട് പ്രാധാന്യം നൽകിയപ്പോൾ ഭൂമിയും പ്രപഞ്ചവസ്തുക്കളും കേവലം ചൂഷണോപാധിയായി മാറുകയും ചെയ്തു.

അനിയന്ത്രിതമായ ഉപയോഗവും ഉപഭോഗവും വഴി പ്രപഞ്ചക്രമത്തിന് താളംതെറ്റിയിരിക്കുന്ന ഈ പരിതാവസ്ഥയിലാണ് 'ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ്' എന്ന ക്രൈസ്തവവിശ്വാസത്തിന് പ്രസക്തിയേറുന്നത്. പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവായി ദൈവത്തെ അംഗീകരിക്കുമ്പോൾ മനുഷ്യൻ തന്റെ സൃഷ്ടിപരത (creatureliness) അംഗീകരിക്കുകയാണ്. പ്രപഞ്ചം മനുഷ്യകേന്ദ്രീകൃതമല്ല (anthropocentric) മറിച്ച് ദൈവകേന്ദ്രീകൃതമാണ് (theocentric) എന്ന ഉൾക്കാഴ്ച്ചയിലേയ്ക്കാണ് ക്രൈസ്തവ ദൈവശാസ്ത്ര ചിന്തകൾ നമ്മെ നയിക്കുന്നത്. ദൈവത്തെ പ്രപഞ്ചസൃഷ്ടാവായി കാണുമ്പോൾ മാത്രമേ ഇതര ജീവജാലങ്ങളെല്ലാം സഹസൃഷ്ടികളായി വീക്ഷിക്കുവാൻ നമുക്ക് കഴിയൂ.

### പരിസ്ഥിതി പ്രശ്നങ്ങൾ

- ഇക്കോളജി എന്ന ഇംഗ്ലീഷ് പദം രൂപം കൊണ്ടിരിക്കുന്നത് 'വീട്' എന്നർത്ഥമുള്ള ഗ്രീക്ക് പദമായ 'OIKOS' ൽനിന്നുമാണ്. നാം അധിവസിക്കുന്ന ഈ പ്രപഞ്ചവുമായുള്ള ബന്ധമാണ് ഇക്കോളജിയുടെ പഠനവിഷയം
- 1945 മുതലാണ് ഐക്യരാഷ്ട്ര സംഘടന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം ആരംഭിച്ചത്. സ്റ്റോക്ഹോം കോൺഗ്രസ് (1972), മോൺട്രിയൽ പ്രോട്ടോകോൾ (1987), ലണ്ടനിലെ ഓസോൺ രക്ഷാ കോൺഫ്രൻസ് (1989), കോപ്പൻഹാഗൻ യോഗം (1992), റിറോദി ജനീറോയിലെ ഭൗമ ഉച്ചകോടി (1992), ജനീവ കൺവൻഷൻ (1996), കെയ്റ്റോ ഉടമ്പടി (1997), കോപ്പൻ ഹാഗൻ ഉച്ചകോടി (2002) എന്നിവയാണ് ഐക്യരാഷ്ട്ര സംഘടന വിളിച്ചു ചേർത്ത പ്രധാന പരിസ്ഥിതി സംരക്ഷണ മീറ്റിംഗുകൾ.
- പ്രപഞ്ചത്തിന്റെ അടിസ്ഥാനപരമായ താളത്തിനുണ്ടായിരിക്കുന്ന ക്രമഭംഗമാണ് പരിസ്ഥിതി നാശമെന്നോ, പരിസ്ഥിതി പ്രശ്നമെന്നോ നാം ഇന്ന് വിലയിരുത്തുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന അതീവ ഗുരുതരമായ മാറ്റങ്ങളാണ് ഇതിന്റെ പാർശ്വഫലങ്ങളിൽ മുഖ്യം. വർദ്ധിച്ചചൂടും (ആഗോളതാപനം), അസാധാരണമായ തണുപ്പും, കാലം തെറ്റിയുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും ഇതിന്റെ പാർശ്വഫലങ്ങളായി കാണുന്നു.

പ്രപഞ്ചത്തിലെ സർവ്വചരാചരാങ്ങളുമായുള്ള പാരസ്പര്യത്തിലേയ്ക്കും പങ്കാളിത്തത്തിലേയ്ക്കുമാണ് ഈ ദർശനം നമ്മെ നയിക്കുക. പരസ്പര ബന്ധിതമായ ഒരു ക്രമത്തിൽ സ്വയമേ ഒന്നിനും നിലനിൽക്കാനാവില്ല. ഏതെങ്കിലും ഒന്നിന്റെ നാശം മറ്റുള്ളവയേയും പ്രതികൂലമായി ബാധിക്കും. ഈ തിരിച്ചറിവിൽ ഇതര സ്രഷ്ടവസ്തുക്കളെ ആദരിക്കുവാനും അവയുടെ അസ്തിത്വത്തെ മാനിക്കുവാനും മനുഷ്യന് സാധിക്കും. ഈ ബോദ്ധ്യവും ഉൾക്കാഴ്ച്ചകളുമാണ് ഉത്തരവാദിത്വബോധമുള്ള ഒരു പ്രപഞ്ചവീക്ഷണത്തിന് ഒരുവനെ പ്രാപ്തനാക്കുന്നതും. ■

www.malankaralibrary.com



# പാരിസ്ഥിതിക സ്ത്രീ വാദവും സാധ്യതകളും

മ്യൂസ് മേരി ജോർജ്
*മലയാള വിഭാഗം, യു. സി കോളേജ്, ആലുവ, 9446262002*

വ്യക്തമായ താത്വികാടിത്തറയും പ്രയോഗ സാധ്യതകളുമുള്ള ജീവിത-ചിന്താരീതിയാണ് പാരിസ്ഥിതിക സ്ത്രീവാദം (Ecofeminism). അതിന്റെ വിവിധ കൈവഴികളെ പരിചയപ്പെടാം.

അമേരിക്കയിലെ അറ്റ്ലാന്റ കേന്ദ്രമായി പ്രവർത്തിക്കുന്ന കൊക്കക്കോള കമ്പനി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പെപ്സി, കൊക്കക്കോള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഭൂഗർഭജലം ഊറ്റിയെടുക്കുന്നു. പാലക്കാട് ജില്ലയിലെ പ്ലാച്ചിമട പ്രദേശത്ത് 34 ഏക്കർ സ്ഥലം വിലയ്ക്കെടുത്ത് 6 കുഴൽക്കിണറുകളും രണ്ടു തുറന്ന കിണറുകളും നിർമ്മിച്ച് പ്രതിദിനം 5 ലക്ഷം ലിറ്റർ ജലം കോള ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനുവേണ്ടി ഉപയോഗിച്ചു. ഇത് നാട്ടുകാരുടെ കിണറുകളെ ഉപയോഗശൂന്യമാക്കി. 1.1/2 ലക്ഷം ലിറ്റർ മുതൽ 3 ലക്ഷം ലിറ്റർ വരെ പ്രതിദിനം കമ്പനി പുറന്തള്ളുന്ന വെയ്സ്റ്റ് വാട്ടർ വലുതായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കി. കമ്പനിമാലിന്യങ്ങൾ തദ്ദേശത്തെ മണ്ണിനെ ഉപയോഗരഹിതമാക്കുകയും മലിനമാക്കുകയും ചെയ്തു. ഇത് ശുദ്ധജല ദൗർലഭ്യത്തിനും കൃഷിനാശത്തിനും ഇടയാക്കി. കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ പിറവിയെടുക്കുന്നതിനും കാരണമായി. ഇതിനെതിരെ മയിലമ്മയുടെ നേതൃത്വത്തിൽ നടന്ന ഐതിഹാസികമായ സമരത്തിന്റെ അനുഭവ ചരിത്രം മലയാളിക്ക് അപരിചിതമല്ല. ജീവന്റെ നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി നടത്തിയ ആ സമരം കേരളത്തിന്റെ പാരിസ്ഥിതിക പ്രജ്ഞയ്ക്ക് പുതിയ പാഠം നൽകി.

വിളപ്പിൽശാലയിലെ സാധാരണക്കാരായ ജനങ്ങൾ മിനിമം ജീവിത സാഹചര്യങ്ങൾക്കായി നടത്തുന്ന സമരം തുടരുകയാണ്. ഇത് വിളപ്പിൽശാലയുടെ മാത്രം പ്രശ്നമല്ല. ഞെളിയൻ പറമ്പ്, ലാലൂർ, വടവാതൂർ എന്നിങ്ങനെ നഗരത്തിന്റെ മാലിന്യം താങ്ങാൻ വിധിക്കപ്പെടുന്ന പഞ്ചായത്തുകൾ നിരവധിയാണ്. ജീവിക്കാൻ ദുസ്സാധ്യമായ വിധം അന്തരീക്ഷമലിനീകരണങ്ങളും മണ്ണുമലിനീകരണവും രോഗവ്യാപനവും ഈ പ്രദേശങ്ങൾ അഭിമുഖീകരിക്കുന്നു. നഗരമാലിന്യങ്ങൾ തിന്നാൻ ഗ്രാമങ്ങൾ വിധിക്കപ്പെടുന്നതെന്തുകൊണ്ട്?

1996 ഫെബ്രുവരിയിലാണ് സൂര്യനെല്ലി ലൈംഗിക പീഡനക്കേസ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പ്രായപൂർത്തിയാവാത്ത സ്കൂൾ വിദ്യാർത്ഥിനിയെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും കേരളത്തിന്റെ വ്യത്യസ്ത സ്ഥലങ്ങളിൽ കൊണ്ടുപോയി കഠിനമായ ശാരീരിക പീഡനങ്ങൾക്കും ലൈംഗികാക്രമണങ്ങൾക്കും ഇരയാക്കിയ ആ കേസിന്റെ ഗതിയെന്തായിരുന്നു? ഇട

www.malankaralibrary.com




നിലക്കാരൊഴികെ ആരും ശിക്ഷിക്കപ്പെട്ടില്ല. എല്ലാ പീഡകരും കുറ്റവിമുക്തരായി. പതിനാലുകാരിയുടെ ലൈംഗികമായ സന്നദ്ധത അംഗീകരിച്ച കോടതിവിധി ശ്ലാഘനീയമായി നാമെല്ലാം അംഗീകരിച്ചു. അതിനു ശേഷമോ? വിതുര, കൊട്ടിയം, കോതമംഗലം, തോപ്പുംപടി, കോഴിക്കോട് ഐസ്ക്രീം പാർലർ, കിളിരൂർ, പൂവരണി, വരാപ്പുഴ, പറവൂർ തുടങ്ങി ലൈംഗിക പീഡനക്കേസുകളുടെ നിരന്തരമായ നിര തന്നെയുണ്ടായി. എല്ലാറ്റിലും ഇരകളാക്കപ്പെട്ടത് കൗമാരക്കാരികളായ പെൺകുട്ടികളാണ്. ഇതിനുപുറമേ 9 മാസം പ്രായമായ പിഞ്ചുകുഞ്ഞുങ്ങൾ മുതൽ പടുവൃദ്ധകൾ വരെ ലൈംഗിക വസ്തുക്കളായി കരുതപ്പെടത്തക്ക വിധം ലൈംഗികാതിക്രമങ്ങൾക്ക് ഇരയാവുന്ന സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടുന്നു. റിപ്പോർട്ട് ചെയ്യപ്പെടാത്തവ എത്രയോ അധികമായിരിക്കും.

ഇനി, വളരെ പ്രധാനപ്പെട്ട മറ്റൊരു പദമാണ് വികസനം. വികസനം കൂടാതെ നാഗരികത വളരില്ല. നാഗരികതയെന്നത് വളർച്ചയുടെ സൂചകമായാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ വികസനത്തിന്റെ പേരിൽ അട്ടിമറിക്കപ്പെടുന്നത് സാധാരണക്കാരായ ജനങ്ങളുടെ മിനിമം ജീവിതാവശ്യങ്ങളാണ്. വികസനത്തിന്റെ പേരിൽ (വലിയ ടെക്നോസിറ്റികൾ, അതിവേഗ പാതകൾ, നക്ഷത്ര നിരത്തുകൾ) കുടിയൊഴിപ്പിക്കപ്പെടുന്ന ആളുകൾ ഇന്ന് കേരളത്തിൽ സാധാരണമാണ്. ഇവരുടെ പുനരധിവാസവും ജീവിത സുസ്ഥിതിയും ഉറപ്പുവരുത്താൻ വികസനപ്രോജക്ടുകളുടെ നടത്തിപ്പുകാർക്ക് സാധിക്കുന്നുണ്ടോ? വികസനത്തിന്റെ പേരിൽ നിർമ്മിക്കപ്പെടുന്ന അംബരചുംബികൾ നിരത്തിനിരുവശത്തും നിരക്കുന്നു. ചതുപ്പും ജലവാർച്ചയുള്ളതുമായ ഭൂപ്രദേശത്തിനുതകുന്നവയാണോ ഈ സൗധനങ്ങൾ. ഇവ നിർമ്മിക്കുന്നതിനു വേണ്ടി ഇല്ലാതാക്കപ്പെടുന്ന കിഴക്കൻമലകൾ എത്രയധികമാണ്. ഇവപണിയുന്നതിനുവേണ്ടി പുഴകൾ എത്രയധികം ആഴത്തിൽ കുഴിക്കപ്പെടുന്നുണ്ട്?

പാരിസ്ഥിതികവും ലൈംഗികവുമായ ഇത്തരം ആക്രമണങ്ങളുടെയും ചൂഷണങ്ങളുടെയും മധ്യത്തിൽ നിന്നുകൊണ്ട് പരിസ്ഥിതിയെയും സ്ത്രീയെയും ചേർത്തുവച്ച് ആലോചിക്കേണ്ടത് ഏറ്റവും നൈതികമായ ആവശ്യമാണ്. മേൽ വിവരിച്ചതുപോലെയുള്ള പ്രശ്നങ്ങൾ കേരളത്തിന്റെ മാത്രം പ്രശ്നങ്ങളല്ല. ലോകമെമ്പാടും ഇത്തരം പ്രതിസന്ധികളെയും ചൂഷണങ്ങളെയും അഭിമുഖീകരിക്കുന്ന ജനത ഇക്കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. ലോകമഹായുദ്ധവും ആണവ ആയുധങ്ങളും ആണവറിയാക്ടറുകളും ഉയർത്തുന്ന ജീവനാശകമായ സാഹചര്യങ്ങളും കൊളോണിയൽ ചൂഷണങ്ങളുടെ പ്രത്യാഘാതങ്ങളും സ്ത്രീയുടെ ലൈംഗികതയിൻമേൽ പുലർത്തിപ്പോരുന്ന ആൺകോയ്മാ മൂല്യവിചാരങ്ങളും ചേർത്തുവച്ച് ആലോചിക്കപ്പെട്ടത് പാരിസ്ഥിതിക സ്തീവാദം (ഇക്കോ ഫെമിനിസം) എന്ന ആശയത്തിന്റെ രൂപപ്പെടലിന് ഇടയാക്കി. ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് ഉന്നയിക്കപ്പെട്ട പാരിസ്ഥിതികവും ലൈംഗികവുമായ പ്രതിസന്ധികളും പ്രശ്നങ്ങളും കേരളത്തിന്റെ സാമൂഹ്യപരിസരത്ത് ഇത്തരമൊരു ചിന്താപദ്ധതിയുടെ ആവിഷ്ക്കാരങ്ങളുടെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

1974 ൽ പ്രസിദ്ധീകൃതമായ ഫ്രാങ്കോയ്സ് ഡി യുബോണിന്റെ (Francoise d'Eaubonne) ' Le feminisme ou la mort (The time of Ecofeminism) എന്ന ഗ്രന്ഥത്തിലാണ് പാരിസ്ഥിതിക സ്ത്രീവാദം എന്ന ആശയം

www.malankaralibrary.com

ആദ്യം ചർച്ച ചെയ്യപ്പെട്ടു കാണുന്നത്. ഉൽപാദനത്തിൻമേലും ലൈംഗികതയിൻമേലും പുലർത്തിപ്പോരുന്ന പുരുഷാധിപത്യം രണ്ടുതരത്തിൽ പാരിസ്ഥിതിത്തകർച്ചയ്ക്കു കാരണമാകുന്നതായി അവർ ചൂണ്ടിക്കാട്ടി. അമിതോൽപാദനവും അമിത ജനസംഖ്യയുമാണ് ഈ പ്രശ്നങ്ങൾ. സ്ത്രൈണഗുണങ്ങളുടെ പ്രയോഗത്തിലൂടെ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയുമെന്ന് ഡി യുബോൺ എഴുതി. പരിപാലനം, കരുതൽ, ശുശ്രൂഷ, സാന്ത്വനം, സൗഖ്യം

> പാരിസ്ഥിതിക സ്തീവാദം വ്യക്തമായ ആശയ പദ്ധതികളും പ്രായോഗിക മാർഗ്ഗങ്ങളുമുള്ള ജീവിത-ചിന്താരീതിയായി വികസിച്ചു.

എന്നിവയ്ക്ക് പ്രാധാന്യം വരുന്നതിലൂടെ സംഭവിക്കുന്ന മാറ്റത്തെക്കുറിച്ചാണ് യുബോൺ എഴുതിയത്. പിന്നീട്, പാരിസ്ഥിതിക സ്തീവാദം വ്യക്തമായ ആശയപദ്ധതികളും പ്രായോഗിക മാർഗ്ഗങ്ങളുമുള്ള ജീവിത-ചിന്താരീതിയായി വികസിച്ചു. പാരിസ്ഥിതി സ്ത്രീവാദത്തിന് മൂന്നു ധാരകൾ നിലവിലുണ്ട്. സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം (Cultural Eco feminisam) സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം (Social Eco Feminism) മൂന്നാംലോക പാരിസ്ഥിതിക സ്ത്രീവാദം (Third world Eco feminism) എന്നിവയാണ് ഈ മൂന്നു വഴികൾ.

സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം സ്ത്രീശരീര കേന്ദ്രിതമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാരൾ ക്രൈസ്റ്റ്, ജൂഡിറ്റ് പ്ലാസ്ക്കോവ്, റൂസ്മേരി റാഡ്ഫോർഡ് റൂഥർ എന്നിവരൊക്കെ ഈ ചിന്താരീതിക്ക് മൂർത്തരൂപം നൽകാൻ ശ്രമിച്ചു. കാരൾ ക്രൈസ്റ്റും, ജൂഡിറ്റ് പ്ലാസ്ക്കോവും തങ്ങളുടെ ചിന്തകൾ നാലുതരം കാര്യങ്ങളെ അഭിസംബോധന ചെയ്യുന്നുവെന്ന് പറയുന്നു. ദൈവത്തിന്റെ രൂപവും ഭാഷയും പുരുഷന്റേതുമാത്രമായിരിക്കുന്നുവെന്നതാണ് ഒന്നാമത്തെ പ്രശ്നം. ശരീരവും മനസ്സുമെന്ന വിരുദ്ധദ്വന്ദ്വത്തെ അവതരിപ്പിക്കുകയും സ്വർഗ്ഗീയയാത്രയിൽ ഭൂമിയിലേക്കു വലിച്ചിടുന്ന ശരീരം പാപമായിരിക്കുകയും ചെയ്യുന്നുവെന്ന ചിന്തയാണ് രണ്ടാമത്തെ പ്രശ്നം. സ്ത്രീയുടെ ആത്മീയാനുഭവങ്ങളും ചരിത്രവും വീണ്ടെടുക്കുക എന്നത് മൂന്നാമത്തെ കാര്യമാണ്. പുതിയ ദൈവശാസ്ത്രവും അനുഷ്ഠാനവും നിർമ്മിക്കുക നാലാമത്തെ കാര്യമാണ്" (ഫെമിനിസം ആന്റ് ഇക്കോളജി: മേരി മെല്ലർ 1977:52). ആത്മീയതയ്ക്ക് സ്ത്രൈണരൂപം കൊടുക്കുവാൻ ഈ ചിന്തകർ ശ്രമിക്കുന്നു. പരിചരണത്തിന്റെയും പരിപാലനയുടെയും ശമനത്തിന്റെയും ജീവദായകത്വത്തിന്റേതുമായ ദൈവസങ്കൽപ്പത്തെയാണവർ മുന്നോട്ടുവയ്ക്കുന്നത്. മേൽവിവരിച്ച ഗുണങ്ങളോടുകൂടിയ ദൈവസങ്കൽപ്പം അതിനാൽത്തന്നെ സ്ത്രീ ശരീരകേന്ദ്രിത മൂല്യങ്ങളോടുകൂടിയതാണ്. ഇത്തരം മൂല്യങ്ങളുടെ ആഘോഷവും ആനന്ദാനുഭവവുമായി ആത്മീയത നിർവചിക്കപ്പെടുന്നു.

സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം ആൺകോയ്മാ (Patriarchy) മൂല്യങ്ങളിൽ നിന്ന് പ്രകൃതിയെയും സ്ത്രീപുരുഷന്മാരേയും മോചിപ്പിക്കാനുള്ള ശ്രമമാണ്. സാകല്യത (Wholeness) യെന്നത് ഇത്തരമൊരു ശ്രമത്തിന്റെ ഭാഗമാണ്. പ്രകൃതിയും മനുഷ്യരും അഭേദരൂപത്തിലും അന്യവൽക്കരിക്കപ്പെട്ടും വ്യവഹരിക്കേണ്ടതല്ലെന്ന ചിന്തയാണ് സാകല്യതാബോധത്തിന് ആധാരം. സ്ത്രീയുടെ ജൈവികതയും പ്രകൃതിയും സ്ത്രൈണശക്തിയുടെ ഉറവിടങ്ങളാണ്. സ്ത്രീശരീരത്തിനും പ്രകൃതിക്കും നേരെയുള്ള അക്രമങ്ങൾ എതിർക്കപ്പെടേണ്ടതാണ്. ഇതിനുള്ളബദൽ സ്ത്രീശരീരമൂല്യത്തിന് പ്രാധാന്യമുള്ള പ്രവർത്തനങ്ങളാണ്. ന്യൂക്ലിയർ പരീക്ഷണങ്ങളോടുള്ള എതിർപ്പ്, അശ്ലീലസാഹിത്യം, നീല സിനിമകൾ എന്നിവയോടുള്ള പ്രതികരണങ്ങൾ തുടങ്ങിയവ ഈ ചിന്തയുടെ ഭാഗമാണ്. സ്ത്രീയുടെ പ്രത്യുൽപ്പാദനപരതയും (പ്രകൃതി) പുരുഷാധിപത്യ മൂല്യങ്ങളിൽ രൂപകൽപന ചെയ്ത സാങ്കേതികതയും (സംസ്ക്കാരം) തമ്മിലുള്ള സാമൂഹ്യഇടപെടലിന് ശരീര സംബന്ധിയായ പാഠം നൽകാനാണ് സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം (Culturam eco feminism) ശ്രമിക്കുന്നത്.

സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം (Social eco feminism) ജീവന്റെ പുനരുൽപാദനത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. ഭക്ഷണം, വെള്ളം, മണ്ണ്, കാലാവസ്ഥ, മനുഷ്യജീവിതം എന്നിവയെല്ലാം ഇന്നു തകർച്ചയുടെ വക്കിലാണ്. ജീവശാസ്ത്രപരവും സാമൂഹിക

www.malankaralibrary.com

വുമായ അതീജിവനാകാംക്ഷയെ ഈ ചിന്താപദ്ധതി കൂടെ ച്ചേർക്കുന്നു. കൊളേണിയൽ ചൂഷണത്തിന്റെ തിക്തഫലങ്ങളെ (സാമൂഹ്യ-സാമ്പത്തിക- ലൈംഗിക പ്രശ്നങ്ങളെ) സാമൂഹ്യപരിസ്ഥിതിക സ്ത്രീവാദം ചിന്തകളുടെ കേന്ദ്രത്തിൽ നിർത്തുന്നു. കോളനീകര ണത്തിനായുള്ള കപ്പൽയാത്രകൾ അതുവരെ യൂറോ പ്യൻ സ്പർശമേൽക്കാതിരുന്ന ആഫ്രോ ഏഷ്യൻ രാജ്യങ്ങളുടെ 'കണ്ടുപിടുത്ത'ങ്ങൾക്കും പേരിടൽ കർ മ്മങ്ങൾക്കും ചൂഷണങ്ങൾക്കും കാരണമായി. അവിടു ത്തെ പ്രകൃതി വിഭവങ്ങളും മനുഷ്യവിഭവങ്ങളും അവർ ചൂഷണം ചെയ്തു. ലൈംഗികാടിമകളായി സ്ത്രീകളെ അവർ വീക്ഷിച്ചു. പുരുഷന്മാരും സ്ത്രീ കളും കുട്ടികളും അധ്വാനത്തിനുള്ള വിഭവം മാത്രമാ യിത്തീർന്നു. ഖനികൾ നിർമ്മിച്ച് മണ്ണിനെ മുറിപ്പെ ടുത്തി. തദ്ദേശവാസികളെ പ്രീണിപ്പിച്ചും അക്രമിച്ചും കീഴടക്കി, അവിടങ്ങളിലെ സ്വാഭാവിക ഭൂപ്രദേശങ്ങൾ തകർത്ത്, സാമ്പത്തിക ലാഭത്തിനുള്ള ഉപകരണങ്ങൾ മാത്രമായി ത്തീർന്നതിന്റെ ഫലമായി തകർന്നു തരിപ്പ ണമായവയാണ് മിക്ക ആഫ്രോ ഏഷ്യൻ ലാറ്റിനമേരി ക്കൻ ഭൂപ്രദേശങ്ങൾ. ഇത്തരം കഠിനയാഥാർത്ഥ്യ ങ്ങളെ ഉൾക്കൊള്ളാൻ പുതുകാലത്തെ സാമൂഹ്യ ശാസ്ത്രജ്ഞർക്കും ദൈവശാസ്ത്രജ്ഞർക്കും സാധിക്കണം.

ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പാരി സ്ഥിതിക പ്രവർത്തനങ്ങളിലൂടെ സാമൂ ഹിക നീതി ഉറപ്പുവരുത്തുക സാമൂഹ്യ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ലക്ഷ്യമാണ്. ലിംഗപരവും വംശീയവും പാരി സ്ഥിതികവുമായ ആധിപത്യ ങ്ങളെ ചെറുക്കുന്നതിന് വേണ്ടുന്ന പ്രവർത്തനങ്ങൾ ഈ ചിന്താധാര മുന്നോട്ടുവയ്ക്കുന്നു. വിവാഹം, അണുകുടുംബം, കാൽപനിക പ്രേമം, മുതലാളിത്തം, ആൺകോ യ്മയിലെ മതങ്ങൾ എന്നിവയിലെ അടിച്ചമർത്തലുകളെയും ആധി പത്യങ്ങളെയും പാരിസ്ഥിതിക ആഘാതങ്ങളോടും തകർച്ചക ളോടും ചേർത്തുവച്ച് ആലോചി ക്കാൻ സാമൂഹ്യപാരിസ്ഥിതിക സ്ത്രീവാദം ശ്രമിക്കുന്നു. കോളനീ കരണത്തിലും മുതലാളിത്തത്തിലും അധിഷ്ഠിതമായ വികസന സങ്കൽപ്പത്തെ വിമർശിക്കുന്നു. ഭൂമിയോടും സ്ത്രീശരീരത്തോടും നടത്തുന്ന അക്രമങ്ങളെയും കടന്നുകയറ്റങ്ങളെയും ചെറുക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിലെ ഉൽപാദന വ്യവസ്ഥ അടിസ്ഥാന പ്പെടുത്തിയിരിക്കുന്നത് സ്വകാര്യം/ പൊതു എന്ന ദ്വന്ദ്വാത്മകതയിലാണ്. ഈ ദ്വന്ദ്വാത്മകത ചൂഷണ ത്തിനുള്ള ഉപാധിയാണെന്ന് ഈ ദർശനം ചൂണ്ടി ക്കാട്ടുന്നു. അതുകൊണ്ട് സ്ത്രീയുടെയും പുരുഷ ന്റെയും പ്രത്യുൽപാദനത്തിലെ വ്യത്യസ്തതയെ അംഗീകരിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനമാണ് സാമൂഹ്യ പാരിസ്ഥിതിക സ്ത്രീവാദം ഉന്നയിക്കുന്നത്.

ജീവശാസ്ത്രപരമായി സ്ത്രീപുരുഷന്മാർ വ്യത്യ സ്തരാണെങ്കിലും പരിപാലന മൂല്യത്തിലധിഷ്ഠി തമായ പാരിസ്ഥിതിക നൈതികത പാലിക്കുന്നതിന് സ്ത്രീക്കും പുരുഷനും സാധിക്കുമെന്ന ശുദ്ധവിശ്വാ സം ഇവർ പുലർത്തുന്നു. ഇത്തരം നീതിബോധത്തി



www.malankaralibrary.com

ന്റെ ലിംഗനിരപേക്ഷമായ പ്രയോഗത്തിലൂടെ പ്രകൃതിയോടും സ്ത്രീയോടും നടത്തുന്ന ബലാൽക്കാരങ്ങളെ ചെറുക്കാൻ സാധിക്കുമെന്ന് ഈ ചിന്താപദ്ധതി ഉറപ്പിച്ചു പറയുന്നു. കരോലിൻ മർച്ചന്റ്, നെസ്ട്രാകിങ്, ഏരിയൽ ഡല്ലേ എന്നിവർ ഇത്തരമൊരു ഭൂമികയിൽ നിന്നുകൊണ്ട് ചിന്തിക്കുന്നവരാണ്. പ്രകൃതിയോടും സ്ത്രീയോടും ആധിപത്യം പുലർത്താത്തതും ജൈവികതയെ നിലനിർത്തുന്നതുമായ ശാസ്ത്രത്തെ ഇവർ വിഭാവന ചെയ്യുന്നു. വർത്തമാനകാല പാരിസ്ഥിതിക പ്രതിസന്ധിയുടെ വേരുകൾ കണ്ടെത്തുന്നതിനും ശാസ്ത്രവും സാങ്കേതികതയും തമ്മിലുള്ള ബന്ധം അന്വേഷിക്കുന്നതിനും അവർ ശ്രമിക്കുന്നു. ഫ്രാൻസീസ് ബേക്കൺ, റെനെ ദക്കാർത്തെ എന്നിവരുടെ തത്വശാസ്ത്രചിന്തകളെയും അതിൽ അധിഷ്ഠിതമായ ആധുനികതയെയും വികസനസങ്കൽപ്പങ്ങളെയും വിമർശിക്കുന്നു.

> **പുരുഷന് സ്ത്രീയുടെ നേരെയുള്ള ആധിപത്യഭാവം എല്ലാത്തരം ആധിപത്യങ്ങളുടെയും ആദിമമാതൃകയാണ്.**

പുരുഷന് സ്ത്രീയുടെ നേരെയുള്ള ആധിപത്യഭാവം എല്ലാത്തരം ആധിപത്യങ്ങളുടെയും ആദിമമാതൃകയാണ്. വംശം, വർണ്ണം, വർഗ്ഗം, ലിംഗം എന്നിവയിലെല്ലാം ആധിപത്യം പുലർത്തുന്ന സാമൂഹ്യഘടന പ്രകൃതിയെയും അപരമാക്കുന്നു. അതിനാൽ ഘടനാപരമായ അഴിച്ചുപണി ആവശ്യമാണ്. പുരുഷൻ/സ്ത്രീ = പ്രകൃതി എന്ന തരത്തിൽ സമത്വത്തിലും സമഭാവനയിലും അധിഷ്ഠിതമായ പുതിയ സമവാക്യം ഏരിയൽ ഡല്ലേ നിർമ്മിക്കുന്നു.

ഇന്ത്യ പോലെയുള്ള വികസ്വരരാജ്യങ്ങളിലെയും അവികസിതരാജ്യങ്ങളിലെയും സാമ്പത്തിക സാമൂഹ്യാവസ്ഥകളെ അടിസ്ഥാനമാക്കി പാരിസ്ഥിതിക സ്ത്രീവാദ ചിന്തകളെ വന്ദനശിവ അവതരിപ്പിക്കുന്നു. ഇത് മൂന്നാംലോക പാരിസ്ഥിതികസ്ത്രീവാദ (third world eco feminism) ത്തിന്റെ അടിത്തറയാണ്. അതിജീവനത്തിനുവേണ്ടി പോരാടുന്ന മൂന്നാം ലോകത്തിലെ സ്ത്രീക്ക് ആത്മീയത ഭൗതികതയിൽ നിന്ന് വേറിട്ട ഒന്നല്ല. "മനുഷ്യചരിത്രത്തിന്റെ കേന്ദ്രത്തിലേക്ക് ജീവനെയും അതിജീവനത്തെയും പ്രത്യേക പരിഗണനയോടെ കൊണ്ടുവരികയാണ് മൂന്നാം ലോക സ്ത്രീ ചെയ്യുന്നത്. എല്ലാത്തരം ജീവിതങ്ങളുടെയും അതിജീവനമാണ് ലക്ഷ്യം. ഇതു സാധിക്കുന്നതിന് പ്രകൃതിയിലും സമൂഹത്തിലുമുള്ള സ്ത്രൈണ മൂല്യങ്ങളുടെ തിരിച്ചുവരവിനുള്ള അടിത്തറയിടുന്ന മൂന്നാം ലോക സ്ത്രീയെ വന്ദനശിവ തന്റെ ചിന്തയുടെ കേന്ദ്രത്തിൽ നിർത്തുന്നു. മൂന്നാംലോകം അഭിമുഖീകരിച്ചത് നൂറ്റാണ്ടുകൾ നീളുന്ന കൊളോണിയൽ ചൂഷണമാണ്. ഇത് പാരിസ്ഥിതികവും വംശീയവുമായ ചൂഷണമായിരുന്നു. ഭാഷകൾ, ഈശ്വരവിശ്വാസങ്ങൾ, പാരിസ്ഥിതികമായ തനിമ എന്നിവയെല്ലാം ഇല്ലാതായിത്തീർന്നു. പതിനേഴാം നൂറ്റാണ്ടുമുതലുള്ള യൂറോപ്യൻ ചൂഷണവും കോളനീകരണവും തദ്ദേശീയമായ സസ്യങ്ങളെയും ആവാസവ്യവസ്ഥകളെയും താറുമാറാക്കി. ഇറക്കുമതി വിളകൾ ആധിപത്യം നേടി. ഇറക്കുമതി ഭാഷയും മതവും ജനവിഭാഗങ്ങളെ അനാഥരും സ്വജീവിത വ്യവസ്ഥയിൽ നിന്ന് അന്യരുമാക്കി. നവകൊളോണിയലിസവും പുത്തൻ മുതലാളിത്തവും പുതുരൂപങ്ങളിലൂടെ ഇതു നിർബാധം തുടരുന്നു. പുതിയ വിത്തുകൾ, കീടനാശിനികൾ, ഗർഭനിരോധന മാർഗ്ഗങ്ങൾ, കുപ്പിപാനീയങ്ങൾ, ഇറക്കുമതി ഭക്ഷണങ്ങൾ, ഇറക്കുമതി മാലിന്യങ്ങൾ എന്നിവയെല്ലാം മൂന്നാം ലോകത്തിനുമേൽ പരീക്ഷിക്കുന്നു. സ്ത്രീശരീരത്തിൻമേലുള്ള ലൈംഗിക ചൂഷണങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇവയ്ക്കെല്ലാമെതിരെ മൂന്നാം ലോകത്തുനിന്ന് ശക്തമായ എതിർപ്പുകൾ ഉണ്ടാവുന്നത് സത്രീകളുടെ നേതൃത്വത്തിലാണ്. മംഗാരുമതാലി, കാതിനി മലോബ, ഇസബെല്ല, ലെറ്റെലിയർ, മയിലമ്മ എന്നിവരൊക്കെ ഈ ശ്രേണിയിൽ പെടുന്നു. കൂടാതെ, പ്രാദേശികമായ നിരവധി ചെറുഗ്രൂപ്പുകളും ഉണ്ട്. ശരീരവും പ്രകൃതി വിഭവങ്ങളും വിശ്വാസങ്ങളും തകർന്നുകൊണ്ടേയിരിക്കുന്ന ജനവിഭാഗങ്ങളുമാണ് അതിജീവനവഴിയിലെ സജീവവിഷയമെന്നത് മൂന്നാംലോക പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രത്യേകത.

മേൽപ്പറഞ്ഞ പാരിസ്ഥിതിക സ്ത്രീവാദ ചിന്തകൾ

*......ശേഷം പേജ് 45-ൽ*

www.malankaralibrary.com



# അരിവാളും കുരിശും

ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

കമ്യൂണിസവും ക്രിസ്തുമതവും തമ്മിലുള്ള സംവാദം സജീവമായിരിക്കുകയാണ്. കമ്യൂണിസ്റ്റ് ആചാര്യനായ മാർക്സിന് യഥാർത്ഥത്തിൽ വഴിതെറ്റിയത് എവിടെയാണ്? ഒരന്വേഷണം

'ചേറും ചോരയും' എന്ന കവിതയിൽ മലയാളത്തിന്റെ പ്രിയ കവി സച്ചിദാനന്ദൻ മാർക്സിന്റെ 'മൂലധനം' (Das Capital) വായിച്ച ശേഷമുള്ള അനുഭവം എഴുതുന്നതിപ്രകാരമാണ്.

"മഹാന്മാരുടെ വീഴ്ചകൾ വീഴ്ചകൾ തന്നെ; അവ തിരുത്തപ്പെടാത്തപ്പോൾ വിശേഷിച്ചും."

ഒരു മനുഷ്യന്റെ വ്യക്തിപരമായ ദുരനുഭവങ്ങളും ദുരന്തങ്ങളും എങ്ങനെ ലോകചരിത്രത്തെ വഴിതിരിച്ചുവിടുന്നു എന്നതിന് ഉത്തമോദാഹരണമാണ് കാൾ മാർക്സിന്റെ ജീവിതവും രചനകളും. വൈയക്തികാനുഭവങ്ങളെ യുക്തിരഹിതമായി സാമാന്യവൽക്കരിക്കുന്ന (Illegitimate Generalisation) അബദ്ധത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മാർക്സിയൻ മതവിമർശനം. ചുവന്ന കണ്ണടകൾ വച്ചവർക്ക് നീലാകാശവും ചുവപ്പുതന്നെ!

## അൽപം ചരിത്രം

1818ൽ ജർമ്മനിയിലെ ട്രിയറിൽ ജനിച്ച മാർക്സിന്റെ മാതാപിതാക്കൾ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലേക്ക് മാനസാന്തരപ്പെട്ട യഹൂദരായിരുന്നു. മതം എന്നത് ആ കുടുംബത്തെ സംബന്ധിച്ച് സാമൂഹ്യജീവിതം സുഗമമാക്കുന്നതിനുള്ള ഒരു ഉപാധി മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ആഴമായ മതാത്മകത ആ കുടുംബത്തിനുണ്ടായിരുന്നില്ല. യുക്തിവാദത്തിന്റെയും ഫ്രഞ്ചുവിപ്ലവത്തിന്റെയും സ്വാധീനത്തിൽപെട്ട ആ കുടുംബത്തിൽ ബൈബിളിനേക്കാളും പ്രാമാണിത്വം റൂസോയുടെയും വോൾട്ടയറുടെയും ചിന്തകൾക്കായിരുന്നു. സ്കൂൾ ജീവിതകാലത്തുതന്നെ ദൈവത്തെ ചോദ്യം ചെയ്യാനുള്ള പ്രവണത മാർക്സിൽ പ്രകടമായിരുന്നു. ഗ്രീക്ക് മിത്തോളജിയിലെ പ്രോമിത്യൂസിനെ അനുകരിച്ച് മാർക്സ് തന്റെ ഡോക്ടറേറ്റ് തീസിസിന്റെ ആമുഖത്തിൽ എഴുതി: "ഞാൻ എല്ലാ ദൈവങ്ങളെയും വെറുക്കുന്നു. സേവൂസ്, ദൈവം, പരമാത്മാവ് (absolute) ഇവരെല്ലാം മനുഷ്യന് അർഹമായ സിംഹാസനം തട്ടിയെടുത്ത വികലവിഗ്രഹങ്ങളാണ്. എന്നാൽ ആദ്യം നശിപ്പിക്കപ്പെടേണ്ടത് ദേവാലയവും അതിലെ പൂജാരികളുമല്ല. അവനവന്റെ ഉള്ളിലെ പള്ളിയും അതിലെ പട്ടക്കാരനുമാണ്."

മാർക്സിന്റെ ഈശ്വരനിഷേധം മാനുഷികവാദത്തിലധിഷ്ഠിതമായ നാസ്തികവാദമാണ് (Humanistic Atheism). സൂപ്പർമാനെ അവതരിപ്പിച്ച നീത്ഷെയെപ്പോലെ ദൈവസങ്കൽപ്പം മനുഷ്യസ്വാതന്ത്ര്യത്തിനും

www.malankaralibrary.com



പുരോഗതിക്കും വിഘാതമാണെന്ന തിരിച്ചറിവിൽ മതവും ദൈവവും നശിപ്പിക്കപ്പെട്ടെങ്കിൽ മാത്രമേ വർഗ്ഗരഹിതസമൂഹം നിലവിൽവരൂ എന്ന് മാർക്സ് വിശ്വസിച്ചു.

മാർക്സിന്റെ ഡോക്ടറേറ്റ് തീസിസിന്റെ വിഷയം "The difference between the Democritean and Epicurean Philosophy of Nature' എന്നതായിരുന്നു. ഇതിൽ ദൈവങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ട് മനുഷ്യന്റെ ഔന്നത്യത്തെ ഉയർത്തിക്കാട്ടിയ എപ്പിക്യൂറസിനെ പുകഴ്ത്തുന്നുണ്ട്.

മാർക്സിയൻ ഭൗതികവാദത്തിൽ ഫോയർബാഹ് എന്ന ചിന്തകനും ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഫൊയർബാഹ് എഴുതി: "മനുഷ്യന്റെ സഫലമാകാത്തതും പൂർത്തീകരിക്കപ്പെടാനാകാത്തതുമായ മോഹങ്ങളുടെ സൃഷ്ടിയാണ് ദൈവം." മനുഷ്യൻ തന്റെ സ്വപ്നങ്ങളിലുള്ള കോലങ്ങൾ വരച്ച് അതിനടിയിൽ ദൈവങ്ങളെന്നെഴുതി. അതുകൊണ്ടുതന്നെ മനുഷ്യനെ അന്യവത്ക്കരിക്കുന്ന ഈ ദൈവസങ്കൽപം ഇല്ലായ്മചെയ്യപ്പെടേണ്ടതാണെന്ന് മാർക്സിനു തോന്നി. മാർക്സ് എഴുതി; "ദൈവത്തെ അംഗീകരിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ച് ആത്മഹത്യാപരമാണ്. കാരണം സ്വയം ശാസിതമായ (autonomous) രണ്ടു പദാർത്ഥങ്ങൾക്കോ മനസുകൾക്കോ സഹവർത്തിത്വം സാധ്യമല്ല.

Economics and Philosophic Manuscript എന്ന ഗ്രന്ഥത്തിൽ 'സൃഷ്ടി'യെ മാർക്സ് നിരാകരിക്കുന്നുണ്ട്. സൃഷ്ടിസങ്കൽപം മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും സ്വയംപര്യാപ്തതയെയും വെല്ലുവിളിക്കുന്നുവെന്ന് മാർക്സ് കരുതി. യുക്തിരാഹിത്യം തന്നെയായ ദൈവം വളരുന്നതിനനുസരിച്ച് മനുഷ്യൻ ചെറുതാക്കപ്പെടുന്നു.

മതത്തെയും ദൈവത്തെയും ചൂഷണോപാധിയായി മാർക്സ് ചിത്രീകരിച്ചു. ഒരു വ്യക്തിയുടെ ചുറ്റുമുള്ള അനീതി നിറഞ്ഞ സാഹചര്യങ്ങളെയും അവക്കെതിരെ പടപൊരുതാനുള്ള അവന്റെ ശേഷിയെയും മതം ചോർത്തിക്കളയുന്നുവെന്ന് മാർക്സ് വിശ്വസിച്ചു. ഈ ലോകത്തിലെ സഹനങ്ങൾക്കെല്ലാം പരലോകത്തിൽ നൂറിരട്ടി പ്രതിഫലം കിട്ടുമെന്ന് പഠിപ്പിക്കുന്ന മതം മനുഷ്യന്റെ ധിഷണാശേഷിയെയും പ്രതികരണശേഷിയെയും മയക്കുന്ന കറുപ്പാണെന്ന് മാർക്സ് എഴുതി.

ഒരുവനെ നിസഹായതയുടെയും ചൂഷണത്തിന്റെയും ചോരയിലും ചലത്തിലും അഭിരമിക്കുവാൻ പ്രേരിപ്പിക്കുന്ന മതം നശിച്ചാൽ മാത്രമേ യഥാർത്ഥ സന്തോഷം അവന് ലഭിക്കൂഎന്നും അദ്ദേ ഹം കരുതി. ധാർമ്മികതയുടെ നിലനിൽപ്പിന് ഒരു മതത്തെയോ ദൈവത്തെയോ ആവശ്യമില്ലെന്നും മാർക്സ് കരുതി. മനുഷ്യനാണ് എല്ലാറ്റിന്റെയും മാനദണ്ഡമെന്നു കരു

www.malankaralibrary.com

തിയ (Man is the measure of all things) ഗ്രീക്ക് ചിന്തകൻ പ്രോട്ടഗോറസിന്റെ പിൻഗാമി തന്നെ എല്ലാ അർത്ഥത്തിലും മാർക്സ്.

## മുൻവിധിയുടെ കണ്ണടകൾ

ധാർമ്മികതയുടെ അളവുകോലായി ദൈവത്തിനു പകരം മനുഷ്യനെ പ്രതിഷ്ഠിച്ച മാർക്സിന്റെ മതവിമർശനം ധാർമ്മികതയെ ആപേക്ഷികമാക്കിക്കളഞ്ഞു. മനുഷ്യാവസ്ഥയുടെ പൂർണ്ണതയ്ക്ക് ഭൗതികവാദം ഒരു പരിഹാരമല്ലെന്ന് തിരിച്ചറിയാൻ അദ്ദേഹത്തിനായില്ല. ദൈവത്തെയും ആത്മാവിനെയും നിഷേധിച്ചു കളഞ്ഞാൽ പിന്നെ ധാർമ്മികതയുടെ മാനദണ്ഡമെന്ത്? അതുകൊണ്ടുതന്നെ സ്റ്റാലിന്റെ കൂട്ടക്കുരുതികളും റുമേനിയൻ ഏകാധിപതി ചൗഷസ്ക്യൂവിന്റെ അഴിമതികളും സ്വജനപക്ഷപാതവും കെ.ജി.ബിയുടെ ഇരുമ്പുമറയുമെല്ലാം തെറ്റാണെന്ന് അളക്കാൻ മാർക്സിയൻ പ്രത്യയശാസ്ത്രത്തിൽ മാനദണ്ഡങ്ങളില്ലാതെ പോയി. അതുകൊണ്ടാണ് ജയപ്രകാശ് നാരായണൻ പറഞ്ഞത് “ഞാൻ എന്തുകൊണ്ട് നല്ലവനായിരിക്കണം എന്ന ചോദ്യത്തിന് മാർക്സിസത്തിൽ ഉത്തരമില്ല” എന്ന്. കയ്യൂക്കുള്ളവൻ കാര്യക്കാരനാകുന്ന കാട്ടുനീതി ലോകക്രമമാകുന്നിടത്ത് അവൻ പറയുന്നതാണ് സത്യം. അത്തരം ലോകത്തിൽ പീലാത്തോസും സ്റ്റാലിനും മാവോയും പോൾപോട്ടും കൈ കഴുകിക്കൊണ്ട് ചോദിക്കും; “എന്താണ് സത്യം?”

സ്വാമി വിവേകാനന്ദൻ എഴുതി ""Religion is not for empty bellies" (വിശക്കുന്ന വയറുകൾക്കുള്ളതല്ല മതം). പക്ഷെ വയറിന്റെ വിശപ്പുമാറിയാൽ എല്ലാമാവില്ല. കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനത്തിനു കീഴ്പെടുന്നവർ ദാഹം മാറ്റാൻ ഉപ്പുവെള്ളം കുടിക്കുന്നവരാണ്. ആത്യന്തികമായ ദാഹശമനം നൽകുന്നത് അതീന്ദ്രിയമായ, അതിഭൗതികമായ ഈശ്വരസങ്കൽപമാണ്. നൂറ്റാണ്ടുകളുടെ മതമർദ്ദനങ്ങൾക്കും സംഹാരപ്രക്രിയകൾക്കും ശേഷവും ദൈവവും മതവും ഇന്നും പ്രപഞ്ചഹൃദയത്തിലെ ഒരു സജീവ സാന്നിദ്ധ്യമാണെന്നത് മനുഷ്യനൊരു അതിഭൗതികതലമുണ്ടെന്നതിലേക്കുള്ള സൂചനയാണ്. മാർക്സിസ്റ്റ്–സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നടന്ന മാറ്റങ്ങൾ സൂചിപ്പിക്കുന്നത് ചിന്തിക്കുന്ന മനുഷ്യനിൽ ഉണർന്നുവന്ന് ശക്തിപ്രാപിക്കുന്ന ഈ ആത്മാവബോധമാണ്.

ഒരുകാലത്ത് കമ്യൂണിസത്തിന്റെ ഇരുമ്പുമറയിൽ കഴിഞ്ഞിരുന്ന റഷ്യയിൽ ഗോർബച്ചേവിന്റെ ഗ്ലാസ്നോസ്റ്റ് (തുറവി), പെരിസ്ട്രോയിക്ക (അഴിച്ചുപണി) നയങ്ങൾ വരുത്തിയ മാറ്റങ്ങൾ വിപ്ലവാത്മകമാണ്. ഇന്ന് റഷ്യയിൽ ഏറ്റവും കൂടുതൽ വിറ്റഴിയുന്ന പുസ്തകം ബൈബിളാണ്. ഇരുപത് പേർ ചേർന്ന് അപേക്ഷിച്ചാൽ ഒരു പള്ളി സർക്കാർ സ്ഥാപിക്കുന്നു. റഷ്യൻ മ്യൂസിയങ്ങളിൽ സർക്കാരധീനതയിൽ സൂക്ഷിച്ചിരുന്ന വിശുദ്ധരുടെ തിരുശേഷിപ്പുകൾ വീണ്ടും അൾത്താരകളിലേക്ക് പുനഃപ്രതിഷ്ഠിക്കപ്പെട്ടു.

> മതവും ദൈവവും നശിപ്പിക്കപ്പെട്ടെങ്കിൽ മാത്രമേ വർഗ്ഗരഹിതസമൂഹം നിലവിൽവരൂ എന്ന് മാർക്സ് വിശ്വസിച്ചു.

മനുഷ്യനെ സാമ്പത്തികാടിത്തറയുടെ വീക്ഷണകോണിൽ നിന്നുമാത്രം വിലയിരുത്തി എന്നതാണ് മാർക്സിനു പറ്റിയ അബദ്ധം. മനുഷ്യനിലുള്ള മാർക്സിന്റെ അതിരുകടന്ന വിശ്വാസം, മനുഷ്യപ്രകൃതിയുടെ ഉള്ളറകളിലേക്കിറങ്ങി അവിടെ ഒളിഞ്ഞിരിക്കുന്ന രഹസ്യങ്ങളെ മനസിലാക്കുന്നതിന് മാർക്സിന് തടസമായി.

പ്രപഞ്ചത്തിന്റെ ഉത്ഭവം, മനു ഷ്യന്റെ അസ്തിത്വം, മനുഷ്യജീവിതത്തിന്റെ ലക്ഷ്യം തുടങ്ങിയ അടിസ്ഥാനപരമായ ചോദ്യങ്ങളിൽനിന്ന് മാർക്സ് ഒഴിഞ്ഞുമാറി. അതുകൊണ്ടുതന്നെ എറിക് ഫോഗലിൻ മാർക്സിനെ ‘ബുദ്ധിമാനായ സൂത്രക്കാരൻ’ (Intellectual Swindler) എന്നു വിളിക്കുന്നു. മതത്തെയും ദൈവത്തെയും നിരാകരിച്ച മാർക്സിന്റെ പിൽക്കാലജീവിതത്തിന് അതിദാരുണവും ദുരന്ത പൂർണ്ണവുമായ പര്യവസാനമാണുണ്ടായതെന്നതിന് ചരിത്രം സാക്ഷി. സാങ്കൽപിക സ്വർഗ്ഗങ്ങൾ (Uttopia) കെട്ടിപ്പൊക്കുന്നവരെ നോക്കിയും സ്വർഗ്ഗം ചിരിക്കുന്നു. ആ ചിരിയുടെ അർത്ഥമെന്താണാവോ! ■

www.malankaralibrary.com



# വിവാഹാശീർവ്വാദം സാധുവാകണമെങ്കിൽ

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**■ ഞാനും ഞാൻ വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിയും ഒരേ ഇടവകാംഗങ്ങളാണ്. ഞങ്ങളുടെ വിവാഹം ആശീർവദിക്കാമെന്ന് വികാരിയച്ചൻ സമ്മതിച്ചിരുന്നു. വിവാഹത്തിന് ഏകദേശം മൂന്ന് മണിക്കൂർ മുൻപ് ശക്തമായ നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് അദ്ദേഹത്തെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. ആസ്പത്രിയിലേക്ക് പോകുന്നതിനുമുൻപ് അയൽ ഇടവകകളിലെ ഏതെങ്കിലുമൊരു വൈദികനെ വിളിച്ച് വിവാഹം ആശീർവദിക്കാൻ വേണ്ട ഏർപ്പാട് ചെയ്യണമെന്ന് വികാരിയച്ചൻ എന്നോട് പറഞ്ഞിരുന്നു. അതനുസരിച്ച് അയൽ ഇടവകയിലെ ഒരു വൈദികനെ വിളിച്ച് കാര്യം പറഞ്ഞു. അദ്ദേഹം വന്ന് ഞങ്ങളുടെ വിവാഹം ആശീർവദിച്ചു. ഈ വിവാഹം സാധുവല്ലെന്ന് ചിലർ പറയുന്നു. ശരിയാണോ?**

**സാബു ചെറിയാൻ, പേരാമ്പ്ര**

ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിന് മുൻപ് കത്തോലിക്കാസഭയിലെ മെത്രാന്മാർക്കും ഇടവക വികാരിമാർക്കും മറ്റ് വൈദികർക്കും ഉള്ള അധികാരങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ അറിവുണ്ടായിരിക്കണം. ആദ്യമായി നാം മനസ്സിലാക്കേണ്ടത് രണ്ട് തരത്തിലുള്ള അധികാരങ്ങൾ ഉണ്ട് എന്നതാണ്. ഒന്ന് ഭരണപരമായ അധികാരം (Jurisdictional Power); രണ്ട് ശുശ്രൂഷാപരമായ അധികാരം (Ministerial Power). ഇവയിൽ ഭരണപരമായ അധികാരം സഭയിലെ ഔദ്യോഗിക സ്ഥാനങ്ങളിലേയ്ക്കുള്ള നിയമനംവഴി (Canonical appointment) ലഭിക്കുന്നു. ശുശ്രൂഷാപരമായ അധികാരം ലഭിക്കുന്നത് തിരുപ്പട്ടങ്ങളുടെ സ്വീകരണം വഴിയാണ് (Sacred orders). ഇതിൽ ഭരണപരമായ അധികാരത്തെ രണ്ടായി വേർതിരിച്ചിരിക്കുന്നു: ഒന്ന്: ഉദ്യോഗസംബന്ധമായ അധികാരം; (attached to the office) രണ്ട്: ഡെലിഗേറ്റ് ചെയ്ത അധികാരം. ഇതിനെ അർപ്പിതാധികാരം എന്ന് പറയാം. ഉദ്യോഗസംബന്ധമായ അധികാരം സ്വന്തം പേരിലാണ് ഉപയോഗിക്കുന്നതെങ്കിൽ അതിനെ തനതായ അധികാരം (ordinary power) എന്ന് പറയും. മറ്റൊരാളെ പ്രതിനിധാനം ചെയ്ത് അയാളുടെ പേരിൽ ഉപയോഗിക്കുന്ന അധികാരമാണെങ്കിൽ അതിനെ പ്രതിപുരുഷാധികാരം (Ordinary Vicarious power) എന്നാണ് പറയുക. കൂടാതെ അധികാരത്തിന്റെ വിനിയോഗം അനുസരിച്ച് അതിനെ

www.malankaralibrary.com



പ്രാദേശികാടിസ്ഥാനത്തിലുള്ള അധികാരമെന്നും (territorial jurisdiction) വ്യക്തിഗതമായ അധികാരമെന്നും (Personal jurisdiction) പറയാവുന്നതാണ്.

## ഉദ്യോഗസംബന്ധമായ അധികാരം: ആർക്കെല്ലാം?

വിവാഹം സാധുവായി ആശീർവ്വദിക്കുന്നതിന് സ്വന്തം രൂപതയിൽ മെത്രാനും ഇടവകയിൽ ഇടവക വികാരിക്കും ഉദ്യോഗസംബന്ധമായ അധികാരമുണ്ട്. പൗരസ്ത്യ നിയമസംഹിതയിലെ 829-ാം കാനോനയും ലത്തീൻ നിയമ സംഹിതയിലെ 1109-ാം കാനോനയും നിഷ്ക്കർഷിക്കുന്നതനുസരിച്ച് ഔദ്യോഗികമായി അധികാരമേൽക്കുന്ന അന്നുമുതൽ നിയമാനുസൃതമായി ഉദ്യോഗത്തിൽ തുടരുന്നിടത്തോളം കാലം സ്ഥലത്തെ മേലദ്ധ്യക്ഷനും വികാരിക്കും തങ്ങളുടെ അതിർത്തിക്കുള്ളിൽപ്പെട്ടവരായാലും അല്ലെങ്കിലും, കക്ഷികളിലാരെങ്കിലും ഒരാൾ തന്റെ സ്വയാധികാര സഭയിൽ (Church sui iuris) അംഗമാണെങ്കിൽ അവരുടെ വിവാഹം തന്റെ അതിർത്തിക്കുള്ളിൽ എവിടെവച്ചും സാധുവായി ആശീർവ്വദിക്കാവുന്നതാണ് (CCEO.C.829/1;CIC.C.1109).

ഉദാഹരണമായി, പാലാ രൂപതയിൽ നിന്നോ കോതമംഗലം രൂപതയിൽ നിന്നോ അങ്കമാലി ഇടവകയിൽ നിന്നോ വിവാഹം നടത്തുന്നതിനായി എറണാകുളത്തുവരുന്നവർ സീറോ മലബാർ സഭയിൽപ്പെട്ടവരായതിനാൽ അവരുടെ വിവാഹം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കാ വികാരിയ്ക്ക് ബസിലിക്കാ ദേവാലയത്തിലും ബസിലിക്കാ ഇടവകയുടെ അതിർത്തിക്കുള്ളിൽ എവിടെവച്ചും ആശീർവ്വദിക്കാനുള്ള ഔദ്യോഗികാധികാരമുണ്ട്. ദമ്പതിമാരിൽ ഒരാൾ ലത്തീൻ സഭയിൽ അംഗമാണെങ്കിലും മറ്റേയാൾ സീറോ മലബാർ സഭാംഗമായാൽ അവരുടെ വിവാഹം ബസിലിക്കയിൽ വച്ച് ആശീർവദിക്കുന്നതിന് ബസിലിക്കാ വികാരിക്ക് അധികാരമുണ്ട്. സ്വന്തം അതിർത്തിക്കുള്ളിൽ വച്ച് അതേ റീത്തിൽപ്പെട്ട ആരുടേയും വിവാഹം ആശീർവദിക്കാനുള്ള ഔദ്യോഗികാധികാരം എല്ലാ വികാരിമാർക്കും ഉള്ളതാണല്ലോ. സീറോമലബാർ സഭാംഗങ്ങൾ മറ്റ് രൂപതകളിൽ നിന്നോ ഇടവകകളിൽ നിന്നോ വിവാഹം നടത്തുന്നതിനായി എറണാകുളത്ത് വരുമ്പോൾ രണ്ട് കൂട്ടരുടേയും (വരന്റേയും വധുവിന്റേയും ഇടവകകളിൽ നിന്ന്) കെട്ടുകുറി കൊണ്ടുവരേണ്ടതാണ്. കെട്ടുകുറിയിൽ പ്രസ്തുത വിവാഹം എറണാകുളം ബസിലിക്കയിൽ നടത്തിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതും അഭിലഷണീയമാണ്.

## അതിർത്തിക്ക് വെളിയിൽ വിവാഹം നടത്തുവാൻ അധികാരമില്ല.

സ്ഥലത്തെ മേലദ്ധ്യക്ഷനോ വികാരിക്കോ അജഗണങ്ങളുടേതാണെങ്കിൽപ്പോലും സ്വന്തം അതിർത്തിക്ക് പുറത്തുവച്ച് നടക്കുന്ന വിവാഹങ്ങൾ ആശീർവദിക്കാനോ ആശീർവ്വാദകർമ്മം നടത്തുവാൻ

www.malankaralibrary.com

മറ്റൊരു വൈദികനെ ഏർപ്പെടുത്തുവാനോ അധികാരമില്ല. ഉദാഹരണമായി, ബസിലിക്കാ ഇടവകാംഗങ്ങളുടെ വിവാഹം ഇടപ്പള്ളി പള്ളിയിൽ വച്ച് നടക്കുമ്പോൾ പ്രസ്തുത വിവാഹം ആശീർവദിക്കുന്നതിന് ബസിലിക്കാവികാരിക്ക് ഇടപ്പള്ളിപള്ളി വികാരിയുടെ പക്കൽനിന്നും ഡെലിഗേഷൻ (അർപ്പിതാധികാരം) ലഭിച്ചിരിക്കണം. ദമ്പതിമാർ രണ്ട് പേരും ലത്തീൻ സഭാംഗങ്ങളാണെങ്കിൽ അവരുടെ വിവാഹം ബസിലിക്കയിൽവച്ച് ആശീർവദിക്കുന്നതിന് ബസിലിക്കാ വികാരിക്ക് ഉദ്യോഗസംബന്ധമായ അധികാരമില്ല. പ്രസ്തുത വിവാഹം ബസിലിക്കാ വികാരിക്ക് ബസിലിക്കയിൽവച്ച് ആശീർവദിക്കണമെങ്കിൽ വരാപ്പുഴ മെത്രാപ്പോലീത്തയിൽ നിന്നോ വരാപ്പുഴ കത്തീഡ്രൽ വികാരിയിൽ നിന്നോ ഡെലിഗേഷൻ (അർപ്പിതാധികാരം) ലഭിച്ചിരിക്കണം.

ബസിലിക്കാ ഇടവകാംഗങ്ങളായ രണ്ടുപേരുടെ വിവാഹം ബസിലിക്കാ വികാരിക്ക് ബസ്‌ലിക്കാ ഇടവകയുടെ അതിർത്തിയിലുള്ള ലത്തീൻ പള്ളിയിൽ വച്ച് സാധുവായി നടത്തുന്നതിന് ലത്തീൻ പള്ളിയുടെ വികാരിയിൽ നിന്ന് അനുമതി മാത്രം ലഭിച്ചാൽ മതി. ഇതേ നടപടിക്രമം തന്നെയാണ് ലത്തീൻ ഇടവകാതിർത്തിയിലുള്ള സീറോമലബാർ പള്ളിയിൽ വച്ച് ലത്തീൻ പള്ളിവികാരിക്ക് ലത്തീൻ ദമ്പതികളുടെ വിവാഹം ആശീർവദിക്കാൻ സ്വീകരിക്കേണ്ടതും.

നിയമാനുസൃതമായി അധികാരം വഹിക്കുന്നിടത്തോളം കാലം സ്ഥലത്തെ മേലദ്ധ്യക്ഷനും വികാരിക്കും തങ്ങളുടെ അതിർത്തിക്കുള്ളിൽപ്പെട്ട അജഗണങ്ങളുടെ ഒരു നിശ്ചിതവിവാഹം ആശീർവ്വദിക്കാനുള്ള അധികാരം ഏത് സ്വയാധികാരസഭയിലെ വൈദികർക്കും – ലത്തീൻ സഭയിലെ വൈദികർക്കും – നൽകുവാൻ കഴിയും (CCEO.C.830/1;CIC.C.IIII/1).

## അധികാരം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവാഹം ആശീർവദിക്കാനുള്ള അധികാരം നൽകുന്നത് സാധുവാകണമെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട് (CCEO. C.830/3;CIC.C.1111/2). ഇതനുസരിച്ച് വിവാഹം ആശീർവദിക്കാനുള്ള അധികാരം വ്യക്തമായി നൽകപ്പെട്ടിരിക്കണം. ഇത് നൽകേണ്ടത് ഏതെങ്കിലും ഒരു വ്യക്തിക്ക് (Priest) ആയിരിക്കുകയും വേണം. അതനുസരിച്ച് സ്ഥലത്തെ മേലദ്ധ്യക്ഷനോ വികാരിക്കോ സന്യാസസഭയുടെ സുപ്പീരിയർ നിയമിക്കുന്ന ഏതെങ്കിലും വൈദികന് എന്ന് പറഞ്ഞുകൊണ്ട് വിവാഹം ആശീർവദിക്കാനുള്ള അധികാരം നൽകാൻ പാടുള്ളതല്ല. ഒരു നിശ്ചിത വിവാഹം ആശീർവദിക്കാനുള്ള അധികാരം ഒരു നിശ്ചിത വൈദികനാണ് വ്യക്തമായി നൽകേണ്ടത്. ലത്തീൻ സഭയിൽ ഡീക്കന്മാർക്കും വിവാഹം നടത്താൻ അധികാരം നൽകാവുന്നതാണ് (CIC.1111/1). വൈദികരും ഡീക്കന്മാരും ഇല്ലാത്ത സാഹചര്യത്തിൽ അൽമായർക്കും വിവാഹം നടത്തിക്കൊടുക്കാൻ ലത്തീൻ സഭയിൽ അധികാരമുണ്ട് (CIC.C.1112). ഇത്തരം അധികാരപ്പെടുത്തൽ രേഖാമൂലമായിരിക്കണമെന്നില്ല; വാക്കാൽ പറഞ്ഞാലും മതിയാകും. വിവാഹം ആശീർവദിക്കാനുള്ള ഇത്തരം അധികാരപ്പെടുത്തൽ വിവാഹത്തിന്റെ തന്നെ സാധുതയെ ബാധിക്കുന്നതായതുകൊണ്ട് എന്തെങ്കിലും ഒരു രേഖ ഇക്കാര്യത്തിൽ ഉണ്ടാകുന്നത് അഭിലഷണീയമാണ്.

## വിവാഹം ആശീർവദിക്കാനുള്ള പൊതു അധികാരം

വിവാഹം ആശീർവദിക്കാനുള്ള പൊതുഅധികാരം (General Faculty) നൽകാൻ സ്ഥലത്തെ മേലദ്ധ്യക്ഷനു മാത്രമേ കഴിയൂ (CCEO.C.830/2). ഈ അധികാരം രേഖാമൂലമാണ് നൽകേണ്ടത്. പൊതുഅധികാരമുള്ളവർക്ക് ഈ അധികാരം മറ്റൊരാൾക്ക് ഒരു നിശ്ചിത വിവാഹം ആശീർവദിക്കാനായി നൽകാവുന്നതാണ്. എന്നാൽ ഡെലിഗേറ്റ് ചെയ്ത അധികാരം മാത്രമുള്ള ആൾക്ക് ഡെലിഗേറ്റ് ചെയ്ത ആളിന്റെ വ്യക്തമായ അനുവാദം കൂടാതെ മറ്റൊരാൾക്ക് ഈ അധികാരം നൽകുവാൻ പാടില്ല. സബ്ഡെലിഗേഷൻ (Sub-delegation) പാടില്ല എന്നർത്ഥം (CCEO.C.988; CIC.C.137). "Delegatus non potest delegare" എന്നാണ് നിയമവ്യാഖാനം. ചുരുക്കത്തിൽ, അർപ്പിതാധികാരം (delegated power) മാത്രമുള്ളയാൾക്ക് ദാതാവിന്റെ വ്യക്തമായ അനുവാദം കൂടാതെ മറ്റൊരാളെ ഒരു നിശ്ചിതവിവാഹം ആശീർവദിക്കാനുള്ള ചുമതല വീണ്ടും നിയോഗിച്ച് നൽകാൻ പാടില്ല.

## പ്രതിപാദ്യവിഷയം:

ചോദ്യകർത്താവ് പ്രതിപാദിച്ചിരിക്കുന്ന വിഷയം

www.malankaralibrary.com

ഒരു നിശ്ചിത വിവാഹത്തെപ്പറ്റിയാണല്ലോ. പ്രസ്തുത വിവാഹം സാധുവായി ആശീർവദിക്കുന്നതിന് ദമ്പതിമാരുടെ ഇടവകവികാരിയിൽ നിന്നുള്ള അധികാരപ്പെടുത്തലാണ് ആവശ്യമായിട്ടുള്ളത്. ഈ വിവാഹത്തിന്റെ സാധുത രണ്ട് കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്: 1. വിവാഹം ആശീർവദിക്കാനുള്ള അധികാരം (delegation) ഇടവകവികാരി വ്യക്തമായി നൽകിയോ?; 2. വിവാഹം ആശീർവദിച്ച വൈദികനാണോ ഈ അധികാരം നൽകിയത്?

ഈ രണ്ട് ചോദ്യങ്ങൾക്കും ലഭിക്കുന്ന മറുപടിയെ ആശ്രയിച്ചാണ് പ്രതിപാദിക്കപ്പെട്ട വിവാഹം സാധുവോ അസാധുവോ എന്ന് തീരുമാനിക്കപ്പെടുന്നത്.

## ഡെലിഗേഷൻ സ്പഷ്ടമോ സൂചിതമോ ആകാം

ഒരു നിശ്ചിതവിവാഹം ആശീർവ്വദിക്കാനുള്ള അധികാരം വ്യക്തമായി നൽകിയിരിക്കണം എന്നു പറയുമ്പോൾ പ്രസ്തുത ഡെലിഗേഷൻ സ്പഷ്ടമായോ (explicit) സൂചിതമായോ (implicit) നൽകാവുന്നതാണെന്ന് മനസ്സിലാക്കണം. ചോദ്യകർത്താവ് പ്രതിപാദിച്ചിരിക്കുന്ന വിവാഹത്തിന്റെ കാര്യത്തിൽ വിവാഹം ആശീർവദിക്കാൻ അധികാരമുള്ള വികാരി അയൽപക്ക ഇടവകകളിൽ കിട്ടാൻ സാദ്ധ്യതയുള്ള ഒരു വൈദികനെ വിളിച്ച് വിവാഹം ആശീർവദിക്കാൻ വേണ്ട ഏർപ്പാട് ചെയ്ത സാഹചര്യത്തിൽ വികാരി സൂചിതമായി (implicit) ഈ വിവാഹം ആശീർവദിക്കാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്തതായി കണക്കാക്കാവുന്നതാണ്. സഭാനിയമ വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ, വിവാഹം ആശീർവദിക്കാനുള്ള അധികാരം ഒരു വൈദികനെ ടെലഗ്രാം വഴിയോ, ദൂതൻ വഴിയോ ദമ്പതിമാരിൽ ആരെങ്കിലും വഴിയോ അറിയിക്കാവുന്നതാണ്.

ഇവിടെ പരിഗണിക്കുന്ന വിവാഹം ആശീർവദിക്കാനുള്ള അധികാരം (delegation) ദമ്പതികളുടെ ഇടവകവികാരിയുടെ ദൂതൻവഴിയാണ് അയൽ ഇടവകയിലെ വൈദികരിൽ ഒരാളെ അറിയിച്ചിരിക്കുന്നത്. നിയമവ്യാഖ്യാതക്കളുടെ വീക്ഷണത്തിൽ, ഏതെങ്കിലുമൊരു വൈദികനെ ക്ഷണിച്ച് വിവാഹാശീർവ്വാദം നടത്താൻ പറഞ്ഞുകൊണ്ട് നൽകുന്ന അധികാരം (delegation) സാധുവായിരിക്കില്ല. വിവാഹാശീർവ്വാദത്തിന് നൽകുന്ന അധികാരം സാധുവാകണമെങ്കിൽ ആശീർവ്വദിക്കാനുള്ള വൈദികൻ ആരാണെന്ന് കൃത്യമായി സൂചിപ്പിച്ചിരിക്കണം.

## അധികാരം പലർക്കു നൽകുമ്പോൾ

ഉദ്യോഗസംബന്ധമായ ഭരണനിർവ്വഹണാധികാരമുള്ള വൈദികന് പല വൈദികർക്ക് ഒരു പ്രത്യേക വിവാഹം ആശീർവദിക്കാൻ അധികാരം നൽകാവുന്നതാണെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരു വിവാഹം ആശീർവദിക്കാൻ ഒന്നിൽ കൂടുതൽ വൈദികർക്ക് അധികാരം ലഭിക്കുന്നുവെങ്കിൽ അധികാരം ലഭിക്കുന്ന എല്ലാ വൈദികർക്കും, പ്രസ്തുത വിവാഹം ആശീർവ്വദിക്കാൻ തുല്യഅധികാരമാണുള്ളത്. ആദ്യം ഈ അധികാരം വിനിയോഗിക്കുന്നയാൾ അധികാരം ലഭിച്ച മറ്റാളുകളെ ഈ അധികാരവിനിയോഗത്തിൽ നിന്ന് തടയുന്നു (CCEO.C.990/2;CIC.C.140).

ചോദ്യകർത്താവ് ഉന്നയിച്ചിരിക്കുന്ന വിവാഹത്തിൽ ലഭ്യമായ അറിവനുസരിച്ച് അയൽ ഇടവകകളിൽ നിന്ന് ലഭിക്കുന്ന ഒരു വൈദികനെ വിളിച്ച് വിവാഹാശീർവ്വാദം നടത്താൻ നിയോഗിക്കപ്പെട്ട ദമ്പതി വെറുമൊരു ദൂതൻ മാത്രമാണ്. വിവാഹം ആശീർവ്വദിക്കാനുള്ള വികാരിയുടെ അധികാരം കൈമാറാനുള്ള വ്യക്തി മാത്രം. അയൽ ഇടവകയിലെ ഒരു പ്രത്യേക വൈദികനെ വിളിച്ച് ഈ വിവാഹം ആശീർവ്വദിക്കാൻ വികാരി ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് അയൽ ഇടവകകളിലെ ഏതെങ്കിലുമൊരു വൈദികനെ വിളിച്ച് ഈ വിവാഹം ആശീർവദിക്കാൻ പറയണം എന്നാണ് വികാരി ആവശ്യപ്പെട്ടത്. അതായത്, അയൽ ഇടവകകളിൽ നിന്ന് ഏത് വൈദികനെയാണോ ലഭിക്കുന്നത് അദ്ദേഹം ഈ വിവാഹം ആശീർവദിക്കും എന്ന് ചുരുക്കം. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ഇടവക വികാരി ഈ വിവാഹം ആശീർവദിക്കാനുള്ള അധികാരം അയൽ ഇടവകകളിലെ എല്ലാ വൈദികർക്കും സൂചിതമായി (implicit) നൽകുകയാണ് ചെയ്തത് എന്നാണ്. അതുകൊണ്ടുതന്നെയാണ് അയൽ ഇടവകകളിലെ ഏതെങ്കിലും വൈദികൻ എന്ന് വികാരി തന്റെ ദൂതനോട് വ്യക്തമായി പറഞ്ഞത്. ഒരു നിശ്ചിതവിവാഹം ആശീർവദിക്കുന്നതിന് ഒന്നിൽ കൂടുതൽ വൈദികരെ നിയോഗിക്കുന്നതിന് നിയമപരമായി തടസ്സമില്ലെന്ന് നേരത്തെ കാണുകയുണ്ടായി. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ചോദ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള വിവാഹം സാധുവായിട്ടാണ് നടത്തപ്പെട്ടതെന്ന് അനുമാനിക്കാം. ■

www.malankaralibrary.com

കഥാനിരൂപണം

# പ്രണയത്തിന്റെ ഉപനിഷത്ത്

പ്രൊഫ. മാത്യു താഴത്തേൽ

പ്രണയത്തിലൂടെ മോക്ഷത്തിലേക്ക് എന്ന ചിന്തയെ അന്വർത്ഥമാക്കുന്ന വി.ജെ. ജയിംസിന്റെ 'പ്രണയോപനിഷത്ത്' (മാതൃഭൂമി ആഴ്ചപത്തിപ്പ് ജനുവരി 15)എന്ന കഥയാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്.

ദൈവം മനുഷ്യന് അഗ്നി നൽകി. മനുഷ്യൻ അഗ്നിശമനയന്ത്രം കണ്ടുപിടിച്ചു. ദൈവം മനുഷ്യന് പ്രണയം നൽകി. മനുഷ്യൻ വിവാഹം കണ്ടുപിടിച്ചു എന്നിങ്ങനെ ഒരു ചൊല്ല് ഓഷോ എന്ന തത്വചിന്തകൻ തന്റെ പ്രഭാഷണത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദാമ്പത്യത്തിലെ പ്രണയം നഷ്ടപ്പെടാതെ സൂക്ഷിക്കുക ശ്രമകരമായ കാര്യമാണെന്ന് സൂചിപ്പിക്കുകയാണ് അദ്ദേഹം. ബന്ധം ബന്ധനമായിത്തീരുന്ന അവസ്ഥയിൽ നിന്നും ബന്ധം അനുഭൂതിയായി മാറേണ്ടതുണ്ട്. രണ്ടുപേർക്കിടയിൽ ഒരു പുഴയുണ്ടെന്നുള്ള തിരിച്ചറിവായി ദാമ്പത്യബന്ധം മാറണം. രണ്ടുപേർക്കിടയിലെ നിശ്ശബ്ദസംഗീതമായി പ്രണയം എന്ന അനുഭൂതി നിലനിൽക്കുമ്പോൾ മാത്രമേ ദാമ്പത്യം വിജയകരമായിത്തീരുകയുള്ളൂ. ഭാരതീയ സംസ്ക്കാരത്തിൽ ദാമ്പത്യബന്ധം അവിഭാജ്യമായ ഒന്നാണ്. സ്ത്രീപുരുഷ സംയോഗത്തിൽ പൂർണ്ണത എന്ന സങ്കൽപം തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പരസ്പരം ചേർച്ചയെ ഉറപ്പിച്ചുനിർത്തുന്നതിൽ പാരമ്പര്യം, മതം ഇവയൊക്കെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. കുടുംബജീവിതത്തിന്റെ ഒരു ഘട്ടം പിന്നിടുമ്പോഴെങ്കിലും ഭാര്യാ ഭർതൃപ്രണയം അപ്രത്യക്ഷമകാറുണ്ടോ എന്ന അന്വേഷണമാണ് വി.ജെ ജയിംസ് മാതൃഭൂതി ആഴ്ചപ്പതിപ്പിൽ (ജനുവരി 15) എഴുതിയ പ്രണയോപനിഷത്ത് എന്ന കഥയുടെ ഉള്ളടക്കം. ജീവിതം മുഴുവൻ ഒരാൾക്ക് മറ്റേയാൾ തുണ എന്ന നിലയ്ക്കുള്ള പരസ്പരാശ്രിത ദാമ്പത്യബന്ധം അങ്ങേയറ്റം മഹത്തരം എന്നു പറഞ്ഞേ മതിയാവൂ. പരസ്പരം തിരിച്ചറിഞ്ഞ്, പരസ്പരം സമർപ്പണം ചെയ്ത് ജീവിക്കുന്ന ദാമ്പത്യബന്ധം ഉന്നതമായ ആദ്ധ്യാത്മിക ജീവിതം തന്നെയായി മാറുന്നുണ്ട്. അതിൽ നിന്നുള്ള വീഴ്ച കുടുംബത്തിന്റെ തകർച്ചയും ഏറ്റവും വലിയ സാമൂഹിക ദുരന്തവുമായി മാറുന്നു.

ആനിയമ്മയെ ഉലഹന്നാൻ വിവാഹം കഴിച്ചിട്ട് പത്തൊൻപതുവർഷം കഴിഞ്ഞു. സാധാരണ മട്ടിലുള്ള ജീവിതം നയിച്ചു നീങ്ങുമ്പോഴാണ് വിവാഹത്തിനു മുൻപുള്ള പ്രണയകാലത്തെക്കുറിച്ച് ഉലഹന്നാൻ ചിന്തിച്ചത്. പാടേ മറന്നുകഴിഞ്ഞ ആ പ്രണയകാലം ഒരിക്കൽകൂടി അനുഭവിക്കണമെന്ന ആഗ്രഹം ഉലഹന്നാന്റെ മനസ്സിലൂടെ കടന്നുപോയി. പ്രണയത്തിനുപറ്റാവുന്ന പാളിച്ചകൾ ഒഴിവാക്കി ഒരിക്കൽകൂടി പ്രണയിക്കണമെന്ന് അയാൾ ആഗ്രഹിച്ചു. തന്റെ കുട്ടിക്കാലത്തെ പ്രണയങ്ങളിലൂടെ അയാളുടെ ഓർമ്മ കടന്നുപോയി. തന്റെ കൗമാരക്കാലത്തെ പ്രണയങ്ങ

www.malankaralibrary.com




ളൊന്നും പൂർണ്ണമായിരുന്നില്ല. രണ്ടു കുട്ടികളുടെ അച്ഛനും നാൽപത്തഞ്ചുവയസ്സുകാരനുമായ കഥാനായകന് പ്രണയത്തിന് തടസ്സമായിത്തീരുന്ന ലോകരീതിയോട് വിയോജിപ്പ് തോന്നി. തന്റെ പ്രണയസംബന്ധമായ ഉൾപ്പനി ഭാര്യയായ ആനിയമ്മയോട് തുറന്നുപറയാൻ കഥാനായകന് പലപ്പോഴും തോന്നി. ആനിയമ്മയോട് അയാൾ തുറന്നു പറഞ്ഞു. ആനിയമ്മ അയാളെ പരിഹസിച്ചു. എന്നാൽ പ്രണയിച്ചേ മതിയാകൂ എന്ന ഉൾപ്രേണയിൽ അയാൾ തന്റെ ഭാര്യയെ വീണ്ടും പ്രണയിക്കാൻ ശ്രമിച്ചു. ആനിയമ്മയുടെ മനസ്സ് ടി.വി സീരിയലുകളിലും ജ്യോതിഷസംബന്ധിയായ വിഷയങ്ങളിലുമാണ് താൽപര്യം കാണിച്ചത്. ഭാര്യയുടെ കൊച്ചുകൊച്ചാഗ്രഹങ്ങൾ പോലും അംഗീകരിക്കാൻ കൂട്ടാക്കാതെ ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ച് പിൻതിരിപ്പിക്കുകയാണ് ഉലഹന്നാൻ ചെയ്തിരുന്നത്. എന്നാൽ പിറ്റേമാസം ശമ്പളനാളിൽ ആനിയമ്മയ്ക്ക് സാരിയും പുതിയ വസ്ത്രങ്ങളും വാങ്ങിക്കൊടുത്തു. ആഗ്രഹങ്ങൾ സാധിച്ചുകൊടുത്തും ഓമനവാക്കുകൾ പറഞ്ഞും ആനിയമ്മയെ അയാൾ പ്രണയിച്ചു. വളരെ മൃദുലമായ സമീപനങ്ങൾകൊണ്ട് ആനിയമ്മയെ ഉണർത്തി. ശാരീരികവും മാനസികവുമായി പ്രണയത്തിൽ ഉലഹന്നാൽ അമർന്നു. കുട്ടികൾക്ക് അച്ഛനമ്മമാരുടെ പെരുമാറ്റത്തിൽ സംശയംതോന്നി. ഉലഹന്നാൻ തന്റെ ഡയറിയിൽ 'എന്റെ പ്രണയാന്വേഷണ പരീക്ഷണങ്ങൾ' എന്ന തലക്കെട്ടിൽ പ്രണയിക്കാൻ ഭാര്യയായാലും മതി എന്ന് എഴുതി. പിറ്റേന്ന് ആനിയമ്മ ഉലഹന്നാനോടും പറഞ്ഞു: 'പ്രേമിക്കാൻ ഭർത്താവായാലും മതി'.

ജീവിതാവസാനംവരെയുള്ള വ്യവസ്ഥയെന്ന നിലയിൽ വിവാഹത്തെ ആദരിക്കുന്ന സമൂഹമാണ് കേരളത്തിലേത്. വിവാഹം വിഘടിതമാകാതിരിക്കാൻ പ്രണയത്തിന്റെ നാനാവഴികൾ ദമ്പതികൾ സ്വയം കണ്ടുപിടിക്കണം. കഥയിലൊരിടത്ത് കഥാകൃത്ത് ഇങ്ങനെ രേഖപ്പെടുത്തുന്നുണ്ട്: 'പ്രണയം ഒരിക്കൽ തികവു പ്രാപിച്ചാൽ ഒരുവന് വീണ്ടും വീണ്ടും പ്രണയിക്കാൻ തോന്നില്ല'. വിശപ്പ് തീർന്ന അവസ്ഥയിൽ പിന്നെയൊന്നും കഴിക്കാൻ തോന്നാത്തുപോലെയാണത്. പൂർണ്ണത്തെക്കുറിച്ചുള്ള ഉപനിഷത്മന്ത്രം പോലെ കൂട്ടാനും കിഴിയ്ക്കാനും ഒന്നുമില്ലാത്ത ഒരു വേദാന്തസൂക്തം അങ്ങനെയുള്ളവനെ പിന്തുടർന്നുകൊണ്ടിരിക്കും. പക്ഷേ പ്രണയം ആ വിധം പൂർണത പ്രാപിച്ചെന്ന് ആർക്കാണ് അവകാശപ്പെടാനാവുന്നത്.

സമ്പത്തും സ്ഥാനമാനങ്ങളും ഭൗതികതയത്രയും അളന്നു തിട്ടപ്പെടുത്തി സ്ഥാപിക്കപ്പെടുന്ന ദാമ്പത്യബന്ധത്തിൽ സ്ത്രീപുരുഷന്മാരുടെ മാനസികാനുകൂലത എത്രത്തോളം പരിഗണിക്കുന്നുണ്ട്? വിവാഹമോചനങ്ങളും കുടുംബശൈഥില്യങ്ങളും വർദ്ധിച്ചുവരുന്നത് പ്രണയത്തെ പരിഗണിക്കാത്തതുകൊണ്ടു കൂടിയാണ്. കൗമാര പ്രായത്തിലുള്ളവരുടെ ചാപല്യങ്ങളാണ് പ്രണയം എന്ന വാക്കുകൊണ്ട് പലപ്പോഴും വിവക്ഷിച്ചുപോരുന്നത്. എന്നാൽ അർത്ഥപൂർണ്ണമായ ദാമ്പത്യജീവിതത്തിന്റെ സ്വരലയമാണ് യഥാർത്ഥ പ്രണയം എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രണയത്തിലൂടെ മോക്ഷത്തിലേക്ക് എന്ന് ഓഷോ പറഞ്ഞതും മതാതീതമായ – പവിത്രമായ – ഏകാഗ്രത പ്രണയത്തിന് നില നിർത്താനാവും എന്ന് മനസ്സിലാക്കിക്കൊണ്ടാണ്. വി.ജെ. ജെയിംസ് എഴുതിയ ഈ കഥ മലയാള കഥാസാഹിത്യത്തിലെ നൂതനാനുഭവമാണ്. മുഖംമൂടികളഴിച്ചുവച്ചുകൊണ്ടുള്ള അതിസൂക്ഷ്മമായ വിവരണം കഥയെ വളരയെധികം വായനായോഗ്യമാക്കുന്നു. ■

www.malankaralibrary.com



# ഉറ്റുനോക്കുന്ന ജീവനായകൻ

പ്രൊഫ. തോമസ് പാറയ്ക്കൽ

തീവ്രാനുഭവങ്ങളുടെ ചുഴികളും മലരികളും പങ്കുവയ്ക്കുന്ന റോസിതമ്പിയുടെ 'അഴിഞ്ഞുപോകാത്ത വാക്കുകൾ' (കലാകൗമുദി 1892–ാം ലക്കം) എന്ന കവിതയിലേക്ക്

വിശുദ്ധ ബൈബിളിന്റെയും മിസ്റ്റിക് അനുഭവപരമ്പരകളുടെയും പവിത്രകുടീരങ്ങളിൽനിന്ന് ഉറവപൊട്ടിയ കവിതയാണ് റോസി തമ്പിയുടെ *അഴിഞ്ഞുപോകാത്ത വാക്കുകൾ*. കലാകൗമുദിയുടെ 1892–ാം ലക്കം പേജ് 58– ലാണ് കവിത വരവറിയിച്ചത്.

*"കാറ്റുമയക്കുന്ന വാക്കുകളെക്കൊണ്ട്*
*എത്രനാൾ നീയെന്നെ ഊമയാക്കും"*

എന്നാരംഭിച്ച്

*''എന്റെ മൗനം എന്നെ തകർത്ത് കളയുന്നു*
*എനിക്ക് മിണ്ടാതിരിക്കാനാവില്ല*
*എന്റെ സങ്കടങ്ങളാണെന്റെ വാക്കുകൾ"*

എന്ന് ഉച്ചസ്വരത്തിൽ പ്രഘോഷിക്കുന്ന സദ്വാർത്തയായി പരിണമിക്കുകയാണ് കവിത. തിരുസവിധത്തിൽ നിന്നൊഴുകിയ വാക്കുകളെ മൗനമുദ്രിതമായ ഉൾത്തടത്തിൽ സ്ഫുടം ചെയ്തെടുക്കുന്നിടത്താണ് കവിതയുടെ പിറവി.

മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമായ സ്നാപകയോഹന്നാനും വചനം മാംസം ധരിച്ച ക്രിസ്തുവുമെല്ലാം കവിതയിലെ ബിംബങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. മരുഭൂമിയിലെ ശബ്ദം നിശ്ശബ്ദത ഓരിയിടുന്ന ശബ്ദമാണ്. ദൈവികവെളിപാടിനാൽ മൗനം കൊണ്ടടയാളപ്പെടുത്തപ്പെട്ട സക്കറിയായുടെ പുത്രൻ യോഹന്നാന്റെ സ്വരം. ആ ശബ്ദമാകട്ടെ സത്യവചനത്തിന്റെ – അഗ്നികൊണ്ടും ജലം കൊണ്ടും സ്നാനപ്പെടുത്തുന്നവന്റെ – സാക്ഷ്യപ്പെടുത്തലായിരുന്നു. കാറ്റ് മായ്ക്കുന്ന വാക്കുകളിലാരംഭിച്ച് മൗനത്തിലാണ്ടുപോയ വാക്കുകൾ സങ്കടരൂപിയായി പരിവർത്തനം ചെയ്യുന്ന രാസപ്രക്രിയയാണ് കവിത.

വചനം നിശബ്ദതയിൽ ശബ്ദമായപ്പോൾ വരിച്ച ഊമത്വത്തിന്റെ വിലയറിയുകയാണ് കവിയും വായനക്കാരും. ജീവിതസർവ്വസ്വവുമായവന്റെ ചുറ്റും തിരിയുന്നു ഞാനുമെന്റെ വ്യഥകളും കെട്ടിയിട്ട കുറ്റിയിൽ എന്നപോലെ.

തുടർന്നുവരുന്ന ഭാഗങ്ങളിൽ കവി മൂന്ന് പ്രാവശ്യം ആവർത്തിക്കുന്ന ഒരു ചോദ്യമുണ്ട്. *"ആരാണ് ഞാൻ നിനക്ക്? ജീവിതകേന്ദ്രമായവന്റെ മുമ്പിൽ ആരാണ് ഞാൻ?"* എന്ന് തിരിച്ചറിഞ്ഞ് മൊഴിയുന്നിടത്താണ് കവിതയുടെ പ്രാണൻ.

ജീവനായകനെ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുവാൻ കവി ഉപയോഗപ്പെടുത്തുന്ന ബൈബിളിലെ ചില ബിംബങ്ങൾ ശ്രദ്ധേയമാണ്.

*കുഞ്ഞാടിന്റെ രക്തത്തിൽ*
*വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ച്*
*വലിയ ഞെരുക്കങ്ങളെ ചുമലിലേറ്റി*
*എന്നെയിങ്ങനെ പിന്തുടരാൻ*
*ആരാണ് ഞാൻ നിനക്ക്?*

വെളിപാടുപുസ്തകം 7 –ാം അദ്ധ്യായം വെള്ളയങ്കിയണിഞ്ഞ് കുഞ്ഞാടിന്റെ സവിധത്തിൽ നിൽക്കുന്നവരെ പരിചയപ്പെടുത്തുന്നു. ഇവരാണ് വലിയ ഞെരുക്കത്തിൽനിന്ന് വരുന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവ

www.malankaralibrary.com

രാണിവർ (14). ജീവിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടുകളായി രൂപാന്തരപ്പെടുവാൻ വലിയ ഞെരുക്കങ്ങളുടെ പരമ്പര തരണം ചെയ്തേ മതിയാകൂ. എന്റെ ജീവിത വഴികളിൽ എനിക്കായി വ്യഥകൾ പേറുന്നവൻ എന്നെ പിന്തുടരുന്നു; ദു:ഖത്തിന്റെ നാളുകളിൽ എന്നോടൊപ്പം നിൽക്കുന്നു. കുഞ്ഞാടിന്റെ രക്തത്തിൽ എന്റെയും വസ്ത്രം കഴുകി വെളുപ്പിക്കാൻ പ്രാപ്തയാക്കുന്നു.

*ധൂപകലശം കൊണ്ട് അഗ്നിയെ ആവാഹിച്ച്*
*രക്തത്തിന്റെ കന്മഴയിൽ വിറങ്ങലിച്ച്*
*പ്രകാശം തമസ്സുപോലെയിരിക്കുന്ന*
*എന്റെ ഹൃദയത്തെ – സദാ ഇങ്ങനെ നിരീക്ഷിക്കാൻ*
*ആരാണ് ഞാൻ നിനക്ക്?*

എന്റെ ഹൃദയത്തെ അന്ധകാരം കീഴടക്കിയിരിക്കുന്നു. പ്രകാശം പോലും പ്രകാശമല്ലാത്ത അവസ്ഥ. അവിടേക്ക് ജീവനായകൻ കടന്നുവന്ന് സാക്ഷാൽ വെളിച്ചമായിത്തീരുന്നു. അവൻ രക്തത്തിന്റെ കന്മഴയിൽ വിറങ്ങലിച്ചവനാണ്. രക്തം ചിന്തിക്കൊണ്ട് രക്ഷയുടെ പ്രകാശത്തിലേക്ക് നയിക്കുന്ന ക്രിസ്തുവിന്റെ നേർ രൂപം. “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല” (യോഹ. 8:12). “കർത്താവായ ഞാൻ മനസ്സിനെ പരിശോധിക്കുകയും ഹൃദയത്തെ പരീക്ഷിക്കുകയും ചെയ്യുമെന്ന” (ജെറമിയ 17:10) വചനം തന്നിൽ അന്വർത്ഥമാക്കിയിരിക്കുന്നു. ഈവിധം നിരീക്ഷിക്കപ്പെടുവാൻ ഞാൻ നിനക്ക് ആരാണ്? അവൻ ധൂപകലശം കൊണ്ട് അഗ്നിയെ ആവാഹിച്ചാണ് ഇവയെല്ലാം നിറവേറ്റുന്നത്. സാധാരണമായി ധൂപകലശത്തിൽ അഗ്നിനിറച്ച് കുന്തിരിക്കപ്പൊടി വിതറി ധൂപമുയർത്തുന്നു. അഗ്നിയിൽ സ്നാനംചെയ്യിക്കുന്നവൻ പുരോഹിതധർമ്മത്തിന്റെ ഭാഗമായ ധൂപകലശസമർപ്പണം അഗ്നിയെ ആവാഹിച്ച് പൂർത്തിയാക്കുന്നുവെന്ന വീക്ഷണത്തിൽ ക്രിസ്തുവിലെ നിത്യപുരോഹിതൻ ഹെബ്രായലേഖനത്തിൽ നിന്ന് നമുക്ക് സമീപസ്ഥനാകുന്നു.

ജീവനായകൻ എപ്പോഴും എന്നോടൊപ്പമുണ്ട്. “ലോകാവസാനം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും” (മത്തായി 28:20). “യാക്കോബേ നിന്നെ സൃഷ്ടിക്കുകയും ഇസ്രായേലേ, നിന്നെ രൂപപ്പെടുത്തുകയും ചെയ്ത കർത്താവ് അരുളിച്ചെയ്യുന്നു; ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെയുണ്ടായിരിക്കും” ( ഏശയ്യ 43: 1–2). കൂടെ വസിക്കുന്നവന്റെ അഭംഗസാമീപ്യം തന്റെ വഴികളെ വലയം ചെയ്തിരിക്കുന്നു. തന്റെ സ്വപ്നങ്ങളിൽ കോറിയിടുന്നത് അവന്റെ ചിത്രങ്ങളാണ്. അവന്റെ നാദം കാലുകളെ ബന്ധിതമാക്കുന്നു. മാനസികവ്യാപാരങ്ങളിൽ പോലും നിറഞ്ഞുനിൽക്കുന്ന അവന്റെ സാമീപ്യം സൂക്ഷ്മമായ ചുവടുവയ്പുകൾക്ക് തന്നെ നിർബന്ധിക്കുന്നു; തന്നിലെ മാനുഷികമോഹങ്ങളെ തിന്നു തീർക്കുന്നു; അവന്റെ സ്നേഹപാരവശ്യത്തിൽ താൻ തന്നെ അന്ധയായിരിക്കുന്നു. എന്നിൽ ഇങ്ങനെയെല്ലാം ഭവിപ്പിക്കാൻ നീ ആരാണ് എനിക്ക്?

സാന്നിദ്ധ്യവും സാമീപ്യവും സായുജ്യവും കെട്ടുപിണഞ്ഞുകിടക്കുന്ന ആന്തരികസ്നേഹത്തിന്റെ മഹാപരപ്പാണ് കവിത. ഈ സ്നേഹത്തെ വർണ്ണിച്ചുവിടർത്തിക്കാണിക്കുന്നതാണ് *അഴിഞ്ഞുപോകാത്ത വാക്കുകൾ*; അഴിയാത്ത സ്നേഹത്തിന്റെ ശാശ്വത സ്മാരകം. നീ നോക്കിയിരിക്കുമ്പോൾത്തന്നെ ഞാൻ മഞ്ഞുപോലെ മാഞ്ഞുപോകുന്നു. നിന്റെ വിദൂരസ്ഥമല്ലാത്ത സാന്നിദ്ധ്യത്തിന്റെ മാസ്മരികത എന്നെ മായിച്ചുകളയുന്നു; അതും നീഹാരകോടികൾ സൗരതേജസ്സിൽ എന്ന പോലെ.

*എന്റെ സങ്കടങ്ങളുടെ വാക്കുകൾ*
*മൗനം ഭേദിച്ച് പുറത്തേക്കൊഴുകുമ്പോൾ*
*ചോദിക്കാനൊന്നുമില്ലാതെ*
*എന്നെത്തന്നെ നോക്കിയിരിപ്പാണവൻ*
*വെറും തറയിൽ*

സങ്കടങ്ങളുടെ പെരുവെള്ളത്തിലായിരിക്കുമ്പോഴും എന്നിൽ മാത്രം ശ്രദ്ധയൂന്നിയിരിക്കുന്നവനെ തള്ളിക്കളയാനാവില്ല. ഈ സന്നിധാനം മഹാപുരോഹിതന്റെ കൽത്തളത്തിൽ തറയിലിരിക്കുന്ന ക്രിസ്തുവിന്റെ സ്മരണയിൽ എത്തിനിൽക്കുന്നു. ഞെരുക്കങ്ങളിലൂടെ കടന്നുപോയവൻ സങ്കടങ്ങളെ തരണംചെയ്യുന്ന എന്നെ ഉറ്റുനോക്കുന്നു. എത്ര ആശ്വാസദായകം; ആമോദകരം.

സ്ത്രൈണസ്വരം മുഴങ്ങുന്ന കവിതയാണിത്. ഈ സ്വരം കവിതയുടെ ശിൽപ്പത്തിലും രൂപത്തിലും ഭാവത്തിലും താളംപിടിക്കുന്നു. തീവ്രാനുഭവങ്ങളുടെ ചുഴികളും മലരികളും പങ്കുവയ്ക്കുന്നു. സൗമ്യവും പ്രശാന്തവുമായ തേജസ്സിലേക്ക് വായനക്കാരനെ എത്തിക്കുകയും ചെയ്യുന്നു. ■

www.malankaralibrary.com



# കാരുണ്യരാഗം

ഫാ. വിൽസൺ മേച്ചേരിൽ MCBS
*M.P.A, Karnatic Music, സ്വാതി തിരുന്നാൾ മ്യൂസിക് കോളേജ്*


മലയാളത്തിൽ ഇറങ്ങുന്ന ക്രിസ്തീയ ഭക്തിഗാനങ്ങളിൽ ഗുണമേന്മയുള്ള ഗാനങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഈ പംക്തിയുടെ പേര് കാരുണികൻ മ്യൂസിക്സ് എന്നാക്കി മാറ്റുകയാണ്. ഈ പംക്തി എഴുതുന്നത് സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും ഒന്നാം റാങ്കോടെ എം.പി.എ. പാസ്സായ ഫാ. വിൽസൺ.

അനുദിന ജീവിതത്തിരക്കുകളിൽ നിന്നു ദൈവസന്നിധിയിലേക്കുയർന്ന് പറക്കാനുള്ള ചിറകാണ് ആരാധനക്രമ സംഗീതം. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവാരാധനയെക്കുറിച്ച് പരാമർശിക്കുമ്പോൾ 'പാടുക' എന്ന പദമുപയോഗിക്കുന്നതായിക്കാണാം (ഉദാ. സങ്കീ. 57). മനുഷ്യൻ തന്റെ ഹൃദയവികാര വിചാരങ്ങൾ ഉന്നതങ്ങളിലേക്ക് ഉയർത്തുന്നതാണല്ലോ യഥാർത്ഥമായ പ്രാർത്ഥന. ഇതിന് വെറും സംസാരമോ, പറച്ചിലോ മതിയാവില്ല. വാക്കുകളുടെ അസാധ്യതകളെ സംഗീതംകൊണ്ട് മറികടന്ന് നാദബ്രഹ്മമായ (ഓംകാരം) ഈശ്വരനിൽ ലയിക്കുന്നതാണ് അത്. ഹൈന്ദവ വിശ്വാസപ്രകാരം നാദസ്വരൂപനായ ഈശ്വരനെ ഉപാസിക്കാനും ഈശ്വരസാക്ഷാത്ക്കാരത്തിനുമായി സംഗീതത്തേക്കാൾ ശ്രേഷ്ഠമായ മറ്റൊരു വഴിയില്ല. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളേയും അവതരിപ്പിക്കുന്ന വി.ഗ്രന്ഥത്തിലെ എണ്ണമറ്റ സ്തുതിഗീതങ്ങൾ ഉന്നംവയ്ക്കുന്നതും ഈശ്വരസാക്ഷാത്ക്കാരമല്ലെങ്കിൽ പിന്നെ മറ്റെന്താണ്. ഇതിന്റെ തുടർച്ചയായ ആരാധനക്രമ സംഗീതം ദൈവസാന്നിദ്ധ്യാവബോധം വളർത്താനും അനുഭവവേദ്യമാക്കാനും ഉതകുന്നതാവണം.

### 1. നന്മതൻ വഴിയേ

ആദ്യ ശ്രവണത്തിൽതന്നെ മനസ്സിൽ ഇടം പിടിക്കുന്ന ഒരു മനോഹര ഗാനം. വരികൾക്കനുസരിച്ചുള്ള ധ്യാനാത്മകമായ സംഗീതത്തോടൊപ്പം ഹൃദ്യമായ ആലാപനവും ഈ ഗാനത്തിന്റെ മാറ്റുകൂട്ടുന്നു. അനുപല്ലവിയിലെ ഒന്നിനു പിറകേ ഒന്നായുള്ള താരസ്ഥായീ സഞ്ചാരങ്ങൾ ആലാപനത്തിന്റെ വൈഷമ്യമുണ്ടാക്കാമെങ്കിലും നല്ല ശ്രവണസുഖം നൽകുന്നുണ്ട് എന്നതിൽ സംശയമില്ല. ഒപ്പം അനുപല്ലവിയിൽ നിന്നും കോറസിലേക്കുള്ള ഒഴുക്കും മനോഹരമായനുഭവപ്പെട്ടു. നമ്മുടെ ആരാധനാവേളകളെ ഭക്തിസാന്ദ്രമാക്കുവാൻ ഈ ഗാനം ഉപകരിക്കട്ടെ. അണിയറ പ്രവർത്തകർക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ.

www.malankaralibrary.com




ആൽബം : നന്മതൻ വഴിയേ
രചന : ഫാ. ജോയി കാക്കനാട്ട് സി.എം.ഐ
ആലാപനം : ഫാ. പ്രിൻസ് പറത്തിനാൽ സി.എം.ഐ

*നന്മതൻ വഴിയേ*
*നന്മതൻ വഴിയിൽ എന്നെ വളർത്തുന്ന സ്നേഹം*
*ജനിച്ചനാൾമുതൽ കൈവിടാതെന്നാളും*
*ചാരെ നടത്തുന്ന സ്നേഹം*
*ദൈവ സ്നേഹം*
*ഈശോ തവകൃപയാൽ*
*തഴുകേണമേ നിത്യം*
*ഈശോ നിൻ കരത്താൽ*
*താങ്ങേണമേ എന്നും*
*നിൻ ഭവനത്തിൽ നിന്നും*
*അകന്നു ഞാൻ പോയാലും*
*നിൻ ഹൃദയത്തിൽ എന്നും*
*കാത്തു സൂക്ഷിച്ചീടുമെന്നെ*


## 2. തിരുനാദം

*ഓസ്തീ രൂപനാമീശോ വാഴ്ത്തിടുന്നു നിൻ നാമം*
*കണ്ണീരുമായ്ക്കുന്ന സ്നേഹം*
*കൂരിരുൾ നീക്കുന്ന സ്നേഹം*
*ഒരു നിമിഷം നിൻ സ്നേഹം നുകർന്നിടട്ടെ ഞാൻ*
*ഒരു നിമിഷം നിന്നിൽ ഞാൻ ലയിച്ചിടട്ടെ*
*കുളിർ തെന്നൽ പോൽനിൻ വാൽസല്യം*
*തൂമഞ്ഞ്പോലെ നിൻ നൈർമ്മല്യം*
*കാരുണ്യക്കടലായ് നീ അരികിലണയവേ*
*ഞാൻ സ്വന്തമാക്കി സർവ്വം ത്യജിച്ചു....*

ഓസ്തിരൂപനാം എന്നു തുടങ്ങുന്ന ഈ ഗാനം, ലളിതമായ വരികളാലും ഹൃദ്യമായ സംഗീതത്താലും ശ്രദ്ധേയമാണ്. ഭക്തിഗാനങ്ങളിൽ വളരെ സാധാരണയായി ഉപയോഗിക്കുന്ന 3/4 താളത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ ഗാനത്തിന് വ്യത്യസ്തങ്ങളായി എടുത്തു പറയുവാൻ ഒത്തിരിയില്ലായെങ്കിലും ഗാനത്തിന്റെ ആദ്യന്തം കണ്ണുംപൂട്ടി കൈകൾകൂപ്പി ശ്രവണം തന്നെ പ്രാർത്ഥനയാക്കി മാറ്റുവാൻ ഉപകരിക്കുന്ന നല്ല ഒരു ഗാനം.

*ഒരു നിമിഷം നിൻ സ്നേഹം നുകർന്നിടട്ടെ.*
*ഒരു നിമിഷം നിന്നിൽ ഞാൻ ലയിച്ചിടട്ടെ*

എന്ന കോറസ് ഭാഗം ഭക്തിരസത്തിന്റെ തീവ്രഭാവങ്ങൾ ശ്രോതാവിലേക്ക് പകരുന്നതാണ്. ഗാനശിൽപികൾക്ക് അഭിനന്ദനങ്ങൾ.




ആൽബം : തിരുനാദം
രചന : സി. അർപ്പിത
സംഗീതം: ഫാ. ബിനോജ് മുളവരിയ്ക്കൽ

www.malankaralibrary.com



# സഭയുടെ സ്വരം ലോകമനഃസാക്ഷിയുടെ സ്വരം

ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM cap
*ദൈവശാസ്ത്രജ്ഞൻ, കപ്പൂച്ചിൻ സെമിനാരി, തെള്ളകം*

കേരളസഭയുടെ സ്വരത്തെ എങ്ങനെ സത്യത്തിന്റേയും നീതിയുടെയും സ്വരമാക്കി മാറ്റാനാവും? ആനുകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു അന്വേഷണം

നൂറ്റിയെട്ട് ഏക്കർമാത്രം വിസ്തീർണ്ണമുള്ള ഒരു സ്വതന്ത്രരാജ്യമാണ് വത്തിക്കാൻ. ഈ സ്വതന്ത്രരാജ്യത്തിന്റെ ഭരണാധിപനത്രെ മാർ പാപ്പാ. എന്നാൽ, ഈ കൊച്ചുരാജ്യത്തിന്റെ ഭരണാധിപൻ എന്ന നിലയിലല്ല ലോകരാഷ്ട്രങ്ങൾ മാർപാപ്പായെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നത്, പ്രത്യുത അദ്ദേഹത്തിന്റെ സ്വരം ലോകത്തിന്റെ മനഃസാക്ഷിയുടെ സ്വരമാണെന്നു മനസ്സിലാക്കുന്നതുകൊണ്ടാണ്. ശരിയാണ്; അദ്ദേഹം ജനസംഖ്യയുടെ 17.3 ശതമാനമായ 118 കോടിയോളം വരുന്ന കത്തോലിക്കരുടെ തലവനാണ്. എന്നാൽ, അതിനേക്കാൾ ഉപരി അദ്ദേഹം അംഗീകരിക്കപ്പെടുകയും ശ്രവിക്കപ്പെടുകയും ചെയ്യുന്നത്, ആഗോളതലത്തിലുണ്ടാകുന്ന സംഭവങ്ങളെയും സംരംഭങ്ങളെയും പ്രസ്ഥാനങ്ങളെയുമെല്ലാം സനാതന ധർമ്മത്തിന്റെയും സാന്മാർഗ്ഗിക മൂല്യങ്ങളുടെയും വെളിച്ചത്തിൽ അദ്ദേഹം അപഗ്രഥിക്കുകയും വിലയിരുത്തുകയും തെറ്റും ശരിയും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. അങ്ങനെ ആഗോളസഭയിൽ മാർപാപ്പയുടെയും കത്തോലിക്കാ സഭയുടെയും ശബ്ദം ആദരവോടെയാണ് ലോകം ശ്രവിക്കുന്നത്. അത് അംഗീകരിക്കുകയോ പൂർണ്ണമായി സ്വീകരിക്കുകയോ ചെയ്തില്ലെങ്കിൽ പോലും, സഭയുടെ ശബ്ദവും ലോകമനഃസാക്ഷിയുടെ ശബ്ദമായിട്ടാണ് പലരും കരുതുക.

ഇതുപോലെ കേരളത്തിലും ഇന്ന് സഭയുടെ ഔദ്യോഗികമായ സ്വരം ഉയരേണ്ടിയിരിക്കുന്നു. കേരളത്തിലെ ഇന്നത്തെ സംഭവങ്ങളെയും സംരംഭങ്ങളെയും പ്രസ്ഥാനങ്ങളെയുമെല്ലാം വിലയിരുത്തുകയും ശരിയും തെറ്റും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ഒരു സ്വരം; സത്യത്തിലും നീതിയിലും അടിയുറച്ചതും മനുഷ്യമനഃസാക്ഷിയുടേതുമായ ഒരു സ്വരം. അതു സഭയുടെ നേതൃനിരയിൽ നിന്നു തന്നെ വരുകയും ചെയ്യണം. നിർഭാഗ്യവശാൽ അടുത്ത കാലത്ത് കേരളത്തിൽ ദൃശ്യമായ തെറ്റായ പ്രവണതകളിലും സംഭവ വികാസങ്ങളിലും സത്യത്തിനും നീതിക്കും വേണ്ടിയുള്ള സഭയുടെ ദൃഢമായ സ്വരം മുഴങ്ങികേൾക്കാൻ കഴിഞ്ഞില്ല എന്നത് ഒരു വസ്തുത മാത്രമാണ്. അതിനൊരുദാഹരണമാണ് സഭാസ്ഥാപനങ്ങളിൽ നിയമനത്തിനും അഡ്മിഷനും വേണ്ടി വാങ്ങുന്ന ഭീമമായ "നിർബന്ധിത സംഭാവനകൾ". സീറോമലബാർ സഭയുടെ കാലംചെയ്ത ശ്രേഷ്ഠ മെത്രാപ്പോലീത്തമാർ വർക്കിവിതയത്തിൽ ഇതു



തെറ്റാണെന്നു സമ്മതിക്കുകയും നിർത്താൻ ഉപദേശിക്കുകയും ചെയ്തെങ്കിലും, തിരുത്താനുള്ള തന്റെ കഴിവുകേട് ഏറ്റു പറയുകയാണു ചെയ്തത്. മറ്റു സ്വരങ്ങൾ കാര്യമായി മുഴങ്ങിയുമില്ല. ഇങ്ങനെ “നിർബന്ധിത സംഭാവനകൾ” വാങ്ങുന്ന സ്വാശ്രയ സ്ഥാപനങ്ങൾ അധ്യാപകർക്കും അനധ്യാപക തൊഴിലുകാർക്കും നൽകുന്ന ശമ്പളമോ തീരെ നിസ്സാരവും. അനീതിയുടെ മറ്റൊരു മേഖലയാണ് സ്വകാര്യ ആശുപത്രികൾ. രോഗികളെയും കീഴ്ജീവനക്കാരെയും ഞെക്കിപ്പിഴിഞ്ഞ് ഡോക്ടേഴ്സിനു ബ്ലാക്കിൽ ഭീമമായ ശമ്പളം കൊടുക്കുമ്പോൾ, സമർപ്പിതരായ സിസ്റ്റേഴ്സിനും നേഴ്സസിനും ഫോർത്തുഗ്രേഡ് ജീവനക്കാർക്കും കൊടുക്കുന്നതോ അനുദിന ജീവിതാവശ്യങ്ങൾക്കുപോലും തികയാത്ത തുച്ഛമായ ശമ്പളവും. നേഴ്സുമാർ ഈ അനീതിക്കെതിരെ സംഘടിക്കുകയും സമരം തുടങ്ങുകയും ചെയ്തപ്പോൾ, “കത്തോലിക്കാ സഭ നേഴ്സുമാരുടെ സമരത്തിനെതിരേ” എന്ന വലിയ തലക്കെട്ടുകൾ റ്റി.വി. ചാനലുകളിൽ തെളിയുകയുണ്ടായി. നേഴ്സുമാരുടെ സമരത്തിനെതിരെ അച്ചന്മാർ നയിക്കുന്ന സമരജാഥകളും റ്റിവിയിൽ കണ്ടു. ഇതു സത്യത്തിന്റെയും മനഃസാക്ഷിയുടെയും സ്വരമോ?

ഈയിടെവന്ന വാർത്തയാണല്ലോ കമ്യൂണിസ്റ്റുകാർ സംസ്ഥാന സമ്മേളനത്തിനു വേദികളിൽ മാർക്സിനോടും ചെഗുവേരയോടുമൊപ്പം യേശുവിന്റെയും പടം വെച്ചതും അവിടുത്തെ വിപ്ലവകാരിയായി ചിത്രീകരിച്ചതും. ക്രൈസ്തവരെ കമ്യൂണിസത്തിലേക്ക് ആകർഷിക്കാനും അവരുടെ വോട്ടിൽ നോട്ടമിട്ടുമാണ് അവർ ഇതു ചെയ്തെന്നു വ്യക്തം. ഇതു മനസ്സിലാക്കിയ മറ്റു പാർട്ടിക്കാർ കമ്യൂണിസ്റ്റുകാർ യേശുവിനെ അവഹേളിച്ചുവെന്നു പ്രചരണം നടത്തി ബഹളമുണ്ടാക്കിയതു മനസ്സിലാക്കാൻ കഴിയും. പക്ഷേ, ക്രിസ്തു വിപ്ലവകാരിയെന്നു പറഞ്ഞതിനു ക്രൈസ്തവനേതാക്കൾ പ്രതിഷേധിക്കേണ്ടയാവശ്യമുണ്ടോ? അന്നത്തെ അനീതി നിറഞ്ഞ സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ അവിടുന്ന് ശക്തമായി പ്രതികരിച്ചുവെന്നതു ശരിയല്ലേ? കമ്യൂണിസ്റ്റുകാർ ആദരിക്കുന്ന മാർക്സിനോടും ചെഗുവേരയോടുമൊപ്പം യേശുവിനെ കാണിച്ചത് അവഹേളനമാണോ? അതിനെതിരെ ജാഥകൾ നയിക്കേണ്ടയാവശ്യമുണ്ടോ? പകരം കമ്യൂണിസം ഈശ്വര വിശ്വാസത്തിനെതിരാണെന്ന പരമാർത്ഥം തുറന്നു കാണിക്കയല്ലേ വേണ്ടത്?

ഇങ്ങനെയെല്ലാം ചെയ്യണമെങ്കിൽ, സഭ പാർട്ടി രാഷ്ട്രീയത്തിന് അതീതമായി സത്യവും നീതിയും പുലരണമെന്ന അദമ്യമായ ആഗ്രഹത്തോടെ ചിന്തിക്കുകയും, യേശു ചെയ്തതുപോലെ ജാതിമത വർണ്ണ വർഗ്ഗവ്യത്യാസമില്ലാതെ എല്ലാ മനുഷ്യരുടെയും സുരക്ഷയും സൗഭാഗ്യവും സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയുമെന്നല്ല, സഭയുടെ അസ്തിത്വത്തിന്റെ തന്നെ ഏകലക്ഷ്യമായി കാണുകയും വേണം. അങ്ങനെ ചെയ്യുമ്പോൾ, കേരളസഭയുടെ സ്വരം മനുഷ്യമനഃസാക്ഷിയുടെ സ്വരമായി മാറും. സഭ പറയുന്നത് എല്ലാവരും അപ്പാടെ സ്വീകരിച്ചില്ലെങ്കിലും, ക്രമേണ സഭയുടെ സ്വരം സത്യത്തിന്റെയും നീതിയുടെയും സ്വരമായി മനുഷ്യർ മനസ്സിലാക്കും. അതായിരിക്കും യേശുവിനുള്ള സഭയുടെ സാക്ഷ്യവും. ■

www.malankaralibrary.com



# ദീപവും ദീപപീഠവും

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

ഒരു പാർട്ടിയുടെയും പ്രസ്ഥാനത്തിന്റെയും ഭാഗമല്ലാതിരുന്നിട്ടും എങ്ങനെയാണ് അഴീക്കോട് മാഷ് ഇത്രയധികം പൊതുജനസമ്മതി നേടിയെടുത്തത്? അദ്ദേഹത്തിന്റെ ജീവിതവിജയത്തിന്റെ രഹസ്യമെന്തായിരുന്നു? ഒരു അന്വേഷണം

സുകുമാർ അഴീക്കോട് (1926-2012) മടങ്ങിപ്പോയി. 2012 ജനുവരി 24-നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. സാംസ്കാരിക കേരളം ഒന്നടങ്കം എഴുന്നേറ്റുനിന്ന് പ്രണാമമർപ്പിച്ച് അദ്ദേഹത്തെ യാത്രയാക്കി. ഒരു പ്രസ്ഥാനത്തിന്റെയും പാർട്ടിയുടെയും സ്വന്തമല്ലാതിരുന്ന ഈ മനുഷ്യന് എന്തുകൊണ്ടായിരിക്കണം സമാനതകളില്ലാത്ത രീതിയിൽ കേരളീയ സമൂഹം ആദരമർപ്പിച്ചത്? തനി രാഷ്ട്രീയക്കാരല്ലാത്തവരെ കാര്യമായി വകവച്ചുകൊടുക്കാത്ത കേരളീയസമൂഹത്തിന്റെ സാംസ്കാരിക ഹുങ്കിനെ എങ്ങനെയാണ് അദ്ദേഹം മറികടന്നത്? അദ്ദേഹത്തെപ്പോലെയുള്ള നലംതികഞ്ഞ പ്രസംഗകരും അദ്ദേഹത്തേക്കാൾ ഉന്നതരായ സാഹിത്യകാരന്മാരും നിരൂപകരും ശ്രേഷ്ഠഗുരുക്കന്മാരും നേടാത്ത പൊതുജനസമ്മതി അദ്ദേഹം എങ്ങനെ സ്വന്തമാക്കിയെന്ന് നാം അന്വേഷിക്കുന്നത് നല്ലതാണ്.

അഴീക്കോട് മാഷിന് കിട്ടിയ പൊതുജനസ്വീകാര്യതയെ വേണമെങ്കിൽ നമുക്ക് നിസ്സാരമായി തള്ളിക്കളയാം. തീവണ്ടികേറി ചേരപ്പാമ്പ് ചത്താലും അതൊരു വാർത്താസംഭവമാക്കിക്കളയുന്ന ദൃശ്യമാദ്ധ്യമങ്ങളാണിവിടെയുള്ളത്. അഴീക്കോടിനെപ്പോലെ സുപ്രസിദ്ധനായ ഒരാളുടെ മരണം അവർ ശരിക്കൊന്നു ആഘോഷിച്ചു. രാഷ്ട്രീയ ചേരികളോട് തരാതരംപോലെ ആശയച്ചായ്വ് കാണിച്ചിരുന്ന ഒരാളെ കോൺഗ്രസ്സിനോ കമ്യൂണിസ്റ്റുകാർക്കോ തള്ളിക്കളയാനാവില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ വിയോഗം പാർട്ടി കൂട്ടായ്മകളിൽ തരംഗങ്ങളുണ്ടാക്കി. പ്രസംഗങ്ങളിലെ എരിവും പുളിയുമുള്ള പ്രയോഗങ്ങളും പലതരം വിവാദങ്ങളും സംഭാവനചെയ്ത് അച്ചടി മാദ്ധ്യമങ്ങളുടെ ഇഷ്ടതാരമായിരുന്നു അഴീക്കോട് മാഷ്. അദ്ദേഹത്തിന്റെ വിയോഗം പത്രങ്ങൾ ആരാധനാഭാവത്തോടെ വായനാവിഭവമാക്കി. ഇത്തരം ന്യൂനോക്തികളിലൂടെ അഴീക്കോടുമാഷിന് കിട്ടിയ സ്വീകാര്യതയെ നമുക്ക് ചെറുതാക്കിക്കാണാം. പക്ഷേ അത് പൂർണ്ണമായും സത്യസന്ധമായ നിലപാടായിരിക്കുകയില്ല.

## വാഗ്ശുശ്രൂഷ

സുകുമാർ അഴീക്കോട് കേരളീയ സമൂഹത്തിൽ നേടിയ അസാധാരണമായ ജനശ്രദ്ധക്ക് പൊതുവേ പറയാവുന്ന കാരണങ്ങൾ പലതുണ്ട്. അതെല്ലാം വാക്കുകളെ ചുറ്റിപ്പറ്റിയാണെന്നതാണ് ശ്രദ്ധേയം. സാഹിത്യത്തിലും പ്രസംഗകലയിലും അദ്ധ്യാപനത്തിലും ഓജസ്സുള്ള വാക്കുൾകൊണ്ട് അദ്ദേഹം പോരാടി. ശരിക്കും വാക്കിന്റെ തളർച്ചയറിയാത്ത ഭടൻതന്നെ. വാക്കിന്റെ മൂന്നാം കര കണ്ടവനെപ്പോലെ അദ്ദേഹം പ്രസംഗവേദികളിൽ നിറഞ്ഞു. കേരളത്തിൽ

www.malankaralibrary.com



ഇത്രയധികംപേർ കേട്ടിട്ടുള്ള ഒരു പ്രസംഗകനില്ല. വാഗ്ഭടാനന്ദനും മഹാത്മാഗാന്ധിയുമായിരുന്നു അദ്ദേഹത്തിന്റെ ചിന്തയെ പ്രകാശിപ്പിച്ചിരുന്ന രണ്ടു തേജോപുഞ്ജങ്ങൾ. ഗാന്ധിസവും വേദങ്ങളും സാഹിത്യചിന്തയും അടങ്ങുന്ന വിജ്ഞാനഭണ്ഡാഗാരത്തെ ജനകീയമാക്കി പ്രസംഗപീഠങ്ങളിൽ നിന്ന് ആൾക്കൂട്ടത്തിലേക്ക് അദ്ദേഹം കെട്ടഴിച്ചുവിട്ടു. ഇതിനിടെ യാതൊരു ദാക്ഷിണ്യവുമില്ലാതെ അദ്ദേഹം സാമൂഹികവിമർശനവും നടത്തി.

വാക്കുകളുടെ ആയുധപ്രയോഗം തുടർന്നപ്പോൾ ചിലപ്പോഴെങ്കിലും ചോരവീണു. അഴീക്കോടിന്റെ വാക്കുകൾ മറ്റുള്ളവരെ മുറിപ്പെടുത്തിയ സന്ദർഭങ്ങൾ കുറവല്ലായിരുന്നു. ചില നേരങ്ങളിൽ സ്വന്തം വാക്കുകൊണ്ടുതന്നെ മുറിവേറ്റവനായി അദ്ദേഹം നിന്നു. അദ്ദേഹത്തെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളും മാനനഷ്ട ക്കേസുകളും ഇടക്കിടെ വാർത്തകളായി. മാറിമാറി വരുന്ന സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ അദ്ദേഹം തീവ്രതയോടെ പ്രകടിപ്പിച്ചിരുന്നു. ക്ഷോഭം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്ക് ഉർജ്ജംകൊടുത്തതുപോലെയും തോന്നിപ്പിച്ചു. ക്രിസ്തീയ സമൂഹങ്ങളെയും അദ്ദേഹം കടുത്ത വിമർശനങ്ങൾക്ക് വിധേയനാക്കി. പഴയ കോൺഗ്രസ്സുകാരനായിരുന്ന അഴീക്കോടുമാഷ് പിന്നീട് പലപ്പോഴും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ വക്കാലത്തെടുത്തു എന്ന ആക്ഷേപവുമുണ്ടായി. ഇത്തരത്തിലൊക്കെ തർക്കത്തിന്റെ അടയാളമായി മാറിയ ഈ മനുഷ്യനെ എന്തുകൊണ്ട് സാംസ്കാരിക കേരളം ആദരപൂർവ്വം നോക്കിക്കണ്ടു എന്നതാണ് അന്വേഷണാർഹം.

## ധർമ്മഭടൻ

സുകുമാർ അഴീക്കോടിന്റെ സ്വീകാര്യതയുടെ മുഖ്യ കാരണം അദ്ദേഹത്തിന്റെ ജനകീയ ഇടപെടലിന്റെ നിലക്കാത്ത മാദ്ധ്യമമായിരുന്ന പ്രസംഗങ്ങളിൽ നാം തിരയണം. അദ്ദേഹത്തിന്റെ പ്രസംഗവിഷയം എന്തുതന്നെയായിരുന്നാലും അതിലെ സ്ഥിരം അടിയൊഴുക്കായിരുന്നു ധർമ്മചിന്ത. പ്ലാച്ചിമട സമരം, സൈലന്റ് വാലി, വിദ്യാഭ്യാസം, രാഷ്ട്രീയക്കൊലപാതകം തുടങ്ങി വിഷയം എന്തുതന്നെയായാലും അദ്ദേഹത്തിന്റെ യുക്തി ആത്യന്തികമായി ധർമ്മചിന്തയുടേതായിരുന്നു. ഈ ഉദ്യമത്തിൽ അദ്ദേഹത്തിന്റെ നിഗമനങ്ങൾ തെറ്റിയിട്ടുണ്ടാകാം; പക്ഷപാതിത്വം മുന്നിൽ കയറിയിട്ടുണ്ടാവാം; ചിലപ്പോൾ അതിവൈകാരികത കാണിച്ചിട്ടുണ്ടാവാം. അദ്ദേഹത്തിന്റെ നിഗമനങ്ങളേക്കാൾ, ന്യായാന്യായങ്ങൾ ആധാരമാക്കി പൊതുസമൂഹത്തിൽ സംസാരിക്കുന്നയാൾ എന്ന നിലക്കാണ് കേരളം അദ്ദേഹത്തെ ആദരിച്ചത്. ഈയർത്ഥത്തിൽ രാഷ്ട്രീയവും മതപരവുമായ സംഘ ബോധത്തിനുപരിയായി പൊതുധാർമ്മിക സ്വരമായി മാറാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അഴീക്കോട് മാഷിന് സമൂഹം കല്പിച്ചുകൊടുത്ത ധർമ്മഭടന്റെ സ്ഥാനം വെളിവാക്കുന്ന ഒരു കാര്യമുണ്ട്. ധർമ്മചിന്തക്ക് ഇക്കാലത്തും നല്ല വിലയുണ്ട്. ധർമ്മത്തിന്റെ പക്ഷത്തുനിൽക്കാൻ മനുഷ്യരുണ്ട്. ശബ്ദമില്ലാത്തവർക്കുവേണ്ടി ശബ്ദിക്കുന്നവർക്ക് കൈയ്യടി

www.malankaralibrary.com

ക്കാൻ ആളുണ്ട്. ധർമ്മത്തിന്റെയും നീതിയുടേയും നിലപാടുകൾക്ക് കക്ഷിഭേദത്തെ തോൽപ്പിക്കുന്ന സ്വീകാര്യതയുണ്ട്. കോൺഗ്രസ്സുകാരനായ എ. കെ. ആന്റണിക്ക് രാഷ്ട്രീയാതീതമായി കിട്ടിയിട്ടുള്ള അംഗീകാരം അദ്ദേഹത്തിന്റെ ഭരണമികവിനല്ല; ധാർമ്മികമായ നിലപാടുകൾക്കാണെന്ന് നമുക്കറിയാം. കെ. കരുണാകരന് എതിരെ പ്രതിഷ്ഠിച്ച് മാദ്ധ്യമങ്ങൾ അദ്ദേഹത്തിന്റെ പ്രതിച്ഛായയുടെ തിളക്കം കൂട്ടുകയും ചെയ്തു എന്നത് വേറെ കാര്യം. ഇടതുപക്ഷത്ത് വി. എസ്. അച്യുതാനന്ദന് കിട്ടിയ ജനകീയസ്വീകാര്യതയുടെ മുഖ്യകാരണം അദ്ദേഹം ധർമ്മപക്ഷത്തുനിൽക്കുന്നു

> കോൺഗ്രസ്സുകാരനായ എ. കെ. ആന്റണിക്ക് രാഷ്ട്രീയാതീതമായി കിട്ടിയിട്ടുള്ള അംഗീകാരം അദ്ദേഹത്തിന്റെ ഭരണമികവിനല്ല; ധാർമ്മികമായ നിലപാടുകൾക്കാണ്.

എന്ന പ്രതിച്ഛായ തന്നെയാണ്. പാർട്ടിക്കകത്തുള്ളവരും പുറത്തുള്ളവരും അദ്ദേഹത്തിന്റെ ധർമ്മിഷ്ഠതയെ ചോദ്യം ചെയ്യുന്നുണ്ട്. എങ്കിലും തർക്കവിഷയം ധർമ്മബോധംതന്നെ എന്നതാണ് ശ്രദ്ധേയം.

ധാർമ്മികസ്വരത്തിന് സമൂഹം കാതോർക്കുന്നു; അത് ഏത് മൂലയിൽനിന്ന് വന്നാലും. ധർമ്മത്തിന്റെ പ്രവാചകന്മാർക്ക് എക്കാലത്തും മഹിമയുടെ ഇരിപ്പിടങ്ങൾ നീട്ടിക്കൊടുക്കാൻ സമൂഹം തയാറാണ്. ഈശോ പറഞ്ഞു, ദീപം കൊളുത്തി ദീപപീഠത്തിന്മേലാണ് വക്കേണ്ടത്, പറയുടെ അടിയിലല്ല (മത്താ. 5: 15). ധർമ്മത്തിന്റെ ഒരു വാഗ്ഭടനെ അഴീക്കോടു മാഷിൽ സമൂഹം കണ്ടപ്പോൾ അവർ അദ്ദേഹത്തെ കേരളീയ സമൂഹത്തിന്റെ ദീപപീഠത്തിൽ പ്രതിഷ്ഠിച്ചു. അത്രയേയുള്ളൂ. മതരംഗത്തും രാഷ്ട്രീയത്തിലും പൊതുസമൂഹത്തിലും ഒഴിഞ്ഞ ദീപപീഠങ്ങൾ ബാക്കിയാവുന്നു; കളങ്കമില്ലാത്ത വാക്കുകൾകൊണ്ട് ധർമ്മത്തിന്റെ ദീപം തെളിക്കുന്നവരേയും വാക്കിനൊത്ത പ്രവൃത്തികൾ കൊണ്ട് സ്വയം ദീപമാകുന്നവരേയും കാലം കാത്തിരിക്കുന്നു.

## രമ്യതയുടെ സുവിശേഷം

സുകുമാർ അഴീക്കോടിന്റെ അവസാനത്തെ ആശുപത്രിവാസം അദ്ദേഹത്തിന്റെ അസുഖം ഭേദമാക്കിയില്ല. പക്ഷേ അദ്ദേഹത്തിന്റെ ചിരകാല സുഹൃത്തുക്കളും ദീർഘകാല എതിരാളികളും അദ്ദേഹത്തെ കാണാനെത്തി. എതിർപ്പിന്റെ ആയുധങ്ങൾ താഴെയിട്ട് എല്ലാവർക്കുനേരെയും അദ്ദേഹം സൗഹൃദത്തിന്റെ കൈനീട്ടി. അപ്പോളവിടെ രമ്യതയുടെ സുവിശേഷം നിശബ്ദം പ്രസംഗിക്കപ്പെട്ടു. അനുരഞ്ജനത്തിന്റെ മിഴിവുറ്റ സന്ദേശം സമൂഹമദ്ധ്യേ ജീവിച്ചു കാണിച്ചുകാണിക്കുകവഴി അഴീക്കോടുമാഷും അതിലുപരി അദ്ദേഹത്തെ കണ്ടുവന്ദിക്കാനെത്തിയ പഴയ എതിരാളികളും ആദരണീയരായി. താൻപോരിമയോടെ പോരടിച്ചിരുന്നവരും പരസ്പരം ഒഴിവാക്കിയിരുന്നവരും ലോകംകാൺകെ ഇങ്ങനെ രമ്യതപ്പെട്ട് ലോഹ്യത്തിലായത് കേരളീയ സമൂഹത്തിൽ ആദ്യ സംഭവമായിരിക്കണം. ശക്തമായ ഒരു മൂല്യസംസ്ഥാപനമാണവിടെ നടന്നത്. അഴീക്കോടിന്റെ ആസന്നമായ മരണം ശത്രുതകളെ തോല്പിച്ചു; സനാതന മൂല്യമായ സ്നേഹത്തെ പുന:പ്രതിഷ്ഠിച്ചു.

## നന്മയുടെ പൊതുപ്രകാശം

അഴീക്കോടുമാഷ് വാഴ്ത്തപ്പെട്ടവനാണെന്ന് പറയുകയോ അദ്ദേഹത്തിന്റെ ചരമോപചാര പ്രസംഗമോ അല്ല ഈ കുറിപ്പിന്റെ ലക്ഷ്യം. നന്മയുടെ കതിരുകൾ എവിടെക്കണ്ടാലും അംഗീകരിക്കുന്നതാണ് ക്രിസ്തീയ പാരമ്പര്യം. വിജ്ഞാനിയായ സോളമൻ രാജാവിനെ തേടിയെത്തിയ വിജാതീയയായ ഷേബാ രാജ്ഞിയെ പുകഴ്ത്തിയ ഈശോ നമ്മുടെ മുന്നിലുണ്ട് (ലൂക്ക 11: 31). മഹാത്മാഗാന്ധിക്കും മദർ തെരേസക്കും ദയാബായിക്കും കിട്ടിയ പൊതുസമ്മതി അവരിലെ നന്മയുടെ കിരണങ്ങൾ ജാതി–മത വ്യത്യാസങ്ങൾക്കതീതമായി പൊതുസമൂഹം അംഗീകരിച്ചതുകൊണ്ടാണ്. ഏകദേശം പതിനാറായിരത്തോളം പ്രസംഗങ്ങളും അനവധി രചനകളുംവഴി കേരളം മുഴുവൻ അഴീക്കോടുമാഷ് സ്വന്തം തട്ടകമാക്കി. സ്വന്തമായ നമ്മുടെ ഇത്തിരിവട്ടങ്ങളിൽ ധർമ്മത്തിന്റെയും നന്മയുടെയും ദീപം തെളിക്കാൻ നമുക്ക് കഴിയും, ജീവിതത്തിൽ ഒരു പ്രസംഗംപോലും പറഞ്ഞിട്ടില്ലെങ്കിൽക്കൂടിയും. ദീപപീഠങ്ങൾ ദീപം തേടിക്കൊണ്ടിരിക്കുന്നു. ■

www.malankaralibrary.com



# ശിഥിലീകരണ വ്യായാമം

ഫാ. സൈജു തുരുത്തിയിൽ M.Sc. (Yoga), PG Diploma in Yoga Therapy
*ദിവ്യകാരുണ്യ ആശ്രമം, ക്രൈസ്റ്റ് യോഗ റിട്രീറ്റ് സെന്റർ, താന്നിപ്പുഴ, കാലടി: 9447913526*

ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുമുള്ള പരിശ്രമമാണ് ഈ പംക്തി.

കഴിഞ്ഞ ലക്കങ്ങളിലെ പരിശീലനങ്ങൾ കൃത്യമായി പൂർത്തിയാക്കിയവർക്ക് യോഗയുടെ അടുത്ത സ്റ്റേജിലേക്ക് പ്രവേശിക്കാവുന്നതാണ്. ആദ്യം മുതൽ കൃത്യത പുലർത്തി ചെയ്യുന്നവർക്ക് മാത്രമേ ബുദ്ധിമുട്ട് കൂടാതെ മുന്നോട്ടു ചെയ്തു പോകാനാവൂ. Physical fitness ഉള്ളവരല്ല യോഗ പരിശീലിക്കേണ്ടത്; Physical fitness ലഭിക്കാൻ വേണ്ടിയാണ് യോഗ. ആയതിനാൽ മുൻവിധികൾ കൂടാതെ എല്ലാവർക്കും ഒരുപോലെ പരിശീലിക്കാൻ കഴിയണം യോഗയെന്ന ഈ ആത്മീയ സാധന. ലോകസുഖങ്ങളും, വിജയങ്ങളും നോക്കി മുന്നോട്ടു പായുന്ന മനുഷ്യൻ മറക്കുന്നത് അവന്റെ ശാരീരിക ആരോഗ്യത്തെയും, ഓർക്കുന്നത് ശരീര സുഖത്തെയുമാണ്. ഫലമോ ശാരീരികവും മാനസികവുമായ ഒട്ടനവധി അസ്വസ്ഥതകൾ!

ശാരീരിക പരിശീലനംകൊണ്ട് മാത്രം പൂർത്തിയാകുന്ന ഒന്നല്ല യോഗ-സാധന. ഒരു യോഗി അശ്രദ്ധനാകുകയോ, ലോകഗതിയുടെ സ്വാധീനത്തിൽപ്പെടുകയോ ചെയ്താൽ, പ്രലോഭനങ്ങൾക്കടിമപ്പെട്ട് അയാൾ അറിയാതെ തന്നെ തന്റെ ആദർശങ്ങളിൽ നിന്ന് അകന്ന് പോകും.

ജീവിതത്തിന്റെ ലക്ഷ്യമെന്നത്, രോഗശാന്തിയോ, ചില സിദ്ധികളോ, കഴിവുകളോ അല്ല. വിമോചനമാണ് (ലൂക്കാ 4:18). ഈ വിമോചനം നേടുന്നതിനായി യോഗയിലൂടെ ശരീരത്തെ ക്രമപ്പെടുത്തി ക്രിസ്തുവിലേക്ക് വരികയാണ് ഒരു ക്രിസ്തുവിശ്വാസി ചെയ്യേണ്ടത്. സിദ്ധികളും, മറ്റ് ചില കഴിവുകളും നേടണമെന്ന പ്രലോഭനം യോഗ പരിശീലിക്കുന്നവനുണ്ടാകുന്നുവെങ്കിൽ, അതയാളുടെ മുന്നോട്ടുള്ള പുരോഗതിയെ തടയുകയും-വഴി തെറ്റിക്കുകയും ചെയ്യും.

ലോകത്ത് നാലു വിഭാഗം മനുഷ്യരുണ്ട്. 1. കർമ്മത്തിൽ വിശ്വസിക്കുന്നവർ; 2. ഈശ്വരനിൽ വിശ്വസിക്കുന്നവർ; 3. ആത്മശക്തികൊണ്ട് ധ്യാനം അഭ്യസിക്കുന്നവർ; 4. ആഴമുള്ള ചിന്തകന്മാർ.

ഈ ഓരോ തരത്തിലും പെട്ട ആത്മീയ അഭ്യാസകർക്ക് യോജിച്ചതായ മാർഗ്ഗങ്ങൾ ഋഷിമാർ നിർദ്ദേശിച്ചിട്ടുണ്ട്: കർമ്മയോഗം, ഭക്തിയോഗം, രാജയോഗം, ജ്ഞാനയോഗം എന്നിവയാണവ.

രാജയോഗത്തിൽ 'അഷ്ടാംഗയോഗ' എന്നറിയപ്പെടുന്ന എട്ടു തരം മാർഗ്ഗങ്ങൾ പതഞ്ജലി മഹർഷി നിർദ്ദേശിച്ചിട്ടുണ്ട്. അതായത്, യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ.

യമം നിയമം എന്നിവ ധാർമ്മിക ശക്തിയും; ആസനം, പ്രാണായാമം എന്നിവ ശാരീരിക പൂർണതയും നൽകുന്നു. പ്രത്യാഹാരം, ധാരണ എന്നിവ മനസ്സിനെ ശക്തിപ്പെടുത്തുന്നു. ധ്യാനം ആത്മീയ പുരോഗതിയിലേക്കും സമാധി ആത്മസാക്ഷാത്കാരത്തിലേക്കും ഒരുവനെ വഴിനടത്തുന്നു. ഇതിന്റെ വിശദാംശങ്ങൾ അടുത്ത ലക്കത്തിൽ നമുക്കു കാണാം.

കഴിഞ്ഞ പ്രാവശ്യം നാം ചെയ്തു നിർത്തിയത് Twisting ആണ്. ഇത്തവണ പരിശീലിക്കുന്നത് Jogging. നിന്നുകൊണ്ട് ചെയ്യേണ്ട ഒരു പരിശീലന

www.malankaralibrary.com

മാണിത്. നാല് സ്റ്റേജുകളിലായാണ് ഈ പരിശീലനം.

## Stage 1- Slow Jogging



ചിത്രം–1

*ചെയ്യേണ്ടവിധം:*

- തള്ളവിരൽ അകത്താക്കി കൈ വിരലുകൾ മടക്കി രണ്ട് കൈപ്പത്തിയും ഹൃദയഭാഗത്ത് വയ്ക്കുക.
- കൈയുരങ്ങൾ നന്നായി അയവുള്ളതാക്കുക.
- കാൽ വിരലുകളിൽ കുത്തി jogging തുടങ്ങുക. 25 പ്രാവശ്യം slow jogging ചെയ്യുക (ചിത്രം 1) മുന്നോട്ടു പോകുന്നതിനനുസരിച്ച് ഇത് 100 പ്രാവശ്യംവരെ ചെയ്യേണ്ടതാണ്.
- ശ്വാസോച്ഛ്വാസം സാധാരണ ഗതിയിലായിരിക്കണം.

## Stage 2- Backward Jogging

*ചെയ്യേണ്ടവിധം:*

- ആദ്യ പരിശീലനത്തിലെന്ന പോലെ രണ്ടു കൈപ്പത്തിയും ഹൃദയഭാഗത്ത് ചുരുട്ടി വയ്ക്കുക.
- അൽപം മുമ്പോട്ട് കുനിഞ്ഞ് ജോഗ്ഗിങിന്റെ സ്പീഡ് കൂട്ടുക.
- ഒപ്പം, കാലിന്റെ ഉപ്പൂറ്റി buttocksൽ മുട്ടത്തക്കവിധം രണ്ടുകാലുകളും പുറകോട്ട് മടക്കി ജോഗ് ചെയ്യുക (ചിത്രം 2).
- പരമാവധി സ്പീഡിൽ 25 പ്രാവശ്യമെങ്കിലും ചെയ്യുക.
- സാവധാനം സ്പീഡ് കുറയ്ക്കുക.
- അതിനുശേഷം വീണ്ടും സ്ലോ ജോഗിങ്ങിലേക്ക് വരിക.
- അത് സാവകാശം ചെയ്തുകൊണ്ടിരിക്കുക. പരിശീലനം നിർത്തരുത്.



ചിത്രം–2

## Stage 3- Forward Jogging



ചിത്രം–3

*ചെയ്യേണ്ടവിധം:*

- കൈകൾ ഹൃദയഭാഗത്ത് തന്നെ വയ്ക്കണം.
- അൽപം പുറകോട്ട് വളഞ്ഞ് നിൽക്കണം.

കാലിന്റെ മുട്ട് ഹൃദയഭാഗത്ത് വരെ ഉയർത്തി, ചാടുക (ചിത്രം 3).

- പരമാവധി സ്പീഡിൽ ചെയ്യുക; 25 പ്രാവശ്യം .
- സാവകാശം സ്പീഡ് കുറച്ച്, സ്ലോ ജോഗ്ഗിങ്ങിലേക്ക് വരിക.
- സ്ലോ ജോഗിങ് ചെയ്തുകൊണ്ട് നാലാമത്തെ സ്റ്റേജിനായിട്ട് ഒരുങ്ങുക.

## Stage 4- Side Jogging

*ചെയ്യേണ്ടവിധം:*

- കൈകൾ ഹൃദയഭാഗത്ത് തന്നെ വയ്ക്കുക.
- രണ്ട് വശങ്ങളിലേക്കും കാലിന്റെ ഉപ്പൂറ്റി തിരിച്ച് പിടിച്ച് ചാടുക (ചിത്രം 4).
- സ്പീഡ് കൂടുന്നതിനനുസരിച്ച് കൈമുട്ടുകളുടെ അടുത്തേക്ക് കാലിന്റെ ഉപ്പൂറ്റി ഉയരണം.
- 25 പ്രാവശ്യം ചെയ്തതിനുശേഷം സാവകാശം സ്ലോ ജോഗിങ്ങിലേക്ക് വരിക. 15 പ്രാവശ്യമെങ്കിലും സ്ലോ ജോഗിങ് ചെയ്തതിനുശേഷം പരിശീലനം അവസാനിപ്പിക്കാം.

ഈ നാല് സ്റ്റേജുകളും തുടർച്ചയായി ചെയ്യേണ്ടതാണ്.



ചിത്രം–4

www.malankaralibrary.com

ഈ നാല് പരിശീലനം കഴിയുമ്പോ ഴേക്കും നമ്മൾ നന്നായിട്ട് കിതക്കും. ശരീരം നന്നായി ചൂടാകും. ഉടനെ തന്നെ ചെയ്യേണ്ട ഒരു പ്രധാന പരിശീലനമാണ് മുഖഭൗതി.

- ചിത്രം 5ൽ കാണുന്നതുപോലെ, രണ്ടു കാലുകളും അകത്തി വയ്ക്കുക. മുന്നോട്ട് കുനിഞ്ഞ് രണ്ട് കൈപ്പത്തികളും കാലിന്റെ മുട്ടുകളിൽ വയ്ക്കുക. കൈമുട്ട് മടങ്ങരുത്.
- ശ്വാസം മൂക്കിലൂടെ ഉള്ളിലേക്ക് എടുക്കുക, വായിലൂടെ ശക്തിയായി അത് പുറത്ത് വിടുക. മടുപ്പും ക്ഷീണവും പെട്ടെന്ന് മാറും.
- അതിനുശേഷം സാവകാശം നിവർന്ന് നിൽ ക്കുക, വിശ്രമിക്കുക.



ചിത്രം–5

*ശ്രദ്ധിക്കുക:* നടുവിന് വേദനയുള്ളവരും, High B.Pയുള്ളവരും, ഉദര സംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞവരും ഈ പരിശീലനങ്ങൾ ചെയ്യാൻ പാടില്ല.

ശരീരത്തെ പെട്ടെന്ന് ചൂടുപിടിപ്പിക്കുകയും അതോടൊപ്പം അയവുള്ളതാക്കുകയും ചെയ്യുന്ന പരിശീലനമാണിത്. വയറ് കുറയുന്നതിനുള്ള നല്ല പരിശീലനമാണിത്. ഭക്ഷണം കഴിഞ്ഞ് 3 മണിക്കൂർ എങ്കിലും കഴിയാതെ ഇത് പരിശീലിക്കാൻ പാടില്ല. ഹൃദയസംബന്ധമായ ഒരു തകരാറും വരാതെ ഒരുവനെ സംരക്ഷിക്കുന്ന പരിശീലനമാണിത്. അറ്റാക്ക് വന്നവർ ഇത് പരിശീലിക്കാൻ പാടില്ല. ശരീരത്തിലെ കൊളസ്ട്രോളിന്റെയും കൊഴുപ്പിന്റെയും അളവിനെ ഈ പരിശീലനം കൃത്യമായി ക്രമീകരിക്കും. abdominal region അയവുള്ളതായി മാറും. രാവിലെയും വൈകുന്നേരവും കൃത്യമായി പരിശീലിച്ചാൽ ശരീരഭാരം നല്ലതുപോലെ കുറക്കാൻ കഴിയും. അലസത കൂടാതെ പരിശീലിക്കുക. കാരണം യോഗാ ജീവിതക്രമം പരിശീലനത്തിലൂടെ മാത്രം നേടിയെടുക്കേണ്ടതാണ്. ■

*......പേജ് 24-ൽ നിന്ന് തുടർച്ച*

നമ്മുടെ വിശ്വാസജീവിതത്തിലും സാമൂഹ്യജീവിതത്തിന്റെ വ്യത്യസ്ത ഇടങ്ങളിലും അങ്ങേയറ്റം പ്രസക്തമാണ്. ആൺകോയ്മയുടെ അക്രമാത്മക നിലകളും അന്യവൽക്കരണങ്ങളും ചൂഷണങ്ങളും പ്രസക്തമായ ഓരോ ഇടങ്ങളിലും ഇടപെടാൻ ഇതു നമ്മെ പ്രേരിപ്പിക്കുന്നു.

മണൽ ഖനനങ്ങളും മലതകർക്കലും തുരക്കലും ആർഭാടങ്ങളും ആഘോഷങ്ങളുമായ ഭക്തിയും, ലൈംഗിക ചൂഷണങ്ങളും കലാപങ്ങളും ചീത്തവിളികളും പരസ്പര ഭർത്സനങ്ങളുമൊക്കെ തിരുത്തിവായിക്കാനുള്ള ഒരു സാധ്യതയാണ് പാരിസ്ഥിതിക സ്ത്രീവാദം. നമ്മുടെ ജീവിത ഇടങ്ങളിൽ ഓരോരിടത്തുനിന്നും ഇതിനുള്ള വിളി ഉയരുന്നുണ്ട്. എല്ലാവർക്കുമായി ജീവനെ നൽകാനാണ് യേശുക്രിസ്തു വന്നത്. ജീവന്റെ സംരക്ഷണമെന്നത് കുട്ടികളുടെ എണ്ണം കൂട്ടി സഭയ്ക്കു റൂട്ടുമാർച്ചിനുള്ള ആളെ കൂട്ടുക എന്ന അർത്ഥത്തിലല്ല വായിക്കപ്പെടേണ്ടത്. സൂക്ഷ്മജീവികൾ മുതൽ സകലത്തിന്റെയും ജീവനുപ്രാധാന്യം കൊടുക്കേണ്ടുന്ന മൂല്യവ്യവസ്ഥയെയാണ് ക്രിസ്തീയദർശനത്തിൽ ജീവൻ അടയാളപ്പെടുത്തുന്നത്. അപ്പോൾ മുള്ളും പറക്കാരയും വിളവു തരുന്ന ഭൂമിയെയും വേദനയോടെ പ്രസവിക്കുന്ന സ്ത്രീയെയും ചേർത്തു വച്ച് നാം വീണ്ടുംവായിക്കേണ്ടിയിരിക്കുന്നു. നഷ്ടപ്പെട്ടുപോയ പറുദീസയെന്നത് തിരിച്ചു പിടിക്കേണ്ട ഒന്നാണെന്ന ബോധ്യം പാലിക്കണം. നമ്മിലോരോരുത്തരിലും ദൈവരാജ്യമുണ്ടെന്ന് ക്രിസ്തു പഠിപ്പിക്കുന്നുണ്ടല്ലോ. ആ ദൈവരാജ്യമാണ് സ്ത്രീയും പുരുഷനും പ്രകൃതിയുമെങ്കിൽ സ്വർഗ്ഗം ഇവിടെ പണിയാവുന്നതാണ്. അതിന്, അന്യജാതിക്കാരനെ സ്നേഹിച്ചതിന് (താമാറിന്റെ കഥ) ഒരു കുലത്തെയും അവരുടെ എല്ലാറ്റിനെയും നശിപ്പിച്ച കുലമഹിമയുടെ പാഠങ്ങളിൽ നിന്ന് പുറത്തുവരണം. വയലിന് താമരയുടെയും ആകാശത്തിലെ പറവകളുടെയും മൂല്യം തിരിച്ചറിഞ്ഞ–വിധവയുടെ കൊച്ചുകാശിന് മൂല്യമുണ്ടെന്നു സ്ഥാപിച്ച പ്രതിബോധത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളണം.■

www.malankaralibrary.com



# ഹൈജാക്കു ചെയ്യപ്പെടുന്ന ക്രിസ്തു !

മനുഷ്യപുത്രൻ

കമ്മ്യൂണിസ്റ്റുകാരുടെ സംസ്ഥാനസമ്മേളനങ്ങൾ സമാപിച്ചിരിക്കുന്നു. രണ്ടു സമ്മേളനങ്ങളും ഒരേ സമയം നടന്നുവെന്നത് ഒരപൂർവ്വസംഭവമായിരുന്നു. ഇത്തവണത്തെ സംസ്ഥാന സമ്മേളനങ്ങൾ സമാപിക്കുമ്പോൾ പാർട്ടിക്കാരുടെ ഏറ്റവും വലിയ ചർച്ച 'ഇവന്റ് മാനേജ്മെന്റിനെ' ചുറ്റിപ്പറ്റിയാണ്. സിൻഡിക്കേറ്റ് മാധ്യമങ്ങളോ ശത്രുക്കളോ ഉയർത്തിക്കൊണ്ടുവന്ന ചർച്ചാവിഷയമല്ലിത്. മറിച്ച് രണ്ടു പാർട്ടികളുടെയും തലമൂത്ത നേതാക്കൾ വീറോടെ വാദിക്കുകയും ഖണ്ഡിക്കുകയും ചെയ്യുന്ന വിപ്ലവ പ്രമേയമാണിത്! ക്യാപ്പിറ്റലിസത്തിന്റെ ഉത്തരാധുനിക ഉപോൽപന്നമായ ഇവന്റ് മാനേജ്മെന്റിൽ മാർക്സിസം ചെന്നെത്തിനിൽക്കുന്നുവെന്നതാണ് ഇന്നത്തെ കമ്മ്യൂണിസത്തിന്റെ ഏറ്റവും വലിയ ഗതികേട്.

ഇത് സമ്മേളനം സമാപിക്കുമ്പോഴത്തെ അവസ്ഥ. എന്നാൽ സമ്മേളനം തുടങ്ങിയപ്പോൾ തർക്കവിഷയം ക്രിസ്തുവായിരുന്നു. സമ്മേളന നഗരിയിലെ എക്സിബിഷൻ ഹാളിൽ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കൊപ്പം ക്രിസ്തുവിന്റെ ചിത്രവും നിരത്തി അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ടായിരുന്നു മാർക്സിസ്റ്റുകൾ വെടിക്കെട്ടിന് തിരികൊളുത്തിയത്. തൊട്ടുപുറകെ ഡാവിഞ്ചിയുടെ പരിഷ്ക്കരിച്ച അന്ത്യഅത്താഴ ചിത്രവും ഇറക്കിവിട്ടു.

ക്രിസ്തുവിനെ കമ്മ്യൂണിസ്റ്റാക്കിയാൽ കുറേ ക്രിസ്ത്യാനികളെങ്കിലും കമ്മ്യൂണിസം സ്വീകരിച്ചേക്കുമെന്നത് ലളിതമായ ലോജിക്കാണ്. ഇതായിരിക്കണം പാർട്ടിയിലെ ബുദ്ധിജീവികളെ ഇത്തരമൊരു എക്സിബിഷനു പ്രേരിപ്പിച്ചത്. അതേ ലോജിക്കുകണ്ട് പേടിച്ചാണെന്ന് തോന്നുന്നു സഭയുടെ ബുദ്ധിജീവികൾ കടുത്ത പ്രതിഷേധവും പ്രതിരോധവുമായി രംഗത്തുവന്നത്. ഇതിന്നിടയിൽ യഥാർത്ഥ ക്രിസ്തു ഹൈജാക്കു ചെയ്യപ്പെടുകയായിരുന്നെന്ന സത്യം തിരിച്ചറിയാനും വിളിച്ചുപറയാനും ഇവിടെ ആളില്ലാതെ പോയിയെന്നതാണ് കഷ്ടം!

കമ്മ്യൂണിസ്റ്റു ക്രിസ്തുവും ക്രൈസ്തവ ക്രിസ്തുവും തമ്മിലുള്ള അന്തരം എന്താണ്? ഇതിന് ഉത്തരം പറഞ്ഞാലേ പ്രശ്നത്തിന്റെ മർമ്മത്തിൽ തൊടുവാൻ നമുക്കു കഴിയുകയുള്ളൂ.

രണ്ടുക്രിസ്തുവും തമ്മിലുള്ള അന്തരത്തെ രണ്ട് പ്രധാന കാര്യങ്ങളിലേക്ക് ചുരുക്കാം. ഒന്നാമതായി ക്രൈസ്തവ ക്രിസ്തു വിഭാവനം ചെയ്ത ദൈവരാജ്യം അവന്റെ ദൈവവിശ്വാസത്തിന്റെ ബൈ പ്രോഡക്ടായിരുന്നു. കാരണം, ദൈവത്തെ, പിതാവേ എന്നാണ് യേശു വിളിച്ചത്. ദൈവം പിതാവാണെങ്കിൽ മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളാണ്. പോരാ, പരസ്പരബന്ധത്തിൽ അവർ സഹോദരരുമായിത്തീരുന്നു. അങ്ങനെയെങ്കിൽ പിതൃസ്വത്തിൽ മക്കൾക്കെല്ലാം തുല്യവകാശമാണെന്നും വരുന്നു. കമ്മ്യൂണിസ്റ്റു ക്രിസ്തുവിന്റെ വർഗരഹിത സ്വർഗരാജ്യത്തെ എങ്ങനെ വ്യാഖ്യാനിച്ചു പിടിപ്പിക്കാമെന്നത് മാർക്സിസ്റ്റാചാര്യന്മാർ പറയട്ടെ.

രണ്ടാമത്തെ വ്യത്യാസം ദൈവരാജ്യംകൊണ്ടു വരാനുള്ള മാർഗ്ഗത്തെ ചുറ്റിപ്പറ്റിയാണ്. കമ്മ്യൂണിസ്റ്റു ക്രിസ്തുവിന് വർഗ്ഗസമരവും വിപ്ലവും ചോരയൊഴുക്കുമല്ലാതെ മറ്റൊരു വഴിയുണ്ടാവാൻ തരമില്ലല്ലോ. ക്രൈസ്തവ ക്രിസ്തുവിന്റെ വഴിയും ചോരയുടെയും മരണത്തിന്റെയും തന്നെയാണ്. എന്നാലത് ശത്രുവിന്റെ ചോരയും മരണവുമല്ല; മറിച്ച് തന്റെതന്നെ ആത്മബലിയുടെയും കുരിശുമരണത്തിന്റേതുമാണെന്നു മാത്രം. കുരിശിലെ ആത്മദാനത്തിന് ക്രിസ്തുവിനെ പ്രചോദിപ്പിക്കുന്ന വികാരമോ സ്നേഹവും.

ഒന്നാം നൂറ്റാണ്ടിലെ പാലസ്തീനിയൻ സമൂഹത്തിൽ നിലവിലിരുന്ന അനീതിക്കും വിവേചനത്തിനും ചൂഷണത്തിനുമെതിരെ പ്രതിഷേധിച്ച പ്രവാചകനും വിപ്ലവകാരിയുമായി ക്രിസ്തുവിനെ തിരിച്ചറിയുമ്പോൾ അവന്റെ ദൈവരാജ്യസ്വപ്നത്തിന് പിറകിലുള്ള ദൈവവിശ്വാസവും, അവൻ തിരഞ്ഞെടുത്ത അക്രമരാഹിത്യപാതയും മറക്കാതിരിക്കുക. അല്ലെങ്കിൽ സംഭവിക്കുന്നത് ക്രിസ്തു ഹൈജാക്കു ചെയ്യപ്പെടുകയായിരിക്കും. ■

www.malankaralibrary.com



# കുട്ടികൾക്കും യുവാക്കൾക്കുമുള്ള സമ്മർ ക്യാമ്പുകളും ധ്യാനങ്ങളും

# എമ്മാനുവേൽ 2012

എംസിബിഎസ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവാക്കൾക്കും കുട്ടികൾക്കുമായി തയ്യാറാക്കുന്ന സമ്മർക്യാമ്പുകളും ധ്യാനങ്ങളും.
5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക്.

താല്പ്പര്യമുള്ള വികാരിയച്ചൻമാർ ബന്ധപ്പെടുക:

**ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ**

**Mob: 9539655020/ 9496946065**

## ധ്യാനം

- വ്യക്തിപരമായ പ്രാർത്ഥന-പരിശീലനം
- വി. കുർബ്ബാനാനുഭവം-പരിശീലനം
- സ്വഭാവരൂപവത്ക്കരണം-കുറുക്കുവഴികൾ
- മൂല്യാധിഷ്ഠിത ജീവിതം-നേട്ടങ്ങൾ
- ജീവിതവിജയത്തിന്റെ രഹസ്യങ്ങൾ
- ഭാവിയിൽ ആരായിത്തീരണം
- ആരാധന

## ക്യാമ്പ്

- വ്യക്തിത്വവികസനം
- കഴിവും താല്പ്പര്യങ്ങളും (Tastes & Talents) എങ്ങനെ തിരിച്ചറിയാം?
- ആത്മവിശ്വാസം വർദ്ധിപ്പിക്കാനുള്ള വഴികൾ
- പഠനം എങ്ങനെ രസകരമാക്കാം
- ഏകാഗ്രത വർദ്ധിപ്പിക്കാനുള്ള കുറുക്കുവഴികൾ
- ടീംവർക്കിന്റെ നന്മകൾ
- ജീവിതവിജയത്തിന് പ്രാർത്ഥന

www.malankaralibrary.com

February 2012 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil